പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010–2011)

## മുപ്പത്തിയൊൻപതാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി മാസം 23-ാം തീയതി
സഭയിൽ സമർപ്പിച്ചത്)

തൃശ്ശൂർ കോർപ്പറേഷനേയും തൃശ്ശൂർ ജില്ലയിലെ മുനിസിപ്പൽ
സ്ഥാപനങ്ങളെയും സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള
സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ
പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2010-2011)

## മുപ്പത്തിയൊൻപതാമത് റിപ്പോർട്ട്

(2011 ഫെബ്രുവരി മാസം 23-ാം തീയതി
സഭയിൽ സമർപ്പിച്ചത്)

തൃശ്ശൂർ കോർപ്പറേഷനേയും തൃശ്ശൂർ ജില്ലയിലെ മുനിസിപ്പൽ
സ്ഥാപനങ്ങളെയും സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത
റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

379/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 91 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

### (2010–2011)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. എം. ദിനേശ് മണി.

അംഗങ്ങൾ :

ശ്രീ. എൻ. അനിരുദ്ധൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. കെ. ദിവാകരൻ
,, എം. ജെ. ജേക്കബ്
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ജോയിന്റ് സെക്രട്ടറി
ശ്രീ. പി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ മുപ്പത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ കോർപ്പറേഷനേയും തൃശ്ശൂർ ജില്ലയിലെ മുനിസിപ്പൽ സ്ഥാപനങ്ങളെയും സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2010 നവംബർ മാസം 2-ാം തീയതിയിൽ ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സി. എം. ദിനേശ് മണി,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

# റിപ്പോർട്ട്

## തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ ജില്ലയിലെ മുനിസിപ്പൽ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച്

ഓഡിറ്റ് ഖണ്ഡിക

**ഡിപ്പാർട്ട്മെന്റൽ ജോലികൾ—കരാറടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിച്ചത് സംബന്ധിച്ച്**

തൃശ്ശൂർ കോർപ്പറേഷനിൽ ഇലക്ട്രിസിറ്റി വിഭാഗത്തിലെ വിവിധ ജോലികൾക്ക് സാങ്കേതിക പരിജ്ഞാനമുള്ള ജോലിക്കാർ ഉണ്ടായിരിക്കെ ഇതേ ജോലികൾക്കായി കരാറടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുകയും, ആയതിന് 5,45,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികജ്ഞാനം ആവശ്യമുള്ള ജോലികൾക്കായി തുടർച്ചയായി താൽക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ പ്രവൃത്തിയുടെ നിലവാരം കാത്തുസൂക്ഷിക്കാൻ കഴിയുകയില്ല. ഇങ്ങനെ തുടർച്ചയായി ജോലിക്കാരെ ആവശ്യമായി വരുന്നുവെങ്കിൽ ആ തസ്തികകളിൽ സ്ഥിരനിയമനത്തിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.III.4(i).]

1. ഓഡിറ്റ് ഖണ്ഡികയ്ക്ക് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"വൈദ്യുതി വിഭാഗത്തിൽ ഒഴിവുള്ള 33 ഇലക്ട്രിസിറ്റി വർക്കർമാരുടെ തസ്തികയിലേക്കാണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരുന്നത്. ഈ നിയമനം നടത്തുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് ഇ2(2) 5160/2000 നമ്പരായി 10-10-2000-ൽ കത്തെഴുതുകയും 30-3-2001-ലെ സി-2 810/2000 & 70/2000 പ്രകാരം 280 പേരുടെ ലിസ്റ്റ് താൽക്കാലിക നിയമനത്തിന് അയച്ചുതരികയും ചെയ്തിട്ടുള്ളതും ശമ്പളപരിഷ്ക്കരണത്തിന്റെ ഭാഗമായിട്ടുള്ള ചർച്ചയിൽ തീരുമാനമാകുന്നതുവരെ ഇലക്ട്രിസിറ്റി വർക്കർമാരുടെ ഇന്റർവ്യൂ നിർത്തിവയ്ക്കുവാൻ ആരാധ്യനായ മേയറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുക്കുകയും ആയത് പത്രം, ആകാശവാണി, എ.സി.വി. എന്നിവ മുഖേന ഉദ്യോഗാർത്ഥികളെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ വൈദ്യുതി വിഭാഗം അവശ്യസർവ്വീസ് ആയതുകൊണ്ടും ജോലികൾ മാറ്റിവയ്ക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ടും 9-12-1999-ലെ ഇ5-567/98 നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിസിറ്റി വർക്കർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവരികയാണ് ചെയ്തത്. ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിരനിയമനത്തിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുള്ളതും തുടർന്ന് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തിയിട്ടുള്ളതുമാണ്. കരാർ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന ജോലികൾ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവയല്ല.

ലോക്കൽ ഫണ്ട് 2000-01 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വന്ന ടി തടസ്സത്തിന് (ഖണ്ഡിക 25) വൈദ്യുതി വിഭാഗത്തിൽ നിന്ന് മേൽവിവരിച്ച മറുപടി നൽകുകയും 23-4-2003-ലെ LFTR C4-2/2003 നമ്പർ കത്തിൻമേൽ തടസ്സം ഒഴിവാക്കിയതായും അറിയിച്ചിട്ടുമുണ്ട്."

2. മേൽ ഓഡിറ്റ് പരാമർശം 23-4-2003-ലെ LFTR C4-2/2003 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഒഴിവാക്കിയിട്ടുണ്ട് എന്ന ഗവൺമെന്റ് പരാമർശം സംബന്ധിച്ച് നിയമസഭയിൽ റിപ്പോർട്ട് അവതരിപ്പിക്കുകയോ ഓഡിറ്റ് പാരഗ്രാഫുകൾ സമിതിയുടെ മുന്നിൽവരികയോ ചെയ്തുകഴിഞ്ഞാൽ ഏതെങ്കിലും സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഖണ്ഡികകൾ ഒഴിവാക്കിയാൽ അത് പുനഃപരിശോധിക്കാനുള്ള അധികാരം സമിതിക്കുണ്ടെന്ന് 10-2-2009-ലെ യോഗത്തിൽ സമിതി വ്യക്തമാക്കി.

3. തൃശ്ശൂർ കോർപ്പറേഷൻ രൂപീകൃതമായ കാലഘട്ടത്തിലെ ഓഡിറ്റ് പരാമർശമാണിതെന്നും കോർപ്പറേഷനിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത് ഏരിയായിൽ അടിയന്തിരമായ വർക്ക് പൂർത്തീകരിക്കുന്നതിനുവേണ്ടി മേയറുടെ ചേമ്പറിൽ യോഗം ചേർന്ന് കരാറടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുവാൻ കൈക്കൊണ്ട തീരുമാനമാണ് ഓഡിറ്റിന് അടിസ്ഥാനമെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. വൈദ്യുതി വിഭാഗത്തിലെ നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വരുത്തുകയുണ്ടായെന്നും എന്നാൽ കോർപ്പറേഷൻ രൂപീകൃതമായപ്പോൾ വർക്കർമാരെ നിയമിക്കണമെങ്കിൽ വീണ്ടും പി.എസ്.സി.യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകിയാൽ മാത്രമേ അവിടെ നിന്ന് ആളുകളെ നിയമിക്കുവാൻ കഴിയുമായിരുന്നുള്ളൂവെന്നും, ഇതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും വൈദ്യുതി വിതരണം അടിയന്തിര സർവ്വീസാകയാലുമാണ് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുകയുണ്ടായതെന്നും സെക്രട്ടറി ശ്രീ. പി. എം. ദേവരാജൻ അറിയിച്ചു. ഇതിനെ തിരെയാണ് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വർക്കർമാരുടെ 22 തസ്തികകളാണുള്ളതെന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചവർ ഇപ്പോഴും തുടരുകയാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. ഇലക്ട്രിസിറ്റി വർക്കർമാരുടെ 122 ഒഴിവുകൾ ഉണ്ടെന്ന് പറയുന്നെങ്കിലും 22 ഇലക്ട്രിക്കൽ വർക്കർമാരുടെ തസ്തികകൾ മാത്രം നികത്താത്തത് എന്തുകൊണ്ടാണെന്ന് സമിതി അന്വേഷിച്ചു. പതിനൊന്ന് വർഷമായി "കരാറടിസ്ഥാനത്തിൽ ചെയ്യുന്ന ജോലികൾക്ക് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവയല്ല" എന്ന തത്വം പറഞ്ഞ് ദിവസക്കൂലിയിൽ ജോലിക്കാരെ നിയമിച്ചു കൊണ്ടിരിക്കുകയാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇത് 'സാംഗ്ഷൻഡ് തസ്തികയാണോ' എന്ന സമിതിയുടെ ചോദ്യത്തിന് അതെയെന്നും അതിനാൽ പി.എസ്.സി.യിൽ നിന്ന് ആളുകളെ നിയമിച്ചിരുന്നുവെന്നും എന്നാൽ അവർ പ്രൊമോഷനായി പോകുമ്പോൾ വീണ്ടും ഒഴിവു വരികയാണെന്നും സെക്രട്ടറി മറുപടി പറഞ്ഞു. മാത്രമല്ല 7-6-2004-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് 6 പേരെ നിയമിച്ചുവെങ്കിലും 3 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അന്നത്തെ മേയറുടെ തീരുമാനമനുസരിച്ചാണ് നിയമനങ്ങൾ നടത്തിയതെന്നും സെക്രട്ടറി അറിയിച്ചു. കരാറുകാർക്ക് ദിവസവേതനമായി 150 രൂപയാണ് കൊടുക്കുന്നതെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

4. പതിനൊന്നു വർഷമായി ഒരേ കരാറുകാരനിൽ നിന്നും തന്നെയാണോ ആളുകളെ തെരഞ്ഞെടുക്കുന്നതെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഒരേയാൾ തന്നെയാണ് ആളുകളെ സപ്ലൈ ചെയ്യുന്നതെന്നും വൈദ്യുതി വിതരണത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് തസ്തികകൾ ഒഴിച്ചിടാൻ സാധിക്കുകയില്ല എന്നതിനാലാണ് കരാറടിസ്ഥാനത്തിൽ നിയമനം നടത്തിക്കൊണ്ടിരിക്കുന്നതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. മാത്രമല്ല കാലാകാലങ്ങളിൽ കെ.എസ്.ഇ.ബി. ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതനുസരിച്ച് ഇവിടെയും എണ്ണം കുറയ്ക്കുന്നുണ്ടെന്നും അതനുസരിച്ച് 162 പേർ വേണ്ടിടത്ത് 100 ആയി ചുരുക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

5. അപേക്ഷകൾ ക്ഷണിച്ചാണോ നിയമനം നടത്തുന്നതെന്ന സമിതിയുടെ ചോദ്യത്തിന് അപേക്ഷകൾ ക്ഷണിച്ചുതന്നെയാണ് നിയമനം നടത്തുന്നതെന്ന് സമിതിയിൽ ഹാജരായ ഉദ്യോഗസ്ഥൻ അറിയിച്ചു. പി.എസ്.സി.യിൽ നിന്ന് നിയമിതരാവുന്നവർക്ക് പ്രൊബേഷൻ കാലം കഴിയാതെ 6 മാസം കഴിയുമ്പോൾ എങ്ങനെയാണ് പ്രൊമോഷൻ കൊടുക്കുന്നതെന്നും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പ്രൊമോഷൻ കൊടുത്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. താഴ്ന്ന തസ്തികയിൽ ഉള്ള ഒരാൾക്ക് പ്രൊമോഷൻ കിട്ടിക്കഴിഞ്ഞാൽ അതനുസരിച്ച് പ്രൊമോഷൻ നൽകാവുന്നതാണെന്ന് സൂപ്രണ്ട് അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

6. **പി.എസ്.സി.യെ മറികടന്ന് നിയമനങ്ങൾ നടത്താൻ കൗൺസിലിന് അധികാരമില്ലെന്നും പതിനൊന്ന് വർഷം ഒരേ കരാറുകാരനുതന്നെ കരാർ കൊടുത്തുകൊണ്ട് ജോലിക്കാരെ നിയമിക്കുന്നത് ഉദ്യോഗസ്ഥരും കോൺട്രാക്ടറും തമ്മിലുള്ള അവിശുദ്ധ ധാരണയാണെന്നും സമിതി വിലയിരുത്തുന്നു. തൃശ്ശൂർ കോർപ്പറേഷനിലെ മസ്ദൂർ നിയമനം മുനിസിപ്പാലിറ്റി നിയമമനുസരിച്ച് പി.എസ്.സി. മുഖേന നടത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നും പി.എസ്.സി. മുഖേനയുള്ള നിയമനം സാദ്ധ്യമായില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിച്ച് കരാറടിസ്ഥാനത്തിലുള്ള നിയമനം പൂർണ്ണമായി നിർത്തലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ**

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ഒന്നുംതന്നെ പാലിക്കാതെ (ക്വട്ടേഷനോ ടെണ്ടറോ ക്ഷണിക്കാതെ) T.W.C.C.S. എന്ന സഹകരണ സംഘത്തിന് ഇലക്ട്രിക് സാധനങ്ങളുടെ ഓർഡർ നേരിട്ട് നൽകുകയും ആയതിന്റെ വിലയായി 10,46,450 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. 2001-02 വർഷത്തിലും ടി സ്ഥാപനത്തിൽ നിന്നും നാലുലക്ഷത്തിൽപ്പരം രൂപയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്. ഇത് ചട്ടങ്ങളുടെ നഗ്നമായ ലംഘനവും ക്രമക്കേടുമാണ്. വമ്പിച്ച തുകയ്ക്കുള്ള ഇലക്ട്രിക് സാധനങ്ങൾ വാങ്ങുമ്പോൾ അംഗീകൃത ഡീലർമാരിൽ നിന്നും വാങ്ങുവാനും അങ്ങനെ സാധനങ്ങളുടെ നിലവാരം കാത്തുസൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ, തേക്കിൻകാടു മൈതാനം മോടി പിടിപ്പിക്കുവാൻ കൗൺസിൽ തീരുമാനപ്രകാരം 50 മെറ്റൽ ഹാലൈഡ് വിളക്കുകൾ വാങ്ങുവാൻ T.W.C.C.S.-ൽ നിന്ന് ക്വട്ടേഷൻ ആവശ്യപ്പെടുകയും ടി സ്ഥാപനം ക്വട്ടേഷൻ നൽകിയ 6,787 രൂപ നിരക്കിൽ 50 എണ്ണം സപ്ലൈ ചെയ്യാൻ ഓർഡർ നൽകുകയും ചെയ്തു. ടി സ്ഥാപനം ഇലക്ട്രിക് സാധനങ്ങളുടെ അംഗീകൃത ഡീലറല്ല. പർച്ചേസ് മാന്വലും മറ്റു സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കാൻ കൗൺസിൽ ബാദ്ധ്യസ്ഥമായിരിക്കേ T.W.C.C.S.-ൽ നിന്നുമുള്ള വാങ്ങലിന് യാതൊരു ന്യായീകരണവുമില്ല.

മാത്രമല്ല, സപ്ലൈ ചെയ്ത വിളക്കുകളിൽ ഒരെണ്ണം മോശവുമായിരുന്നു. അത് മാറിക്കിട്ടാത്തതിനാൽ ഉപയോഗശൂന്യമായി സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപയോഗിക്കാതെ കിടക്കുന്ന ലൈറ്റിന്റെ വിലയായ 6,787 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.III.4(ii).]

7. 29-9-2008-ലെ 57477/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

"തൃശ്ശൂർ നഗരസഭ രൂപീകരിച്ച ഉടനെ തൃശ്ശൂർ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സൊസൈറ്റി (T.W.C.C.S.) എന്ന സ്ഥാപത്തിൽ നിന്ന് നേരിട്ട് ഇലക്ട്രിക് സാധനങ്ങൾ വാങ്ങിയ നടപടി ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്. 11-10-2000-ൽ തൃശ്ശൂർ കോർപ്പറേഷനിൽ ചേർന്ന പർച്ചേസ് സംബന്ധിച്ച യോഗത്തിൽ കോർപ്പറേഷൻ രൂപീകരണത്തിന്റെ (1-10-2000-ൽ) പ്രാഥമിക ഘട്ടമായതിനാൽ ക്വട്ടേഷൻ നടപടിയിലൂടെ പർച്ചേസ് നടത്തുന്നതിന് കാലതാമസം ഉണ്ടാവുമെന്നും അതേസമയം പഴയ പഞ്ചായത്ത് പ്രദേശങ്ങളിൽ വിളക്കുകൾ കത്തിക്കേണ്ടത് അത്യാവശ്യമാണെന്നും തീരുമാനിക്കുകയുണ്ടായി. ആയതിനാൽ സാധനങ്ങൾ വാങ്ങേണ്ടത് അനിവാര്യമായിരുന്നു. അതുകൊണ്ടാണ് ഒരു സഹകരണ സ്ഥാപനമായ T.W.C.C.S.-ൽ നിന്ന് സാധനങ്ങൾ വാങ്ങേണ്ടി വന്നത്. അന്ന് അപ്രകാരം ചെയ്യാതിരുന്നാൽ കൗൺസിലിനും മേയർക്കും ജനങ്ങളോട് സമാധാനം പറയാൻ പ്രയാസമാവുമായിരുന്നു. ഇത് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ ഭാവിയിൽ ഉണ്ടായാൽ അത് സർക്കാർ തലത്തിൽ ഇടപെട്ട് ബോദ്ധ്യപ്പെടുത്തി നീക്കാവുന്നതാണെന്നും തീരുമാനിച്ചിരുന്നു.

ഇക്കാര്യത്തിൽ നിയമപരമായ സാധൂകരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അനുമതിക്കായി കത്തയയ്ക്കുന്നതിന് 19-5-2008-ലെ 81-ാം നമ്പർ കൗൺസിൽ അനുമതി ലഭിക്കുകയും ഗവൺമെന്റ് സെക്രട്ടറിക്ക് 2-9-2008-ൽ കത്തയയ്ക്കുകയും ഉണ്ടായിട്ടുണ്ട്.

പർച്ചേസ് മാന്വലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ മാത്രമാണ് ഇപ്പോൾ പർച്ചേസ് നടത്തിവരുന്നത്.

ഉപയോഗിക്കാതെ കിടക്കുന്ന മെറ്റൽ ഹാലൈഡ് പിന്നീട് മാറ്റി കിട്ടിയിട്ടുള്ളതും ഉപയോഗിച്ചിട്ടുള്ളതുമാണ്. ടി വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്."

8. 7-10-2008-ലെ തെളിവെടുപ്പു യോഗത്തിൽ ഇലക്ട്രിക് സാധനങ്ങൾ ഗ്രൂപ്പ് സപ്ലൈ ചെയ്യുന്ന ഒരു അംഗീകൃത ഏജന്റോ സ്ഥാപനമോ ആണോ T.W.C.C.S. എന്ന സംഘമെന്ന സമിതിയുടെ ചോദ്യത്തിന് അപ്രകാരമല്ലെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

30-10-2008-ൽ വീണ്ടും ടി വിഷയം സംബന്ധിച്ച് സമിതി തെളിവെടുക്കുകയുണ്ടായി.

9. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് അന്നത്തെ സാഹചര്യത്തിൽ മുനിസിപ്പൽ സെക്രട്ടറിയും അസിസ്റ്റന്റ് സെക്രട്ടറിയും സാധനങ്ങൾ വാങ്ങിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. വൈസ് ചെയർമാനാണ് അധികാരം നൽകിയതെങ്കിൽ അദ്ദേഹം അത് ഫിനാൻസ് കമ്മിറ്റിയിൽ വയ്ക്കണമായിരുന്നുവെന്നും അതിനായി അദ്ദേഹം ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരുന്നുവെന്നും സമിതി അറിയിച്ചു. ടി.ഡബ്ല്യു.സി.സി.എസ്.-ന് ഏതു വർഷമാണ് ഓർഡർ കൊടുത്തത് എന്ന സമിതിയുടെ ചോദ്യത്തിന് 2001-02-ലാണ് കൊടുത്തതെന്നും കോർപ്പറേഷനിലെ കൂട്ടിച്ചേർത്ത പഞ്ചായത്തുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതിനായി കെ.എസ്.ഇ.ബി.യെയും ആശ്രയിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഗവൺമെന്റിലേക്ക് സാധൂകരണത്തിനായി എന്നാണ് കത്തയച്ചതെന്ന സമിതിയുടെ ചോദ്യത്തിന് 2008-ലാണ് കത്തയച്ചതെന്ന് സെക്രട്ടറി മറുപടി നൽകി.

10. നിയമപരമായ അനുവാദമില്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും സഹകരണ പ്രസ്ഥാനത്തിന്റെ പേരിൽ പത്തരലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നതാണ് ഓഡിറ്റ് ഒബ്ജക്ഷൻ ആയി പറഞ്ഞിരിക്കുന്നത്. ഹാലൈഡ് ലൈറ്റ് എന്നാണ് പകരമായി തന്നതെന്ന സമിതിയുടെ ചോദ്യത്തിന് 50 എണ്ണം വാങ്ങിയതിൽ ഒരെണ്ണം പൊട്ടിയിരുന്നതാണെന്നും ഗ്യാരന്റി പീരിഡ് തീരുന്നതിനുമുമ്പ് തന്നെ ലൈറ്റ് പകരമായി തന്നിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ. എം. മൈക്കിൾ അറിയിച്ചു. മാത്രമല്ല പ്രവർത്തിക്കാത്ത ലൈറ്റുകൾക്കുള്ള തുക തിരിച്ചു തരികയും പുതിയവ തരികയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. സർചാർജ്ജ് ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഇതു സംബന്ധിച്ചുള്ള മേയറുടെ തീരുമാനമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഫയൽ പരിശോധിച്ചശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂവെന്ന് മേയർ പ്രൊഫ. ബിന്ദു അറിയിച്ചു. 19-5-2008-ലെ കത്തുപ്രകാരം വിവരങ്ങൾ മേയറെ അറിയിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്നും, മൂന്നുമാസത്തിനുള്ളിൽ കൗൺസിൽ തീരുമാനമെടുത്ത് തുക തിരിച്ചു പിടിക്കുവാനുള്ള ഉത്തരവാദിത്വം ഇലക്ട്രിക്കൽ വിംഗ് ഏറ്റെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഗവൺമെന്റ് സാധൂകരണം നൽകിയാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഫയൽ ക്ലോസ് ചെയ്യുമെന്നും സമിതി അറിയിച്ചു. ഗവൺമെന്റ് സാധൂകരണത്തിനായി ഫയൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ എസ്.പി.എ.ഒ.യോട് സമിതി അഭ്യർത്ഥിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

11. **സ്റ്റോർ പർച്ചേസ് മാനുലിലെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയതും വാങ്ങൽ നടത്തി എട്ടു വർഷത്തിനുശേഷം മാത്രം കൗൺസിലിൽ സമർപ്പിച്ചതും സർക്കാരിൽ നിന്നും സമയബന്ധിതമായി സാധൂകരണം വാങ്ങാതിരിക്കുകയും ചെയ്തത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു.**

**പ്രസ്തുത പ്രവൃത്തിക്ക് സർക്കാരിന്റെ സാധൂകരണം നേടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഷ്ടപരിഹാരതുക തിരികെ ഈടാക്കിയില്ല**

നഷ്ടപരിഹാരതുക വാടകക്കാരനിൽ നിന്ന് ഈടാക്കിയില്ല; തൃശ്ശൂർ നഗരസഭയ്ക്ക് 1,04,444 രൂപയുടെ നഷ്ടം.

പഴയ ബസ് സ്റ്റാൻഡിലെ നഗരസഭാ കെട്ടിടത്തിലെ മൂന്ന് മുറികൾ ഒരാൾക്ക് വാടകയ്ക്ക് നൽകിയിരുന്നു. വാടകക്കാരൻ അനധികൃതമായി മുറികളുടെ ഇടഭിത്തി പൊളിച്ച് മാറ്റിയപ്പോൾ സംഭവിച്ച അപകടത്തിൽ ഒരു തൊഴിലാളി കൊല്ലപ്പെട്ടു.

നഷ്ടപരിഹാരകേസിൽ 78,235 രൂപ 6% സാധാരണ പലിശ ചേർത്ത് അടയ്ക്കുവാനായിരുന്നു വിധി. രണ്ടാം പ്രതിയായ വാടകക്കാരൻ നഷ്ടപരിഹാര തുക അടയ്ക്കുവാൻ സമ്മതപത്രം നൽകിയിട്ടുള്ളതിനാൽ അപ്പീൽ പോകേണ്ടെന്നും നഗരസഭയുടെ വക്കീൽ ഉപദേശം നൽകി. തുടർന്ന് പലിശ ഉൾപ്പെടെ നഷ്ടപരിഹാരതുക 1,04,444 രൂപ നഗരസഭ ലേബർ കമ്മീഷണർക്ക് നൽകി. വിധി വ്യക്തമായി വായിച്ച് നോക്കാഞ്ഞതിനാൽ പലിശ കണക്കാക്കിയതിൽ 1,956 രൂപ അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തി.

നഷ്ടപരിഹാരതുക തിരിച്ചടയ്ക്കാമെന്ന വാടകക്കാരന്റെ സമ്മതപത്രം ഉണ്ടെങ്കിലും 3-10-2000-ൽ നൽകിയ തുക ഇതേവരെ തിരിച്ച് ഈടാക്കിയിട്ടില്ല. തുക ഈടാക്കേണ്ടതും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇതേപോലെ 2001-02 പദ്ധതിയിൽ, നഗരത്തിലെ ഉൾപ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കാൻ സംസ്ഥാന വൈദ്യുതി ബോർഡിന് 40 ലക്ഷം നൽകിയെങ്കിലും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ പ്രാഥമിക നടപടികൾപോലും നഗരസഭ സ്വീകരിച്ചില്ല.

നിക്ഷേപത്തിലൂടെ പൊതു പണത്തിന് ചെലവ് കാണിക്കുന്നത് ജനങ്ങൾക്ക് വികസനം നിഷേധിക്കുന്നതിന് തുല്യമാണ്. അതിനാൽ 89,99,047 രൂപ തിരിച്ച് ഈടാക്കി, പദ്ധതികൾ പരിഷ്ക്കരിച്ച് പൂർത്തിയാക്കാൻ സാധ്യത തേടേണ്ടതാണ്. അതോടൊപ്പം ഭീമമായ തുക നിക്ഷേപിച്ചിട്ടും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തി ഇപ്പോഴും പദ്ധതി പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.4.1.]

12. 29-9-2008-ലെ 57477/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

"2000-01-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 18 പ്രകാരം നഷ്ടപരിഹാരതുക ഈടാക്കിയില്ലായെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കക്ഷിക്ക് നോട്ടീസ് നൽകി. ടിയാൻ 13-1-2005-ൽ 49309 നമ്പർ രസീതുപ്രകാരം 1,04,444 രൂപ കോർപ്പറേഷൻ അക്കൗണ്ടിൽ തിരികെ അടച്ചിട്ടുണ്ട്. ഈ വിവരം 4-2-2005-ൽ എ7/20995/03 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ശ്രീമതി കെ. ഷൈലജയ്ക്ക് മെമ്മോ നൽകിയിട്ടുണ്ട്."

13. നഷ്ടപരിഹാര കേസ്, ഓഡിറ്റ് പരാമർശം വന്നതിനുശേഷമാണ് സമിതി പരിശോധിച്ചതെന്നും നഷ്ടപരിഹാരക്കേസിൽ പലിശ ഉൾപ്പെടെ 1,04,444 രൂപയാണ് അടയ്ക്കേണ്ടതെന്നും എന്നാൽ അഞ്ചുവർഷം കഴിഞ്ഞ് 2005-ലാണ് 1,04,444 രൂപ തിരിച്ചടയ്ക്കുന്നതെന്നും 30-10-2008-ലെ തെളിവെടുപ്പിൽ ചൂണ്ടിക്കാട്ടിയ സമിതി, തുക ഈടാക്കാൻ അലംഭാവം കാണിച്ച സെക്രട്ടറിക്കും ക്ലാർക്കിനും നോട്ടീസ് നൽകിയിട്ട് അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നാരാഞ്ഞതിന് ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ശ്രീമതി ശൈലജയ്ക്ക് മെമ്മോ നൽകിയിട്ടുണ്ടെന്നും എന്നാൽ അവർക്കിപ്പോൾ കണ്ണ് കാണാൻ കഴിയാത്ത സ്ഥിതിയാണെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ അവരുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കണമെന്നും 3-10-2000 മുതൽ 2005-ൽ തുക ഈടാക്കിയ കാലംവരെയുള്ള പലിശയും പിഴപ്പലിശയും ക്ലാർക്കായ ശ്രീമതി ശൈലജയുടെ വീഴ്ചയായി കരുതി അവരിൽ നിന്നും ഈടാക്കണമെന്ന സമിതി തീരുമാനം നടപ്പിൽ വരുത്തേണ്ട ബാദ്ധ്യത സെക്രട്ടറിക്കാണെന്നും സമിതി ഓർമ്മിപ്പിച്ചു. വാടകക്കാരനുവേണ്ടി ലേബർ കമ്മീഷണറാണ് പണം അടച്ചിരിക്കുന്നതെന്നും ഓഡിറ്റ് ഒബ്ജക്ഷൻ വന്നപ്പോൾ അതു പരിശോധിച്ച് ശക്തമായ നടപടി സ്വീകരിച്ചാണ് തുക ഈടാക്കിയതെന്നും ക്രിമിനൽ കുറ്റം ചെയ്ത പ്രതിയെ ഒന്നും ചെയ്തിട്ടുമില്ലെന്നും സമിതി വ്യക്തമാക്കി. വാടകക്കാരനിൽ നിന്നും തുക ഈടാക്കാതെ മുനിസിപ്പൽ ഫണ്ടെടുത്താണ് തുക അടച്ചിരിക്കുന്നത്, വാടകയ്ക്ക് കൊടുത്ത കെട്ടിടത്തിന്റെ ഭിത്തി പൊളിച്ചിട്ടും അപ്രകാരം പ്രവർത്തിച്ചവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. കെട്ടിടം വാടകക്കാരൻ മോടി പിടിപ്പിച്ചതിന്റെ ചെലവ് കോർപ്പറേഷൻ തന്നെ വഹിച്ചു, ഇപ്രകാരം പ്രവർത്തിച്ചതിന് കോർപ്പറേഷൻ തന്നെയാണ് ഒന്നാം പ്രതിയെന്ന് സമിതി അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റി കെട്ടിടം ഒരാൾക്ക് വാടകയ്ക്ക് കൊടുത്താൽ അത് 'ആൾട്ടർ' ചെയ്യണമെങ്കിൽ കൗൺസിലിന്റെ അനുമതി തേടേണ്ടതാണ്. അപ്രകാരം കൗൺസിലിന്റെ അനുമതി തേടാതെ കെട്ടിടത്തിന്റെ ഭിത്തി പൊളിച്ച വാടകക്കാരനെ തിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. എന്നാൽ വാടകക്കാരൻ മരണപ്പെട്ടെന്നും അയാളുടെ ഭാര്യയെയും മക്കളെയും പരോക്ഷമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച കോടതി വിധിയും സെക്രട്ടറി സമിതിയുടെ അറിവിലേക്കായി വായിച്ചു.

14. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 10-2-2009-ലെ തെളിവെടുപ്പ് വേളയിൽ തൃശ്ശൂർ കോർപ്പറേഷനെ സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് (2003-2004) ഖണ്ഡിക 7.4.1 സംബന്ധിച്ച് ബഹു. നിയമസഭാ സമിതിയുടെ ഉത്തരവിൻപ്രകാരം സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 22-10-2009-ന് നടത്തിയ അന്വേഷണ റിപ്പോർട്ട് താഴെ ചേർക്കുന്നു:

"തൃശ്ശൂർ കോർപ്പറേഷൻ 3-10-2000-ൽ നല്കിയ 1,04,444 രൂപ 18-1-2005-ൽ വാടകക്കാരൻ കോർപ്പറേഷനിൽ അടച്ചിരുന്നു. എന്നാൽ 3-10-2000 മുതൽ 18-1-2005 വരെയുള്ള പലിശ (12%) വാടകക്കാരനിൽ നിന്നും ഈടാക്കിയിരുന്നില്ല.

3-10-2000-ൽ കോർപ്പറേഷൻ തുക അടയ്ക്കുവാൻ തീരുമാനമെടുക്കുമ്പോൾ ടി തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കേണ്ടതും 4-10-2000 മുതൽ തുക അടയ്ക്കുന്നതുവരെ 12% പലിശ ടിയാനിൽ നിന്നും കോർപ്പറേഷൻ ഈടാക്കേണ്ടതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തുക അടച്ച സമയത്ത് ഇപ്രകാരം പലിശ ഈടാക്കാതിരുന്നത് ഫയൽ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക്, സൂപ്രണ്ട് എന്നിവരുടെ വീഴ്ചയാണ്.

14-12-2001-ൽ വാടകമുറിയുടെ ലൈസൻസിയുടെ ശ്രീ. കെ. എൽ. ടോണിക്ക് നഗരസഭയിൽ നിന്നും നല്കിയ നോട്ടീസിൽ 1,04,444 രൂപ എത്രയുംവേഗം അടയ്ക്കാനും ഇല്ലെങ്കിൽ 12% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിരുന്നു. കോർപ്പറേഷൻ പല പ്രാവശ്യം ഓർമ്മക്കുറിപ്പ് അയയ്ക്കുകയും അദ്ദേഹത്തിന്റെ കടമുറിയുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാവുകയും ചെയ്തപ്പോൾ മാത്രമാണ് വാടകക്കാരൻ 1,04,444 രൂപ കോർപ്പറേഷനിൽ ഒടുക്കുവാൻ തയ്യാറായത്.

പലിശ അടയ്ക്കാനുള്ള ബാധ്യത തനിക്കുണ്ട് എന്നുള്ള വിവരം വാടകക്കാരന് അറിയാമായിരുന്നുവെന്ന് വ്യക്തമാണ്. പലിശ തുക ഈടാക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. എങ്കിലും അതിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ വാടകക്കാരന് കഴിയില്ല.

10-2-2009-ന് നിയമസഭാ സമിതിയുടെ തെളിവെടുപ്പിനുശേഷം പലിശ ഈടാക്കുവാൻ കാര്യമായ ശ്രമങ്ങളൊന്നും കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. കോർപ്പറേഷൻ സെക്രട്ടറി 18-3-2009-ന് റവന്യൂ ഓഫീസർക്കും 2-4-2009-ൽ കോർപ്പറേഷൻ എഞ്ചിനീയർക്കും തുക ഈടാക്കുന്നതിന് കുറിപ്പുകൾ നൽകിയിരുന്നു. അതിനുശേഷം എഞ്ചിനീയറിംഗ് വിഭാഗമാണോ റവന്യൂ വിഭാഗമാണോ നടപടികളുമായി മുന്നോട്ടു പോകേണ്ടതെന്ന തർക്കത്തിൽ കുടുങ്ങി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാതെ 22-10-2009-ലും തുക പിരിച്ചെടുക്കാതെ അവശേഷിക്കുകയാണ്. സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സൂപ്രണ്ടിനും ക്ലാർക്കിനും നോട്ടീസ് നൽകി മറുപടി സ്വീകരിച്ചതൊഴികെ മറ്റൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാടകക്കാരനു നൽകിയ നോട്ടീസിന് 2-3-2009-ന് നൽകിയ മറുപടി കോർപ്പറേഷൻ രേഖകളുമായി ഒത്തുനോക്കി ടിയാൻ നിരത്തുന്ന വാദങ്ങളൊന്നും നിലനിൽക്കുന്നതല്ലായെന്നു കാണിച്ച് കത്ത് നൽകുന്നതിനോ നിയമ നടപടി

സ്വീകരിച്ച് തുക ഈടാക്കുന്നതിനോ കോർപ്പറേഷൻ നാളിതുവരെ തയ്യാറായിട്ടില്ല. കോർപ്പറേഷൻ എഞ്ചിനീയർ, റവന്യൂ ഓഫീസർ എന്നിവരുടെ ഭാഗത്തുനിന്നും അക്ഷന്തവ്യമായ കൃത്യവിലോപമാണ് ഉണ്ടായിരിക്കുന്നത്.

ഇനിയും കാലതാമസം കൂടാതെ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുവെന്ന് കോർപ്പറേഷൻ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ടി വിവരം കാണിച്ചുകൊണ്ടും എത്രയുംവേഗം തുടർനടപടി സ്വീകരിച്ച് തുക ഈടാക്കുവാനാവശ്യപ്പെട്ടു കൊണ്ടും തൃശ്ശൂർ കോർപ്പറേഷന് കത്ത് അയച്ചിട്ടുണ്ട്".

15. തൃശ്ശൂർ കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ലൈസൻസിയിൽ നിന്നും പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 19-10-2010-ലെ 9933/AB1/09/ത.സ്വ.ഭ.വ. കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

16. **തൃശ്ശൂർ കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ലൈസൻസിയിൽ നിന്നും പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നിർവ്വഹണം തുടങ്ങിയില്ല: 89.9 ലക്ഷം വിവിധ ഏജൻസികളിൽ**

തൃശ്ശൂർ നഗരസഭയുടെ വനിതാ ഹോസ്റ്റൽ, ക്ലിനിക്കൽ ലാബ്, വഴി വിളക്ക് എന്നീ പദ്ധതികൾ വിവിധ ഏജൻസികളിൽ നിക്ഷേപമായി ഒതുങ്ങി. 31-3-2002 വരെ ഈ പദ്ധതികൾക്കായി 89,99,047 രൂപ നിക്ഷേപിച്ചിട്ടും പണി തുടങ്ങിയില്ല.

വനിതാ ഹോസ്റ്റൽ പണിയുന്നതിന് 1998-99-ൽ 13,13,000 രൂപയും 1999-2000-ൽ 2 ലക്ഷവും 2000-01-ൽ 5,23,159 രൂപയും ഉൾപ്പെടെ 20,36,159 രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്ലിനിക്കൽ ലാബ് തുടങ്ങാൻ 1999-2000-ൽ 14,30,200 രൂപയും 2000-01-ൽ 15,32,688 രൂപയും ഉൾപ്പെടെ 29,62,888 രൂപ ആശുപത്രി സൂപ്രണ്ടിന് നൽകി.

പണം നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പണി തുടങ്ങിയിട്ടില്ല. ഈ അവസ്ഥയിൽ നിക്ഷേപ തുക തിരികെ ഈടാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭ അതും പാലിച്ചില്ല. ഇതേപോലെ 2001-02 പദ്ധതിയിൽ നഗരത്തിലെ ഉൾപ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കാൻ സംസ്ഥാന വൈദ്യുതി ബോർഡിന് 40 ലക്ഷം നൽകിയെങ്കിലും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ പ്രാഥമിക നടപടികൾപോലും നഗരസഭ സ്വീകരിച്ചില്ല.

നിക്ഷേപത്തിലൂടെ പൊതുപണത്തിന് ചെലവ് കാണിക്കുന്നത് ജനങ്ങൾക്ക് വികസനം നിഷേധിക്കുന്നതിന് തുല്യമാണ്. അതിനാൽ 89,99,047 രൂപ തിരിച്ച് ഈടാക്കി പദ്ധതികൾ പരിഷ്കരിച്ച് പൂർത്തിയാക്കാൻ സാധ്യത തേടേണ്ടതാണ്.

അതോടൊപ്പം ഭീമമായ തുക നിക്ഷേപിച്ചിട്ടും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തി ഇപ്പോഴും പദ്ധതി പൂർത്തീകരിക്കാതെ ഇരിക്കുകയും ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.4.2.]

17. 29-9-2008-ലെ 57477/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി.

**വനിതാ ഹോസ്റ്റൽ**

PW2/13889/98 നമ്പർ ഫയൽ പ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ പഴയ 18-ാം വാർഡിൽ ജനകീയാസൂത്രണ പദ്ധതി (2) പ്രകാരം പാറകുളം നികത്തി കേന്ദ്ര സർക്കാർ സഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുന്നതിന് 10-3-1995-ലെ 51-ാം നമ്പർ പ്രമേയ പ്രകാരം തീരുമാനം എടുത്തിട്ടുള്ളതാണ്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പ്ലാനും മറ്റു രേഖകളും ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരത്തിനായി അയയ്ക്കുകയും ചെയ്തിരുന്നു. ടി നടപടിക്ക് സർക്കാർ ഉത്തരവ് ലഭ്യമായിട്ടുള്ളതുമാണ്. എന്നാൽ സർക്കാർ അംഗീകരിച്ച തൃശ്ശൂർ മാസ്റ്റർ പ്ലാൻ പ്രകാരം നിർദ്ദിഷ്ട പാറക്കുളം നെൽപ്പാട മേഖലയിൽ ഉൾപ്പെടുന്നതിനാലും ബഹു. ഹൈക്കോടതിയുടെ 7-11-2005-ലെ വിധി പ്രകാരം മേഖലാ ഇളവ് നൽകുന്നത് നിർത്തിവെച്ചിരിക്കുന്നതിനാലും ലേ ഔട്ട് അംഗീകാരത്തിനുള്ള തൃശ്ശൂർ കോർപ്പറേഷന്റെ അപേക്ഷ പരിഗണിച്ച് സോണൽ എക്സംപ്ഷൻ അനുവദിച്ച് നൽകുന്നതിന് നിർവ്വാഹമില്ലെന്ന് ചീഫ് ടൗൺ പ്ലാനർ (തിരുവനന്തപുരം) കോർപ്പറേഷനെ അറിയിക്കുകയാണ് ചെയ്തത്. ടി സാഹചര്യത്തിൽ ടി സ്ഥലത്ത് നിർമ്മാണം നടത്താൻ കഴിയാതെ വരികയാണ് ഉണ്ടായത്. പിന്നീട് ഇപ്പോൾ ആരാധ്യയായ മേയർ ബന്ധപ്പെട്ടവരുമായി ആലോചിച്ച് കോർപ്പറേഷന്റെ തന്നെ പറവട്ടാനിയിലുള്ള 58 സെന്റ് സ്ഥലത്ത് ടി കെട്ടിടം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി നിർദ്ദേശം അംഗീകരിക്കുന്നതിനായി ബഹു. കൗൺസിലിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. കൗൺസിൽ അംഗീകാരം ലഭ്യമായാലുടൻ തന്നെ നിർമ്മാണം തുടങ്ങുന്നതുമായിരിക്കും. കൗൺസിൽ അനുമതിക്കായി ഫയൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

**ക്ലിനിക്കൽ ലാബ്**

1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി ഒരു ക്ലിനിക്കൽ ലാബ് തുടങ്ങുന്നതിനായി പ്രോജക്ട് രൂപീകരിക്കുകയും ഈ ആവശ്യത്തിനായി മെഡിക്കൽ കോളേജ് സൂപ്രണ്ടിന് ആദ്യ ഗഡു തുക 1,43,02,000 രൂപ 30-3-2000-ൽ നൽകുകയുണ്ടായി. രണ്ടാം വർഷ പദ്ധതി പ്രകാരം 15,32,688 രൂപ മെഡിക്കൽ കോളേജ് സൂപ്രണ്ടിന് നൽകിയിരുന്നു. മൊത്തം 29,62,888രൂപയാണ് നൽകിയത്. ഇതിൽ ക്ലിനിക്കൽ

ലാബ് തുടങ്ങുന്നതിന്റെ ആവശ്യത്തിലേക്കായി ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിന് ചെലവഴിച്ച 5,42,800 രൂപ കഴിച്ച് 9,89,888 രൂപ തിരികെ ലഭിച്ചു. ഈ തുക 97/15/3 നമ്പർ ചെലാൻ പ്രകാരം 2217-80-191-45 നമ്പർ ശീർഷകത്തിൽ അഡി. സബ് ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തിരികെ ലഭിക്കാനുള്ള 14,30,200 രൂപ പിന്നീട് 26-3-2008-ാം തീയതിയിലെ 518587-ാം നമ്പർ ട്രഷറി ചെക്കായി ലഭിക്കുകയും ടി തുക അഡി. സബ് ട്രഷറിയിൽ 3604/00-200-97-01-എൻ.പി. 911 ഡിഡക്റ്റ് റിക്കവറീസ് ഫോർ ഓവർ പേയ്മെന്റ് എന്ന ശീർഷകത്തിൽ ചെലാൻ നമ്പർ 230/21-5-2008 ആയി തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

**വഴിവിളക്ക്**

കെ.എസ്.ഇ.ബി.ക്ക് നൽകിയ അഡ്വാൻസ് തുക എല്ലാം യൂട്ടിലൈസ് ചെയ്തിട്ടുള്ളതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി. ഹാജരാക്കിയിട്ടുള്ളതുമാണ്.

18. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ച് 30-10-2008-ൽ സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

**1. വനിതാ ഹോസ്റ്റൽ**

വനിതാ ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത പദ്ധതി കേന്ദ്ര സഹായത്തോടെയുള്ളതാണെന്നും, അതിൽ 75 ശതമാനം കേന്ദ്ര ഫണ്ടും 25 ശതമാനം സംസ്ഥാന വിഹിതവുമാണെന്നും അതിനാൽ കൗൺസിൽ തീരുമാന പ്രകാരം ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുകയാണുണ്ടായതെന്നും സെക്രട്ടറി അറിയിച്ചു. ഹൗസിംഗ് ബോർഡിലടച്ച പണം വസൂലാക്കി ബാക്കിയുള്ള പണി കൗൺസിൽ തന്നെ നേരിട്ട് ചെയ്യുന്നതായിരിക്കും ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**2. ക്ലിനിക്കൽ ലാബ്**

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ ലാബ് തുടങ്ങുന്നതിനുള്ള പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയുണ്ടായില്ലെന്നും, അംഗീകാരമില്ലാത്ത പദ്ധതിയുടെ നിർവ്വഹണത്തിനായി 29,62,688 രൂപ നിർവ്വഹണോദ്യോഗസ്ഥനായ തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്രണ്ടിനു നൽകിയത് ക്രമവിരുദ്ധമാണെന്നും അതിൽ നിന്നും 5,42,800 രൂപ ചെലവഴിച്ച് ഹെമറ്റോളജി അനലൈസർ വാങ്ങിയത് അനുവദനീയമല്ലെന്നും സമിതി വിലയിരുത്തി.

പ്രസ്തുത പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടിയുള്ളതായിരുന്നുവെന്നും, ഈ തുക അവരുടെ ക്ഷേമത്തിനായുള്ള ഫണ്ടായിരുന്നുവെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വെളിപ്പെടുത്തി. തുക ചെലവഴിക്കുന്നതു സംബന്ധിച്ച് 7-6-1999-ലെ 116-ാം നമ്പർ കൗൺസിൽ തീരുമാനമുണ്ടായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പട്ടികജാതി/പട്ടികവിഭാഗക്കാർക്കായുള്ള ഫണ്ടായിരുന്നുവെങ്കിൽ പദ്ധതിയെ സംബന്ധിച്ച ഉദ്ദേശം, അതിന്റെ മാർഗ്ഗരേഖ, അതിന്റെ നിർവ്വഹണം തുടങ്ങിയ വിശദ

വിവരങ്ങൾ പദ്ധതി രേഖയിൽ ഉണ്ടായിരുന്നിരിക്കണമെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞു. എന്നാൽ ഇതു സംബന്ധിച്ച് കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകിയില്ല. പട്ടികവിഭാഗക്കാർക്ക് സൗജന്യമായി മെഡിക്കൽ ലാബ് സൗകര്യം നൽകുന്നതിന് പട്ടികജാതി/പട്ടികവിഭാഗ ത്തിലെ അംഗങ്ങൾക്ക് പരിശീലനം നൽകി അവരെ തന്നെ സ്റ്റാഫായി നിയമിച്ച് മെഡിക്കൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയായിരിക്കണം ഇതെന്ന് സമിതി വിലയിരുത്തി.

19. പ്രോജക്ടിന് ഗവൺമെന്റിന്റെ അംഗീകാരം 29-3-2000-ൽ ലഭിച്ചിട്ടുണ്ട് എന്ന് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ലാബിൽ എസ്.സി./എസ്.ടി. വിഭാഗത്തെ തന്നെ സ്റ്റാഫായി നിയമിക്കണമെന്നാണെന്നും എസ്.സി./എസ്.ടി. വിഭാഗത്തിന് സൗജന്യമായി ലാബ് സൗകര്യം നൽകണമെന്നുള്ള വ്യവസ്ഥ കൃത്യമായി പാലിച്ചിരിക്ക ണമെന്നുമുള്ള വ്യവസ്ഥയിലാണ് പദ്ധതിക്ക് അംഗീകാരം നൽകിയതെന്നു ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. 31-10-2003-ലെ കത്തു പ്രകാരം ക്ലിനിക്കൽ ലാബ് പദ്ധതി നിർവ്വഹണത്തിനായി നൽകിയ തുക തിരിച്ചടയ്ക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും മെഡിക്കൽ കോളേജ് സൂപ്രണ്ട് തുക തിരിച്ചടച്ചിട്ടില്ല എന്ന ഓഡിറ്റ് നിരീക്ഷണം ശ്രദ്ധയിൽപ്പെടു ത്തിയപ്പോൾ ഹെമറ്റോളജി അനലൈസറിനു ചെലവായ 5,42,800 രൂപ കഴിച്ചുള്ള മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

20. ഹെമറ്റോളജി അനലൈസർ വാങ്ങിയിട്ടുണ്ടോ, അത് പ്രവർത്തനക്ഷമ മാണോ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലാബ് സൗകര്യം സൗജന്യമാണോ എന്നും അനലൈസർ വാങ്ങുന്നതിന് അനുമതിയില്ലാതെ പണം നൽകിയത് ആരെല്ലാ മാണ് എന്നീ വസ്തുതകൾ എസ്.പി.എ.ഒ.. വിശദമായി പരിശോധിച്ച് ഉത്തരവാദിയാ യവർക്കെതിരെ ബാധ്യത നിശ്ചയിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 22-10-2009-ന് നടത്തിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

21. "ക്ലിനിക്കൽ ലാബ് തുടങ്ങുന്നതിനുവേണ്ടി 1999-2000 വർഷം 14,30,200 രൂപയും 2000-01 ൽ 15,32,688 രൂപയും നഗരസഭ മെഡിക്കൽ കോളേജ് സൂപ്രണ്ടിനു നൽകിയിരുന്നു. 14-10-2001-ന് ഹെമറ്റോളജി അനലൈസർ (8.00 ലക്ഷം രൂപ), സെമി ഓട്ടോ അനലൈസർ (5,20,000), ഗ്ലാസ് ഉപകരണങ്ങൾ, റീ ഏജന്റ് തുടങ്ങിയവ (3.50 ലക്ഷം രൂപ) വാങ്ങുവാൻ ടെണ്ടർ ക്ഷണിച്ചിരുന്നതായി മെഡിക്കൽ കോളേജ് സൂപ്രണ്ട് കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിരുന്നു. 25-2-2003-ൽ 5,35,000 രൂപ വിലവരുന്ന ഹെമറ്റോളജി അനലൈസർ ബന്ധപ്പെട്ട സ്ഥാപനം 6 മാസം മുമ്പു തന്നെ സപ്ലൈ ചെയ്തു കഴിഞ്ഞുവെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചു. 31-10-2003-ൽ ക്ലിനിക്കൽ ലാബ് തുടങ്ങുന്നതിന് അനുവദിച്ച 29,62,688 രൂപ ഫലപ്രദമായി വിനിയോഗിക്കാത്തതിനാൽ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കുവാൻ കോർപ്പറേഷനോട് സർക്കാർ നിർദ്ദേശം നൽകി. അതനുസരിച്ച് തുക തിരിച്ചടയ്ക്കുവാൻ കോർപ്പറേഷൻ സെക്രട്ടറി മെഡിക്കൽ കോളേജ് സൂപ്രണ്ടിനോടാവശ്യപ്പെട്ടു.

ഹെമറ്റോളജി അനലൈസർ സപ്ലൈ ചെയ്തു കഴിഞ്ഞതിനാൽ 5,35,000 രൂപയും ടെണ്ടർ പ്രസിദ്ധീകരണ ചെലവ് വകയിൽ 7,800 രൂപയും ചേർത്ത് 5,42,800 രൂപ കിഴിച്ച് ബാക്കി തുക തിരിച്ചടയ്ക്കാൻ മതിയോയെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് കോർപ്പറേഷൻ സെക്രട്ടറിയോട് ആരാഞ്ഞു. 15-3-2004-ലെ കോർപ്പറേഷൻ കൗൺസിൽ യോഗം മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ കത്ത് പരിഗണിക്കുകയും 5,42,000 രൂപ അനുവദിച്ചു നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ബാക്കി തുക തിരിച്ചടയ്ക്കുവാൻ 23-6-2004-ൽ കോർപ്പറേഷൻ സെക്രട്ടറി മെഡിക്കൽ കോളേജ് സൂപ്രണ്ടിനോടാവശ്യപ്പെടുകയും 2 ഗഡുക്കളായി ബാക്കി തുക തിരിച്ചടച്ചിട്ടുള്ളതുമാകുന്നു.

മേൽ പ്രകാരം ഹെമറ്റോളജി അനലൈസർ വാങ്ങിയ നടപടി നഗരസഭാ സമിതി അംഗീകരിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി ആവശ്യമുണ്ടെന്നു തോന്നുന്നില്ല.”

**3. വഴിവിളക്ക്**

22. വഴിവിളക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട് എന്ന സമിതിയുടെ ചോദ്യത്തിന് പുതുതായി കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലുൾപ്പെടെ വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുണ്ടെന്നും സെക്രട്ടറി അറിയിച്ചു. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടില്ലേ എന്ന് സമിതി ആരാഞ്ഞതിന് പണി ചെയ്തു കഴിഞ്ഞാലുടനെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുമെന്നും ഇക്കാര്യത്തിൽ സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

23. **വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി 20,36,159 രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷന്റെ പറവട്ടാനിയിലുള്ള 58 സെന്റ് സ്ഥലത്ത് ടി കെട്ടിടം പണിയുന്നതിന് കൗൺസിലിന്റെ അനുമതി ലഭിച്ചാലുടൻ ഹൗസിംഗ് ബോർഡിലടച്ച പണത്തിന് ആനുപാതികമായ പ്രവൃത്തി അവരെക്കൊണ്ട് നടത്തിച്ചശേഷം ബാക്കിയുള്ള പണി കോർപ്പറേഷൻ തന്നെ നേരിട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

24. **ക്ലിനിക്കൽ ലാബ് സ്ഥാപിക്കുന്ന പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

25. **വഴിവിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി തെളിയിക്കുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റ് വകുപ്പ് വിശദമായി പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്നും ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിപണന നിരക്കിലെ എസ്റ്റിമേറ്റിന് ടെണ്ടർ അധികം**

നഗരസഭ വൈദ്യുതി വിഭാഗം 2001-02-ൽ നടത്തിയ 3 വൈദ്യുതീകരണ വേലകൾക്കാണ് പൊതുമരാമത്ത് നിർദ്ദേശത്തിന് വിരുദ്ധമായി 67,188 രൂപ ടെണ്ടർ അധികം നൽകിയത്. ചീഫ് എൻജിനീയറുടെ 72167/89 തീയതി 6-11-1992-ലെ കത്ത് വിപണി നിരക്കിൽ ടെണ്ടർ അധികം വിൽക്കുന്നുണ്ട്. താഴെ പറയുന്ന വേലകൾക്കാണ് ടെണ്ടർ അധികം നൽകിയത്.

| വേലയുടെ പേര് | ടെണ്ടർ അധികം നിരക്ക് | തുക |
|---|---|---|
| 1. രാമാഞ്ചിറമഠം-സെന്റ് മേരീസ് റോഡ് തെരുവ് വിളക്ക് | 4.95% | 41,383 |
| 2. പാട്ടുരായ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 5.2% | 11,522 |
| 3. ചേരൂർ റോഡ് ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 4.8% | 14,283 |
| ആകെ | | 67,188 |

നിർദ്ദേശത്തിന് വിരുദ്ധമായി അനുവദിച്ച ടെണ്ടർ അധികം നഗരസഭയ്ക്കുണ്ടായ നഷ്ടമായി കണ്ട് ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.4.1.]

26. ഓഡിറ്റ് ഖണ്ഡികയ്ക്ക് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"നഗരസഭ വൈദ്യുതി വിഭാഗം 2001-2002-ൽ നടത്തിയ വൈദ്യുതീകരണ വേലകൾക്കാണ് പൊതുമരാമത്ത് നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ അധികം നൽകിയതായി ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളത്.

(എ) ഇക്കണ്ടവാരിയർ റോഡ് രാമഞ്ചിറമഠം മുതൽ സെന്റ് മേരീസ് റോഡു വരെ സ്ട്രീറ്റ് ലൈറ്റ് വർക്ക് ചെയ്യിപ്പിച്ച ഫയൽ പരിശോധിച്ചു. അന്ന് നിലവിലുള്ള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ലോക്കൽ അഡ്മിനിസ്ട്രേഷൻ ജി.ഒ.(പി) നമ്പർ 270/98/എൽ.എ.ഡി. നമ്പർ 15-12-1998-ലെ ഉത്തരവ് പ്രകാരം ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് 40% വരെ ടെണ്ടർ എക്സസ് അനുവദിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ടി ഖണ്ഡികയിൽ തടസ്സപ്പെടുത്തിയ 41,383 രൂപ തടസ്സം ഒഴിവാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിൽ ഈ ഓഫീസിലെ ഇ-44348/07 തീയതി 14-11-2007 നമ്പർ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കോർപ്പറേഷന്റെ മറുപടിയിൻമേൽ അഭിപ്രായം ഒന്നും പറയാതെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ടി കാര്യം ഉൾപ്പെടു

ത്തിയിട്ടുള്ളതായതിനാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് മാത്രമേ ഒഴിവാക്കാനാകൂ എന്ന് ഓഡിറ്റിൽ നിന്നും അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ബി) പാട്ടുരായ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം.—2001-02 വർഷ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്ക് ചെയ്യിപ്പിച്ച സെക്ഷൻ II A.E-ശ്രീ. വി. ഐ. സുബ്രഹ്മണ്യന്റെ ബാദ്ധ്യതയാണെന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 11,522 രൂപ ടിയാളുടെ ഡി.സി.ആർ.ജി.യിൽ നിന്ന് പിടിച്ചിട്ടുണ്ട്.

(സി) ചേറൂർ റോഡ് ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം.— 2001-02 വർഷ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്ക് ചെയ്യിപ്പിച്ച സെക്ഷൻ II A.E.-ശ്രീ. വി. ഐ. സുബ്രഹ്മണ്യന്റെ ബാദ്ധ്യതയാണെന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 14,283 രൂപ ടിയാളുടെ ഡി.സി.ആർ.ജി. യിൽ നിന്ന് പിടിച്ചിട്ടുണ്ട്."

27. പാട്ടുരായ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ്, ചേറൂർ റോഡ് ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ വൈദ്യുതീകരണത്തിൽ അനുവദിച്ച ടെൻഡർ എക്സസ് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ ശ്രീ. വി. ഐ. സുബ്രഹ്മണ്യനിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ അടച്ചതായി 30-10-2008-ലെ തെളിവെടുപ്പുവേളയിൽ സമിതി മനസ്സിലാക്കി. എന്നാൽ രാമഞ്ചിറമഠം-സെന്റ് മേരീസ് റോഡ് തെരുവ് വിളക്ക് എന്ന വേലയിൽ 41,383 രൂപ അധികം നൽകിയതു സംബന്ധിച്ച് അന്നു നിലവിലുണ്ടായിരുന്ന പി.ഡബ്ല്യു.ഡി. നിരക്കിലാണ് നൽകി യിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് എഞ്ചിനീയറിംഗ് വിംഗ് സാക്ഷ്യപ്പെടുത്തിയി ട്ടുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി. 1-7-1992-ന് ശേഷമുള്ള എല്ലാ വേലകൾക്കും ടെൻഡർ എക്സസ് കൊടുക്കാൻ പാടില്ല എന്ന് സർക്കുലർ ഉത്തരവുണ്ടെന്ന് ആഡിറ്റ് ഓഫീസറും സമിതിയെ ധരിപ്പിച്ചു. ആഡിറ്റ് വകുപ്പിന്റെ കൈയ്യിലുള്ള രേഖയനുസരിച്ച് മേൽപ്പറഞ്ഞ 3 വേലകളും മാർക്കറ്റ് റേറ്റിനാണ് നടത്തിയിട്ടുള്ളതെന്നും 14-11-2007-ൽ കോർപ്പറേഷൻ ഓഡിറ്റ് ഖണ്ഡികയ്ക്ക് നൽകിയ മറുപടിയിൽ തെരുവുവിളക്ക് സ്ഥാപിക്കുന്ന പണി പി.ഡബ്ല്യു.ഡി. റേറ്റിനാണ് ചെയ്തതെന്ന വാദം കണക്കിലെടുത്ത് ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി പരിശോധനയ്ക്ക് ചെന്നപ്പോൾ കോർപ്പറേഷൻ അധികൃതർ ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയില്ലെന്നും ആഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

28. **പാട്ടുരായ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ്, ചേറൂർ റോഡ് ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ വൈദ്യുതീകരണത്തിൽ അനുവദിച്ച ടെൻഡർ എക്സസ് തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ ശ്രീ. വി. ഐ. സുബ്രഹ്മണ്യനിൽ നിന്നും ഈടാക്കിയിട്ടുള്ളതായി സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

29. **എന്നാൽ രാമഞ്ചിറമഠം-സെന്റ്മേരീസ് റോഡ് തെരുവ് വിളക്ക് എന്ന പ്രവൃത്തി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ മാർക്കറ്റ് റേറ്റിലാണോ, പി.ഡബ്ല്യു.ഡി. റേറ്റിലാണോ പ്രസ്തുത പണി ചെയ്തത് എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് അടിയന്തിരമായി ഇതു സംബന്ധിച്ച വിശദവിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സൂപ്രണ്ട് : 93-ൽ പേര് മാറ്റം : 98-ൽ ഉയർന്ന സ്കെയിൽ**

**1993-ലെ ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് പേര് മാറ്റിയ തസ്തികയ്ക്ക് 98-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ മറവിൽ ഉയർന്ന സ്കെയിൽ**

നഗരസഭയുടെ വൈദ്യുതി വിഭാഗത്തിലെ സൂപ്രണ്ട്, സീനിയർ അസിസ്റ്റന്റ് എന്നിവർക്കാണ് 98-ലെ ശമ്പളപരിഷ്കരണത്തിന്റെ മറവിൽ സീനിയർ സൂപ്രണ്ടിന്റെ 8200-12880 പുതുക്കിയ സ്കെയിൽ നിയമവിരുദ്ധമായി നൽകിയത്. മാത്രമല്ല മറ്റ് ചില ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷനോടനുബന്ധിച്ച് റീ ഫിക്സേഷൻ ആനുകൂല്യം നൽകിയതായും കാണുന്നു. നഗരസഭയുടെ തെറ്റായ നടപടി സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

ശമ്പളപരിഷ്കരണത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന നിർദ്ദേശം ലംഘിച്ചാണ് സൂപ്രണ്ടുമാർക്ക് ഉയർന്ന സ്കെയിൽ അനുവദിച്ചത്. നഗരസഭ ഇതിന് തീരുമാനം എടുത്തത് 29-5-2004-ലാണ്. സർക്കാർ അംഗീകാരം ലഭിച്ചത് 23-6-2004-ലും [ജി.ഒ.(എംഎസ്.) നമ്പർ 206/04] മാത്രമല്ല ജൂനിയർ സൂപ്രണ്ടുമാരുടെ ശമ്പളം 6060-10180 സ്കെയിലിൽ പുനർനിർണ്ണയിക്കുവാനും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഉത്തരവ് ബാധകമാക്കി ശമ്പളം നിജപ്പെടുത്തിയതിന് തെളിവില്ല.

സംസ്ഥാന വൈദ്യുതി ബോർഡിൽ 93-ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക പുനർനാമകരണം ചെയ്ത് സീനിയർ സൂപ്രണ്ട് എന്നാക്കിയിരുന്നു. ഇതിന്റെ മറവിൽ നഗരസഭാ വൈദ്യുതി വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തിക 93-ൽ തന്നെ സ്കെയിലിൽ മാറ്റം വരുത്താതെ സീനിയർ സൂപ്രണ്ട് എന്നാക്കിയിരുന്നു. തുടർന്ന് വൈദ്യുതി ബോർഡിലെ 98-ലെ ശമ്പള പരിഷ്കരണം വൈദ്യുതി വിഭാഗത്തിലും സർക്കാർ അനുമതിയില്ലാതെ നടപ്പാക്കിയപ്പോഴാണ് 8200-12880 സ്കെയിൽ അനുവദിച്ചത്.

നിയമവിരുദ്ധമായി ശമ്പളം വർദ്ധിപ്പിച്ച് നൽകിയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കണം. ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ. 4.I.4.2.]

30. ഓഡിറ്റ് ഖണ്ഡികയ്ക്ക് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

കെ.എസ്.ഇ.ബി.യിലെ സേവനവേതന വ്യവസ്ഥകളാണ് തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിലവിലുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പബ്ലിക്

സർവ്വീസ് കമ്മീഷൻ വഴിയാണ് കാലാകാലങ്ങളിൽ നിയമനവും നടക്കുന്നത്. ആയതിനാൽ കെ.എസ്.ഇ.ബി.യിലെ ശമ്പള പരിഷ്കരണ ഉത്തരവുകൾ തൃശ്ശൂർ നഗരസഭ കൗൺസിൽ പാസ്സാക്കി ശുപാർശ ചെയ്ത് ഗവൺമെന്റിലേക്ക് അയയ്ക്കു കയും ശമ്പള പരിഷ്കരണം തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുകയാണ് പതിവ്. കെ.എസ്.ഇ.ബി.യിൽ 1993-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1998 കാലഘട്ടത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തിക പൂർണ്ണമായും ഇല്ലാതാക്കുകയും ടി തസ്തികകൾ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുകയും ചെയ്യുക ഉണ്ടായി. ആയതിനാൽ 1998-ലെ കെ.എസ്.ഇ.ബി. ശമ്പള പരിഷ്കരണ ഉത്തരവിൽ ജൂനിയർ സൂപ്രണ്ട് തസ്തികയി ലേക്ക് ശമ്പളം നിർണ്ണയിച്ചിരുന്നില്ല. കെ.എസ്.ഇ.ബി.യിൽ സീനിയർ സൂപ്രണ്ട് തസ്തിക മാത്രമേ നിലവിലുണ്ടായിരുന്നുള്ളു. ആയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലും ജൂനിയർ സൂപ്രണ്ട് തസ്തിക മുഴുവനും സീനിയർ സൂപ്രണ്ട് തസ്തികയായി പുനർനാമകരണം ചെയ്യപ്പെട്ടു.

എന്നാൽ 2005-ൽ ഓഡിറ്റ് പരിശോധനയിൽ ഈ നടപടി അംഗീകരിക്കാ തിരിക്കുകയും വൈദ്യുതി വിഭാഗത്തിലെ സീനിയർ സൂപ്രണ്ടുമാരുടെ തസ്തികയിൽ അധികം പേർ ജോലി ചെയ്യുന്നുവെന്നും അവരെ റിവേർട്ട് ചെയ്ത് അധികം നൽകിയ തുക തിരിച്ചു പിടിക്കണമെന്നും കാണിച്ച് ശുപാർശ ഉണ്ടാവുകയും തുടർന്ന് ഇതേ കാര്യം നിർവ്വഹിക്കുന്നതിന് 16-1-2005-ലെ 15946/എ1/2004/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവും അതനുസരിച്ച് 18-1-2005-ൽ ബി8-121/07/03 ഡയറക്ടറുടെ ഉത്തരവും ഉണ്ടായി. അതനുസരിച്ച് അധികം നൽകിയ തുക തിരിച്ചടവാക്കുന്നതിന് 19-1-2005-ലെ ഇ2(1)590/2005 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി ഉത്തരവ് പുറപ്പെടു വിക്കുകയുണ്ടായി. ഇതിനെതിരെ ബന്ധപ്പെട്ട സൂപ്രണ്ടുമാർ ഹൈക്കോടതിയെ സമീപിച്ച് WP(C) 2212/2005 WP(C) 3187/2005 കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയതിന് സ്റ്റേ ഉത്തരവ് ഈ ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. WP(C) 2212/2005 എന്ന കേസ്സിൽ 24-8-2007-നു WP(C) 3187/2005 എന്ന കേസിൽ 26-2-2007-നും അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുള്ളതാണ്. നഗരസഭ സ്റ്റാൻഡിംഗ് കൗൺസിൽ സ്റ്റേ ഒഴിവാക്കുന്നതിനും കേസ് ഡിസ്പോസ് ചെയ്യുവാനും അടിയന്തിര നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്. കോടതി സ്റ്റേ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയ സീനിയർ സൂപ്രണ്ടുമാരും കേസിൽ കക്ഷികളുമായ ശ്രീമതി വിജയലക്ഷ്മി, ശ്രീമതി ത്രേസ്യാമ്മ കുര്യൻ, ശ്രീമതി സതീദേവി, കെ. എസ്. എന്നിവരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ ഭാഗമായി ഇവരോട് വിശദീകരണം ചോദിക്കുകയും ആയതിനുള്ള മറുപടി തൃപ്തികരമല്ല എന്ന് കണ്ട് ചാർജ്ജ് മെമ്മോ നല്കുകയും ചെയ്തു കഴിഞ്ഞു.

കോടതി സ്റ്റേ ഒഴിവാക്കി കിട്ടിയാൽ ഉടൻ ബന്ധപ്പെട്ടവരുടെ ശമ്പളത്തിൽ നിന്നും അധികമായി നൽകിയ തുക തിരിച്ചു പിടിക്കുന്നതാണ്.

കേസിൽ ഉൾപ്പെടാത്തവരിൽ നിന്നും അധികം പറ്റിയ തുകകൾ തിരിച്ചു പിടിച്ചി ട്ടുണ്ട്. (ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു). മൊത്തം തുക 2,31,572 രൂപ.

ശ്രീ. കെ.യു. ശ്രീധരൻ-16,900 രൂപ, ശ്രീമതി കെ.സി. ജാനു-81,110 രൂപ, ശ്രീമതി എ. ലളിത-36,157 രൂപ, ശ്രീ. എം.ജി. ഹരിഹരൻ-34,722 രൂപ, ശ്രീ. കെ.ആർ. മുകുന്ദൻ-38,727 രൂപ, ശ്രീ. കെ.പി. ദിനേശൻ-2,975 രൂപ, ശ്രീ. കെ.സി. രാമചന്ദ്രൻ-16,406 രൂപ, ശ്രീ. എ.വി. കൃഷ്ണൻകുട്ടി-4,575 രൂപ.

**ഭരണവകുപ്പിന്റെ നടപടി**

ഭരണവകുപ്പ് മേൽ വിഷയം പരിശോധിക്കുകയുണ്ടായി. വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്ന ശമ്പള പരിഷ്കരണം നഗരസഭ വൈദ്യുതി വിഭാഗത്തിൽ നടപ്പിലാക്കുന്നതിനു മുമ്പായി കൗൺസിൽ അനുവാദവും അതേ തുടർന്ന് പ്രത്യേക സർക്കാർ അനുവാദവും ആവശ്യമാണ്. 1998-ലെ ശമ്പള പരിഷ്കരണം സർക്കാർ മുൻകൂർ അനുവാദം ഇല്ലാതെയാണ് നഗരസഭയിൽ നടപ്പിലാക്കിയത്. തൻമൂലം സർക്കാർ അംഗീകാരം ലഭിച്ചപ്പോൾ ജൂനിയർ സൂപ്രണ്ട് തസ്തിക നിലനിർത്തുകയും എന്നാൽ വൈദ്യുതി ബോർഡിലെ തസ്തികയിൽ നിന്നും കുറഞ്ഞ നിരക്ക് മാത്രം അനുവദിക്കുകയും ചെയ്തു. തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ ബോർഡ് ഉത്തരവിന് സമാനമായ സീനിയർ സൂപ്രണ്ട് നിരക്ക് എല്ലാ സൂപ്രണ്ടുമാർക്കും നൽകിയതിനാൽ അധിക ചെലവ് സംഭവിക്കുകയുണ്ടായി. അധിക തുക ഈടാക്കുന്നതിന് സർക്കാരും നഗരസഭ ഡയറക്ടറും നഗരസഭ അസിസ്റ്റന്റ് സെക്രട്ടറിയും നൽകിയ ഉത്തരവുകൾ കോടതി നിരോധന ഉത്തരവിനെ തുടർന്ന് നടപ്പിലാക്കിയിട്ടില്ല. നിരോധന ഉത്തരവിന്റെ പകർപ്പ് നഗരകാര്യ വകുപ്പിൽ അതേ സമയം തന്നെ ലഭിക്കുകയുണ്ടായില്ല.

എങ്കിലും ഇപ്പോൾ ടി പകർപ്പ് ലഭിച്ചതിനെ തുടർന്ന് സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. കേസിൽ ഭരണവകുപ്പിന്റെ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കുന്നതിനുള്ള സംഗതി വിവരപത്രിക അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ 20-5-2008-ൽ ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് നൽകി കഴിഞ്ഞു. സ്റ്റേ എത്രയും വേഗം നീക്കം ചെയ്ത് സർക്കാർ തീരുമാനം നടപ്പിലാക്കുമെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

31. 30-10-2008-ലെ തെളിവെടുപ്പുയോഗത്തിൽ മേൽ വിഷയം സമിതി പരിഗണിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന സമിതിയുടെ ചോദ്യത്തിന് കോടതി സ്റ്റേ നീക്കി കിട്ടുന്നതിനായി നടപടി സ്വീകരിച്ചിരിക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചു. നാലു വർഷമായിട്ടും സ്റ്റേ വെക്കേറ്റ് ചെയ്യാൻ കഴിയാത്തതിനെ സമിതി വിമർശിച്ചു. എന്നാൽ ഇക്കാര്യം കഴിഞ്ഞ കൗൺസിലിൽ സമർപ്പിക്കുകയുണ്ടായെന്നും അധീഷണൽ സ്റ്റേറ്റുമെന്റ് ഫയൽ ചെയ്യുന്നതിനു നടപടി സ്വീകരിച്ചപ്പോൾ ഒന്നാം പ്രതി ഗവൺമെന്റും രണ്ടും മൂന്നും പ്രതികൾ യഥാക്രമം ഡയറക്ടറും മുനിസിപ്പാലിറ്റിയുമാണെന്നും കണ്ടതിനാൽ ഗവൺമെന്റ് പ്ലീഡറോട് ഇക്കാര്യം സംസാരിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ ഡയറക്ടർ അറിയിച്ചു. ഇപ്പോഴത്തെ വക്കീലായ ശ്രീ. കെ.ബി. മോഹൻദാസിന് മുമ്പ് ശ്രീ. കെ.പി. വിജയനായിരുന്നു വക്കീലെന്നും പുതിയ കൗൺസിൽ നിലവിൽ വന്നപ്പോൾ ഇന്ററിം ട്രാൻസ്ഫർ വരികയും ചെയ്തെന്ന് സെക്രട്ടറി വ്യക്തമാക്കി. കോടതി സ്റ്റേ ഒഴിവാക്കുവാൻ കാലതാമസം വരുത്തിയതിന് ഉത്തരവാദികളായ നാലുപേരുടെ പേരിലും നടപടി സ്വീകരിക്കണമെന്നുള്ള

നിർദ്ദേശത്തിന്റെ അവസ്ഥയെന്താണെന്ന സമിതിയുടെ ചോദ്യത്തിന് ചാർജ്ജ് മെമ്മോ കൊടുത്തിരിക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചു.

അഡ്വക്കേറ്റ് മോഹൻദാസിന് ഏറ്റവും ഒടുവിൽ കത്തയച്ചതെന്നാണെന്ന സമിതിയുടെ ചോദ്യത്തിന് 7-11-2007-ലാണെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ എം.ഒ.പി. അനുസരിച്ച് മൂന്ന് മാസം കഴിഞ്ഞാൽ ഓർമ്മക്കുറിപ്പ് അയയ്ക്കണമെന്നും, 15 ദിവസം കഴിഞ്ഞ് വീണ്ടും അയയ്ക്കണമെന്നുമാണ് വ്യവസ്ഥ എന്നും ചൂണ്ടിക്കാട്ടിയ സമിതി എന്തുകൊണ്ട് സെക്രട്ടറി അപ്രകാരം പ്രവർത്തിച്ചില്ല എന്നും ആരാഞ്ഞു. 5 പേർ കേസിനു പോകുകയും അതിൽ മൂന്നു പേർ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന നടപടികൾക്ക് മനഃപൂർവ്വം കാലതാമസം വരുത്തുകയും ചെയ്തു എന്ന് ബോദ്ധ്യപ്പെട്ടുവെങ്കിൽ ആ മൂന്നു പേർക്കുമെതിരെ ഉടൻ തന്നെ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

**33. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കോടതി കേസ്സിൽ നാലു വർഷമായിട്ടും സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ മനഃപൂർവ്വം കാലതാമസം വരുത്തിയ സീനിയർ സൂപ്രണ്ടുമാരായ ശ്രീമതി വിജയലക്ഷ്മി, ശ്രീമതി ത്രേസ്യാമ്മ കുര്യൻ, ശ്രീമതി സതീദേവി കെ. എസ്. എന്നിവർക്കെതിരെ അടിയന്തിരമായി വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം കേസിലുള്ള സ്റ്റേ നീക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് സർചാർജ്ജ് നോട്ടീസ് നൽകി നഗരസഭയ്ക്ക് തിരികെ ലഭിക്കേണ്ടതായ തുക പലിശ സഹിതം അധിക ശമ്പളം കൈപ്പറ്റിയ സൂപ്രണ്ടുമാരായ (ശ്രീമതി എ. ലളിത, ശ്രീമതി ടി. വിജയലക്ഷ്മി, ശ്രീമതി എൻ. രുഗ്മിണി അമ്മ, ശ്രീ. ജോമോൻ, സി. ജെ., ശ്രീ. സിറിൾ ടി. ഫെർണാണ്ടസ്, ശ്രീമതി ടി.എൻ. റോസിലി, ശ്രീമതി ത്രേസ്യാമ്മ കുര്യൻ, ശ്രീമതി സതീദേവി, കെ. എസ്. എന്നിവരുടെ) പക്കൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ഗുരുവായൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**കിണർ നിർമ്മാണം (പട്ടികജാതി, ജനറൽ) മുൻകൂർ നൽകി—പണി പൂർത്തീകരിച്ചില്ല.**

1998-1999-ലെ ജനകീയാസൂത്രണത്തിൽ ടി പദ്ധതിക്കു വേണ്ടി പട്ടികജാതി വിഭാഗത്തിനും, ജനറൽ വിഭാഗത്തിനും ആനുകൂല്യം നൽകുന്നതിനായി യഥാക്രമം 37,500 രൂപയും 4,50,000 രൂപയും അതാത് കൺവീനർമാർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ ഒരാളും ജനറൽ വിഭാഗത്തിൽ 69 പേരും കിണർ പൂർത്തിയാക്കി എന്നു പറയുന്നുണ്ടെങ്കിലും പൂർത്തീകരിക്കപ്പെട്ട കിണറുകളുടെ അളവെടുത്ത് മൂല്യം നിർണ്ണയിക്കുകയോ അനുബന്ധ ചെലവുകളും ബില്ലുകളും വൗച്ചറുകളും മസ്റ്റർ റോളുകളും ഒന്നും തന്നെ ഹാജരാക്കിയിട്ടുമില്ല. ഇവയുടെ ഒന്നും പിൻബലമില്ലാതെ മോണിറ്ററിംഗ് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. 31-3-1999-ൽ തന്നെ മുൻകൂർ നൽകിയിട്ടും 31-5-2001-ലും

പണി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിപ്പണം ഉദ്ദേശിച്ച കാര്യത്തിന് വിനിയോഗിച്ചു എന്നതിന്റെ കണക്കും റിപ്പോർട്ടും നൽകാതെയിരിക്കുന്നതും നിശ്ചിതസമയത്ത് പൂർത്തീകരിക്കാതെയിരിക്കുന്നതും കരാർ ലംഘനവും നിലവിലുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധവുമാണ്. കരാർ ലംഘനം നടത്തിയ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്ന് 18 ശതമാനം പലിശ സഹിതം ടി തുക ഈടാക്കേണ്ടതാണ്.

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യത്തിന് ശുപാർശ ചെയ്യുന്ന മോണിറ്ററിംഗ് സമിതിയുടെ പ്രവൃത്തി ആഡിറ്റ് ശക്തമായി വിമർശിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.7 (i).]

34. ഓഡിറ്റ് ഖണ്ഡികയ്ക്ക് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"1998-99 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് കിണർ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്ത ഈ പദ്ധതിയിലൂടെ നഗരാതിർത്തിക്കുള്ളിലെ കിണർ ഇല്ലാത്ത പിന്നോക്ക വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് കിണർ നിർമ്മിക്കുന്നതിനും അതുവഴി ഡിസംബർ മാസം മുതൽ മഴക്കാലം വരെയുള്ള കാലയളവിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജല ദൗർലഭ്യത്തിന് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യം നേടുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 72 സെ.മീ. ഉയരവും 360 സെ.മീ. വ്യാസവുമുള്ള ഒരു റിംഗിന് 1,000 രൂപ മതിപ്പ് ചെലവാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു കിണറിന് 10 റിംഗ് എന്ന വ്യവസ്ഥയിൽ ഒരു കിണറിന് പരമാവധി 10,000 രൂപ നിരക്കിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡി 5,000 രൂപ ധനസഹായവും പട്ടികജാതി വിഭാഗത്തിന് 7,500 രൂപ ധനസഹായവുമാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. ആയതു പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുത്ത കൺവീനർ, ചെയർമാൻ എന്നിവർ മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗുണഭോക്താക്കൾക്ക് പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള തുകകൾ അനുവദിച്ചതായി കാണുന്നുള്ളു. ഗുണഭോക്തൃ സമിതി കൺവീനറും ചെയർമാനും ചെലവഴിച്ച തുകയുടെ സ്റ്റേറ്റ്മെന്റ് സഹിതം തുക അനുവദിച്ചിരുന്ന ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷ ഫയലിൽ ഉണ്ട്. വിവിധ സ്ഥലങ്ങളിലായി നടക്കുന്ന കിണർ നിർമ്മാണത്തിന് മൊത്തമായി ഒരു സ്ഥലത്ത് മെറ്റീരിയൽസ് സംഭരിച്ച് പണി നടത്തുവാൻ സാധിക്കാത്തതിനാലും ഒരു സ്ഥലത്ത് ഒരു ദിവസം ഒരു റിംഗ് മാത്രമേ നിർമ്മിക്കാനാകൂ എന്നതിനാലും ഒരു ദിവസത്തേയ്ക്ക് തൊഴിലാളികളെ ഏർപ്പാടാക്കുന്നത് പ്രായോഗികമല്ലാത്തതിനാലും റിംഗ് വാർക്കുന്നതിന് അച്ചുകൾ ആവശ്യമുള്ളതിനാലും ഒരു റിംഗിന് 1,000 രൂപ നിരക്കിൽ കിണർ നിർമ്മിച്ച് നൽകുന്നവരെ ഏൽപ്പിച്ച് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ നഗരസഭയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ആയതിനാൽ സാധനങ്ങൾ വാങ്ങിയതിന്റെ വൗച്ചറുകളും രസീതുകളും ഇല്ലെന്നും കൺവീനറും ചെയർമാനും രേഖാമൂലം അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നുണ്ട്. ഇക്കാരണത്താൽ തന്നെയാണ് അളവുകൾ എടുക്കാൻ

കഴിയാതിരുന്നത്. ഗുണഭോക്താക്കൾക്ക് മോണിറ്ററിംഗ് കമ്മിറ്റി പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം പണി പൂർത്തീകരിച്ചതിനുശേഷം തുക അനുവദിച്ചതിന്റെ കൃത്യമായ നടപടിക്രമങ്ങൾ ഫയലിൽ കാണുന്നുണ്ട്. ആയതിൽ നിന്ന് വളരെ ഫല പ്രദമായി നടപ്പിൽ വരുത്തിയ കമ്മിറ്റിക്ക് അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ച് ലക്ഷ്യം നേടിയ പ്രോജക്ടാണ് ഇതെന്നാണ് മനസ്സിലാകുന്നത്.

പട്ടികജാതി വിഭാഗത്തിനുള്ള പദ്ധതി പ്രകാരം 10 കിണറുകളുടെ നിർമ്മാണ ത്തിന് 3-3-1999-ലെ 41681 നമ്പർ ചെക്കുപ്രകാരം കൺവീനർക്ക് 37,500 രൂപ മുൻകൂർ നൽകിയിരുന്നു. പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നതിനാൽ തുക തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകിയതിനെ തുടർന്ന് ടിയാൻ 1 കിണറിന് ചെലവഴിച്ച 15,000 രൂപയും മുദ്രപത്രത്തിന് ചെലവഴിച്ച 150 രൂപയും കഴിച്ചുള്ള തുക പലിശ 2,944 രൂപ സഹിതം 25,294 രൂപ 6-6-2002-ലെ 25737 നമ്പർ രസീതുപ്രകാരം നഗരസഭയിൽ തിരിച്ചടച്ചിട്ടുള്ളതാണ്.

ജനറൽ വിഭാഗത്തിനുള്ള പദ്ധതി പ്രകാരം കൺവീനർക്ക് 4,50,000 രൂപ മുൻകൂർ നൽകിയിരുന്നു. ചെലവുവിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 5,000 രൂപാ പ്രകാരം 63 പേർക്ക് | .. | 3,15,000 | രൂപ |
| 4,750 രൂപാ പ്രകാരം 2 പേർക്ക് | .. | 9,500 | രൂപ |
| 4,500 രൂപാ പ്രകാരം 3 പേർക്ക് | .. | 13,500 | രൂപ |
| 2,500 രൂപാ പ്രകാരം ഒരാൾക്ക് | .. | 2,500 | രൂപ |
| ചെക്ക് കളക്ഷൻ ചാർജ്ജ് | .. | 158 | രൂപ |
| ആകെ | .. | 3,40,658 | രൂപ |

4,50,000 രൂപയ്ക്ക് ലഭിച്ച ബാങ്ക് പലിശ 20,948 രൂപ ഉൾപ്പെടെ 4,70,948 രൂപ യിൽ ചെലവായ 3,40,658 രൂപ കഴിച്ച് ബാക്കി 1,30,290 രൂപ 1-10-2003-ലെ 45773 നമ്പർ രസീതുപ്രകാരം തിരികെ അടച്ചിട്ടുള്ളതും 5-11-2003-ലെ 897677 നമ്പർ ചെക്കുപ്രകാരം പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ളതുമാണ്."

35. പട്ടികജാതിക്കാർക്കായുള്ള പദ്ധതികൾ ഒന്നുംതന്നെ പൂർത്തിയാക്കാത്ത തിന്റെ കാര്യകാരണങ്ങൾ 7-10-2008-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി ആരാഞ്ഞതിന്, 20 സെന്റിൽ കൂടുതൽ സ്ഥലമുള്ള പട്ടികജാതിക്കാർക്ക് കാർഷികാ വശ്യത്തിന് കിണർ കുഴിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു പ്രസ്തുത പ്രോജക്ടെന്നും അപ്രകാരം വ്യവസ്ഥകൾക്കനുസൃതമായി ഒരു വ്യക്തിക്ക് മാത്രമേ അർഹത ഉണ്ടായിരുന്നുള്ളൂവെന്നും സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

36. 15,000 രൂപയുടെ പ്രവൃത്തി ചെയ്തുവെന്ന് എഞ്ചിനീയർ സർട്ടിഫൈ ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 13-10-1999-ൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കുകയും പണി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും ഗുരുവായൂർ മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

37. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിട്ടുളളത് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ മാത്രമാണെന്നും, പേയ്മെന്റ് നടത്തണമെന്ന് പറയുന്ന ശുപാർശയും പ്രവൃത്തി നടന്നു എന്ന് ആധികാരികമായി കാണിക്കുന്ന റിപ്പോർട്ടും രണ്ടും വ്യത്യസ്തമാണെന്നും, അതോടൊപ്പം തന്നെ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന് ഉപോൽബലകമാകേണ്ട മിനിറ്റ്സോ, വൗച്ചറോ മറ്റു രേഖകളോ എം. ബുക്കോ യാതൊന്നുംതന്നെ മുനിസിപ്പാലിറ്റിയിൽ പരിശോധനയ്ക്ക് ലഭ്യമല്ല എന്നും സമിതി ചൂണ്ടിക്കാട്ടി.

38. ജനറൽ വിഭാഗത്തിന് നൽകിയ 4,50,000 രൂപ തിരിച്ചടച്ചിട്ടുണ്ടോ എന്നും അത് സംബന്ധിച്ച എം. ബുക്ക് ലഭ്യമാണോ എന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത പ്രോജക്ടിന് 3,40,658 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ബാക്കി തുക തിരികെ അടച്ചിട്ടുണ്ടെന്നും എം. ബുക്ക് ഇല്ലെന്നും സെക്രട്ടറി (ഇൻ-ചാർജ്) വ്യക്തമാക്കി. ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പ്രോജക്ട് റിപ്പോർട്ട് ഉണ്ടെന്ന് സെക്രട്ടറി-ഇൻ-ചാർജ് വ്യക്തമാക്കി. കിണറുകൾ ഇപ്പോഴും നിലവിലുണ്ടെങ്കിൽ ആയത് അളന്ന് എം. ബുക്കിൽ രേഖപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

39. **ജനകീയാസൂത്രണ പദ്ധതികൾ ചട്ടങ്ങൾക്കു വിധേയമായി മാത്രം നടപ്പാക്കണമെന്നും പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട്, ചെലവ് രേഖകൾ, എം. ബുക്ക്, ഇതു സംബന്ധിച്ച കമ്മിറ്റികളുടെ മിനിറ്റ്സ്, റിപ്പോർട്ട് എന്നിവ വീഴ്ച കൂടാതെ സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

40. **കിണർ നിർമ്മാണം സംബന്ധിച്ച് ഒറിജിനൽ പ്രോജക്ട് റിപ്പോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്, വൗച്ചറുകൾ, എം. ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ തൃശ്ശൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് വൈദ്യുതീകരണം—നടത്തിപ്പിലെ അപാകതകൾ**

ദുർബല വിഭാഗത്തിലെ 50 വീടുകൾക്ക് ഒരു പോയിന്റ് വൈദ്യുതീകരണത്തിന് ഒരു വീടിന് 1,250 രൂപ പ്രകാരം 35,000 രൂപ ഗുണഭോക്തൃ സമിതിക്ക് നൽകിയിട്ടുണ്ട്. പണി നടത്തിയതിന്റെ രേഖകൾ കൺവീനറോ അവ അളന്ന് തിട്ടപ്പെടുത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് മുനിസിപ്പൽ അധികാരികളോ നൽകിയിട്ടില്ല. പണി പൂർത്തിയാക്കിയതിനാൽ തുക അനുവദിച്ചു നൽകാൻ ഗുണഭോക്താക്കൾ നേരിട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ കൺവീനറാണോ പണി നടത്തിയത് എന്നുളളത് വ്യക്തമല്ല. പണി നടത്തിയതിന്റെ റിപ്പോർട്ടും അനുബന്ധ രേഖകളും ഹാജരാക്കാത്തതിനാൽ മുൻകൂർ നൽകിയ 35,000 രൂപ 18 ശതമാനം പിഴപ്പലിശയടക്കം കൺവീനറിൽ നിന്ന് ഈടാക്കാവുന്നതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.7 (ii).]

41. ഓഡിറ്റ് ഖണ്ഡികയ്ക്ക് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"കൺവീനർ വയറിംഗ് പ്രവൃത്തി പൂർത്തിയാക്കി, ഗുണഭോക്താവ് വൈദ്യുതി ബോർഡിൽ ക്യാഷ് ഡെപ്പോസിറ്റ് അടച്ചതിന്റെ അടിസ്ഥാനത്തിലാണ് മോണിറ്ററിംഗ് കമ്മിറ്റി പ്രവൃത്തി പരിശോധിക്കുന്നതും ചെലവ് അംഗീകരിക്കുന്നതും ഗുണഭോക്തൃ സമിതി ചെയ്ത പ്രവൃത്തിക്ക് നടപടിക്രമങ്ങളുടെ അറിവില്ലായ്മമൂലമാണ് ഗുണഭോക്താക്കൾ നേരിട്ട് നഗരസഭയിൽ അപേക്ഷ നൽകാൻ ഇടയായത്. ഇപ്രകാരം പ്രവൃത്തി ചെയ്ത് വൈദ്യുതി ബോർഡിൽ ക്യാഷ് ഡെപ്പോസിറ്റ് അടച്ച 19 പേരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നഗരസഭ അനുവദിച്ച തുക | .. | 35,000 |
| ബാങ്ക് പലിശ | .. | 4,255 |
| ആകെ വരവ് | .. | 39,255 |
| 750 രൂപ പ്രകാരം 19 പേർക്ക് ചെലവ് | .. | 14,250 |
| ചെക്ക് കളക്ഷൻ ചാർജ്ജ് | .. | 31 |
| ആകെ ചെലവ് | .. | 14,281 |
| ബാക്കി | .. | 24,974 |

ബാക്കി തുകയായ 24,974 രൂപ 1-10-2003-ലെ 45779 നമ്പർ രസീത് പ്രകാരം നഗരസഭയിൽ തിരിച്ചടച്ചിട്ടുള്ളതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

42. പ്രസ്തുത പദ്ധതിയിൽ എത്ര തുക ചെലവായി എന്ന് സമിതി ആരാഞ്ഞതിന്, 50 വീടുകൾക്ക് വീടൊന്നിന് 1,250 രൂപ വീതം ഒരു പോയിന്റ് വൈദ്യുതീകരണത്തിനായി 35,000 രൂപ ഗുണഭോക്തൃ സമിതിക്ക് നൽകിയിട്ടുണ്ടെന്നും 19 വീടുകൾ വീടൊന്നിന് 750 രൂപാ നിരക്കിൽ പൂർത്തിയായിട്ടുണ്ടെന്നും ബാക്കി തുക പലിശ സഹിതം 24,974 രൂപ കൺവീനർ തിരിച്ചടച്ചിട്ടുണ്ടെന്നും ഗുരുവായൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

43. 1997-98-ൽ മുൻകൂർ നൽകിയ പണത്തിൽ ചെലവായതു കഴിച്ച് ബാക്കി തുക തിരികെ നൽകിയത് 2003-04-ൽ മാത്രമാണെന്നും അഞ്ചുവർഷത്തോളം ഈ തുക കൺവീനർ കൈവശം വച്ച പ്രവൃത്തി ഒട്ടും ന്യായീകരിക്കത്തക്കതല്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

44. വൈദ്യുതീകരണത്തിന് ദുർബല വിഭാഗത്തിൽപ്പെട്ട ആളുകളിൽ 24 വ്യക്തികൾ സി.ഡി. (CD) അടച്ചിട്ടുണ്ടായിരുന്നെങ്കിലും 19 പേർക്ക് മാത്രം തുക നൽകിയതിന്റെ കാരണം സമിതി ആരായുകയുണ്ടായി. അതു സംബന്ധിക്കുന്ന എല്ലാ രേഖകളും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു എന്ന് ഗുരുവായൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

45. **കൺവീനർക്ക് തുക നൽകിയതിന്റെയും പ്രവൃത്തിയുടെ ചെലവ് കഴിഞ്ഞ് 24,974 രൂപ കൺവീനർ തിരിച്ചടച്ചതിന്റെയും പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തിയതിന്റെയും രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സാധിക്കുമെങ്കിൽ ആയത് ഒഴിവാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു.**

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലനം (പട്ടികജാതി വിഭാഗം)—ചെലവ് അനുവദിക്കുന്നില്ല**

പട്ടികജാതിയിൽപ്പെട്ട 17 യുവതീയുവാക്കൾക്ക് നാലുമാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് 51,525 രൂപ അടങ്കലുള്ള ടി പദ്ധതി നടപ്പിലാക്കാൻ കരാർ വച്ച 'അപ്ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ' എന്ന സ്ഥാപനത്തിനുവേണ്ടി ഒരു വ്യക്തിക്ക് മുൻകൂറായി 51,000 രൂപ അനുവദിച്ചു നൽകി. മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ഒരു വ്യക്തിയെ ഫ്രാഞ്ചൈസിയായി തെരഞ്ഞെടുത്തതും പരിശീലനം ആരംഭിക്കുന്നതിനു മുമ്പുതന്നെ 51,000 രൂപയും നൽകിയതും തെറ്റായ നടപടിയാണ്. പരിശീലനം ആർക്കെല്ലാം എന്നുമുതൽ എന്നുവരെ നടത്തി, ആയതിന് സർട്ടിഫിക്കറ്റുകൾ നൽകിയോ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിജയകരവും സുതാര്യവുമായ രീതിയിൽ നടത്തി എന്നതിന്റെ രേഖകൾ ഇല്ലാത്തതിനാൽ ടി ചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. 18 ശതമാനം പലിശയുൾപ്പെടെ ഈടാക്കാൻ ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.7(iii).]

46. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

"ഈ പദ്ധതിയുടെ നിർവ്വഹണാധികാരി വ്യവസായ വകുപ്പിൽ നിന്നുള്ള വ്യവസായ വികസന ഓഫീസറായിരുന്നു. ടി പദ്ധതി 22-10-1998-ലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പദ്ധതിയുടെ നടത്തിപ്പു തുകയായ 51,000 രൂപ 23-3-1999-ൽ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കിയ സമ്മതപത്രം പ്രകാരം Aptech Computer Education എന്ന സ്ഥാപനത്തിനാണ് മുൻകൂർ നൽകിയിട്ടുള്ളത്, ഗുണഭോക്താക്കളായ 17 യുവതീയുവാക്കളെ തെരഞ്ഞെടുത്തതിന് ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 17 പേരും പരിശീലനം വിജയകരമായി പൂർത്തിയാക്കിയതായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള പൂർത്തീകരണപത്രം ഹാജരാക്കിയിട്ടുള്ളതാണ്."

47. കമ്പ്യൂട്ടർ പരിശീലനത്തിന് ആളെ നിയമിച്ച് ആ വ്യക്തിക്ക് മുൻകൂറായി മുഴുവൻ തുകയും നൽകിയ നടപടിയെക്കുറിച്ച് സമിതി 7-10-2008-ലെ തെളിവെടുപ്പു യോഗത്തിൽ വിശദീകരണം ആരാഞ്ഞു. കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി "അപ്ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ" എന്ന സ്ഥാപനവുമായി കരാർ ഉണ്ടാക്കിയെന്നും 51,000 രൂപ മുൻകൂറായി നൽകിയെന്നും ആ സ്ഥാപനമാണ് തുക കൈപ്പറ്റിയതായി രസീത് നൽകിയിരിക്കുന്നതെന്നും പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറാണ് മുൻകൂറായി തുക നൽകിയതെന്നും ഗുരുവായൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്) സമിതിയിൽ വ്യക്തമാക്കി.

48. കമ്പ്യൂട്ടർ പരിശീലനം ആർക്കെല്ലാം എന്നുമുതൽ എന്നുവരെ നടത്തി എന്നതു സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകിയോ തുടങ്ങിയ വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത പദ്ധതിക്ക് പ്രോജക്ട് ഉണ്ടായിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് പ്രോജക്ട് ഉണ്ടെന്നും എന്നാൽ ഫയൽ ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറുടെ കൈവശമാണെന്നും ടിയാൾ വിദേശത്ത് ജോലി കിട്ടി പോയെന്നും സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

49. 51,000 രൂപ മുൻകൂറായി സ്വീകരിച്ചത് 55 വയസ്സ് പ്രായമുളള ഗോവിന്ദൻ എന്ന കൺവീനറാണെന്നും അന്നത്തെ സെക്രട്ടറി ശ്രീ. വി. ആർ. രാജു ആയിരുന്നെന്നും വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിയതായി അപ്ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ടെന്നും അതിന്റെ റിപ്പോർട്ട് ഉണ്ടെന്നും സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

50. **ഏതൊരു പദ്ധതിയുടെയും ആകെ ചെലവിന്റെ 20%-ൽ കൂടുതൽ തുക മുൻകൂറായി നൽകുന്നത് ചട്ടപ്രകാരം ശരിയല്ല. ഭാവിയിൽ ഇത്തരത്തിലുള്ള ചട്ടലംഘനം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

51. **അതോടൊപ്പം അപ്ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ എത്ര പേർക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകിയെന്നതു സംബന്ധിച്ചും തുക നൽകിയ തിനുളള വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവയും ഫയലുൾപ്പെടെ ഓഡിറ്റ് വകുപ്പ് വിശദമായി പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സി. എഫ്. ലാമ്പുകൾ വിതരണത്തിലെ ക്രമക്കേടുകൾ**

പതിനൊന്ന് വാട്ട്സിന്റെ 2200 സി.എഫ്. ലാമ്പുകൾ വാങ്ങി പകുതി വിലയ്ക്ക് വിതരണം നടത്തുന്നതിന് 3,71,500 രൂപ അടങ്കലിൽ വിഭാവനം ചെയ്ത പദ്ധതി. ഇതിൽ 1,10,000 രൂപ പദ്ധതി വിഹിതവും 71,500 രൂപ മുനിസിപ്പൽ വിഹിതവും 1,10,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആദ്യം തിരുവനന്തപുരം അനർട്ടിൽ നിന്നും ലാമ്പുകൾ വാങ്ങുന്നതിന് 3,71,500 രൂപയുടെ ഡി.ഡി.

അടച്ചിരുന്നെങ്കിലും നിശ്ചിത സമയത്ത് ലഭ്യമാക്കാൻ കഴിയില്ല എന്നറിയിച്ചതിനാൽ, മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ച് ലാമ്പുകൾ വാങ്ങാൻ തീരുമാനിച്ചു. പിന്നീട് 1000 ലാമ്പുകൾ നൽകാമെന്ന് അനർട്ടിൽ നിന്നും ഫോണിൽ സമ്മതിച്ചതനുസരിച്ച് 8-2-1999-ൽ 1,65,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആഡിറ്റ് തീയതി വരെ അനർട്ടിൽ നിന്ന് ലാമ്പുകൾ സപ്ലൈ ചെയ്തതിന്റെ യാതൊരു രേഖയും കാണുന്നുമില്ല. എങ്കിലും 9-2-1999-ൽ ടി ആവശ്യത്തിന് യാത്രാചെലവിനത്തിൽ 3,470 രൂപ ചെലവഴിച്ചിട്ടുണ്ട്. ലാമ്പുകൾ ലഭിക്കുമെന്നുള്ള രേഖാമൂലമുള്ള അറിയിപ്പില്ലാതെയാണ് ടി ആവശ്യത്തിനെന്ന പേരിൽ വാഹനച്ചെലവ് നൽകിയിരിക്കുന്നത്. ഇത് അനുവദനീയമല്ല.

1000 ലാമ്പുകൾക്കുള്ള വില ഈടാക്കുകയും ലാമ്പുകൾ വിതരണം ചെയ്യാതിരിക്കുകയും ചെയ്ത അനർട്ടിൽ നിന്ന് ലാമ്പുകൾ ലഭ്യമാക്കുന്നതിനോ തുക തിരികെ ലഭിക്കുന്നതിനോ വേണ്ട യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ഇത് പൊതു പണത്തിന്റെ നഗ്നമായ ദുർവിനിയോഗമാണ്. 1,65,000 രൂപ 18 ശതമാനം പലിശയുൾപ്പെടെ തിരിച്ചു പിടിക്കേണ്ടതാണ്.

പ്രോജക്ട് പ്രകാരം ബാക്കി ആവശ്യമുള്ള 1200 ലാമ്പുകൾ ക്വട്ടേഷൻ പ്രകാരം വാങ്ങാൻ 3-2-1999-ൽ തീരുമാനിച്ചിരുന്നെങ്കിലും 1100 എണ്ണം തൃശ്ശൂർ മൊത്തവ്യാപാര സഹകരണ സംഘത്തിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ഇവ വിതരണം ചെയ്തതിന്റെ രേഖകളുമില്ല.

പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 50 ശതമാനം ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നിശ്ചിത ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ലാമ്പുകൾ വാങ്ങുന്നതിന് ഇത്രയും ഭീമമായ തുക ചെലവഴിച്ചവർക്കെതിരെ വിശദമായ വകുപ്പുതല അന്വേഷണത്തിന് ആഡിറ്റ് ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.7(iv).]

52. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് കത്ത് മുഖേന നൽകിയ മറുപടി:—

"സി.എഫ്. ലാമ്പുകൾ വാങ്ങുന്നതിന് പദ്ധതി പ്രകാരം അനർട്ടിൽ നിന്ന് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിരുന്നെങ്കിലും നിശ്ചിത സമയത്ത് നൽകുവാൻ കഴിയുകയില്ലെന്ന് അറിയിച്ചതനുസരിച്ച് പിന്നീട് ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. എന്നാൽ പിന്നീട് 1000 ലാമ്പുകൾ നൽകാമെന്ന് അനർട്ടിൽ നിന്നും അറിയിച്ചതനുസരിച്ച് 1,65,000 രൂപ അനർട്ടിന് നൽകുകയുണ്ടായി. ഈ ലാമ്പുകൾ തിരുവനന്തപുരം ഓഫീസിൽ നിന്നും കൊണ്ടുവരുന്നതിന് വാഹനം ഉപയോഗിച്ചതിനാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നതുപ്രകാരം 3,470 രൂപ ചെലവഴിച്ചത്. അന്ന് അനർട്ടിൽ നിന്ന് 1000 ലാമ്പുകൾ കൊണ്ടുവരികയും ലാമ്പൊന്നിന് 99.25 രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി ഗുരുവായൂർ നഗരസഭ അഗതി മന്ദിരത്തിൽ വച്ച് പ്രത്യേക ചടങ്ങിലൂടെ ആയവ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ലാമ്പുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ രേഖകൾ ഓഫീസിൽ ലഭ്യമാകാത്തതുമൂലമാണ് ഓഡിറ്റിൽ ലാമ്പുകൾ സപ്ലൈ

ചെയ്തിട്ടില്ലെന്ന് പരാമർശിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരം ബാക്കി ആവശ്യമായി വന്ന 1100 സി.എഫ്. ലാമ്പുകൾ തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സംഘത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിന്റെ സ്റ്റോക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫീസിൽ ലഭ്യമാണ്. ലാമ്പുകൾ വിതരണം ചെയ്തതിന്റെ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രജിസ്റ്റർ ഓഫീസിൽ ലഭ്യമാണ്. ഓഫീസിലെ ദിവസേന പണം വരവുവയ്ക്കുന്ന രജിസ്റ്ററിൽ (ചിട്ട) 99.25 രൂപ വച്ച് ഗുണഭോക്തൃ വിഹിതം തുക വരവ് വച്ചതിന്റെ രേഖകളുമുണ്ട്. മേൽ സാഹചര്യത്തിൽ അനർട്ടിൽ നിന്നും Trichur Wholesale Co-operative Consumer Store-ൽ നിന്നും സി.എഫ്. ലാമ്പുകൾ സപ്ലൈ ചെയ്തിട്ടുള്ളതായും ആയത് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളതായും വ്യക്തമായതിനാൽ മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു."

**ഭരണ വകുപ്പിന്റെ റിപ്പോർട്ട്**

53. **ഗുരുവായൂർ നഗരസഭ 2002-03—സി.എഫ്.ലാമ്പുകൾ വിതരണത്തിലെ ക്രമക്കേടുകൾ:**

"ഗുരുവായൂർ നഗരസഭയിൽ 1998-99-ൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം സി.എഫ്. ലാമ്പുകൾ വാങ്ങി വിതരണം നടത്തിയത് സംബന്ധിച്ച നഗരസഭയിലെ ഫയൽ നമ്പർ 4283/98 പരിശോധനയ്ക്ക് ലഭിച്ചില്ല. ഫയൽ കണ്ടെടുക്കാൻ കഴിഞ്ഞില്ല എന്ന് നഗരസഭാ ഉദ്യോഗസ്ഥർ ബോധിപ്പിച്ചു (ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ—ജനകീയാസൂത്രണം പേജ് 20, ഗുണഭോക്തൃ വിഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ—1999 പേജ് 2 മുതൽ 87 വരെ എന്നിവകളിൽ ഈ ഫയൽ നമ്പർ രേഖപ്പെടുത്തിയിരുന്നതായി കണ്ടു).

ഫയൽ ലഭ്യമല്ലാതിരുന്നതിനാൽ വിളക്കുകൾ സപ്ലൈ ചെയ്ത അനർട്ടുമായി നടത്തിയ കത്തിടപാടുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അതേസമയം അനർട്ടുമായി ഇപ്പോഴത്തെ നഗരസഭാ ഉദ്യോഗസ്ഥർ ബന്ധപ്പെട്ടതിനെ തുടർന്ന് അനർട്ടിന്റെ പാറശ്ശാല ഐ.ആർ.ഇ.പി. ആഫീസിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ പേജ് 59 പ്രകാരം 10-2-1999-ൽ ഇനം 122 ആയി 1000 എണ്ണം സി.എഫ്.എൽ. വിളക്കുകൾ 1,65,000 രൂപയ്ക്ക് ഗുരുവായൂർ നഗരസഭയ്ക്ക് സപ്ലൈ ചെയ്തതായി വ്യക്തമാക്കുകയുണ്ടായി. ടി വിളക്കുകൾ നഗരസഭാ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അനർട്ടിന്റെ ടി സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് നഗരസഭയിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കാലഘട്ടത്തിലെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. രാജുവുമായി ബന്ധപ്പെട്ടപ്പോൾ മേൽ വിളക്കുകൾ വാങ്ങുന്നതിനുവേണ്ടി ടിയാനും അന്നത്തെ ചെയർപേഴ്സൺ പ്രൊഫ. ശാന്ത കുമാരിയും നേരിട്ട് അനർട്ടിൽ പോകുകയുണ്ടായി എന്നും അനർട്ടിലെ വിളക്കുകൾ കൂടാതെ T.W.C.C.S.ൽ നിന്നും വാങ്ങിയ 1100 എണ്ണം വിളക്കുകൾ അടക്കം ഗുരുവായൂരിലെ അഗതി മന്ദിരത്തിൽ വച്ചുനടന്ന ഒരു ചടങ്ങിൽ വച്ച് വിതരണോദ്ഘാടനം നടത്തുകയും ചെയ്യുകയുണ്ടായി എന്ന് അറിയിക്കുകയുണ്ടായി. T.W.C.C.S.ൽ നിന്നും വാങ്ങിയ 1100 വിളക്കുകൾ 26-2-1999 തീയതിയിലെ ബിൽ തുക 2,39,150 രൂപ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ (ജനകീയാസൂത്രണം പേജ് 20) രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഗുണഭോക്തൃ വിഹിതം ശേഖരിച്ചത് രേഖപ്പെടുത്തിയ

ഒരു രജിസ്റ്ററിൽ സി.എഫ്.എൽ. ലാമ്പിന്റെയും ഹോട്ട് ബോക്സിന്റെയും വിഹിതം ഭാഗീകമായി രേഖപ്പെടുത്തിയത് കാണുകയുണ്ടായി. ഇതേപോലെയുള്ള മറ്റൊരു രജിസ്റ്ററിൽ ബാക്കിയുള്ളവരുടേയും രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് നഗരസഭാ ഉദ്യോഗസ്ഥർ അറിയിച്ചത്; എന്നാൽ ആയത് കണ്ടുകിട്ടിയിട്ടില്ല. രണ്ട് രജിസ്റ്ററുകളിൽ ആയി ശേഖരിച്ച തുക ചിട്ട രജിസ്റ്ററിൽ 19-3-1999 മുതൽ 31-3-1999 വരെയുള്ള തീയതികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജനകീയാസൂത്രണ ഗുണഭോക്തൃ വിഹിതം എന്ന പേരിലാണ് ചിട്ട രജിസ്റ്ററിൽ രേഖ കാണുന്നത്. ടി തുകകൾ അതേ തീയതിക ളിൽ തന്നെ വരവ് രജിസ്റ്ററിലും രേഖപ്പെടുത്തി കാണുന്നു. വരവ് രജിസ്റ്ററിൽ 'പദ്ധതിയിൽ ഉൾപ്പെടാത്ത പണികൾക്കുള്ള സഹായ ധനവിഹിതം' എന്ന ശീർഷകത്തിനു താഴെയാണ് ഈ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നത്. വിളക്കുകളുടെയും ഹോട്ട് ബോക്സിന്റെയും മൊത്തം ഗുണഭോക്തൃ വിഹിതമായി 2,90,715.25 രൂപയാണ് വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ സാഹചര്യത്തിൽ അനർട്ടിൽ നിന്നും ലഭിച്ച സ്റ്റോക്ക് രജിസ്റ്ററിന്റെയും നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിത രേഖകളുടെയും അടിസ്ഥാന ത്തിൽ സി.എഫ്. ലാമ്പുകൾ വാങ്ങിയിട്ടുണ്ട് എന്നും അവ വിതരണം ചെയ്തിട്ടുണ്ട് എന്നും അനുമാനിക്കാവുന്നതാണ് എന്ന് ബോധിപ്പിക്കുന്നു. ആയതിനാൽ മേൽ രേഖകൾ ഒരു തവണ കൂടി ഓഡിറ്റിന് സമർപ്പിക്കാൻ അനുവദിക്കാവുന്നതാണെന്നും ബോധിപ്പിക്കുന്നു."

54. ഓഡിറ്റ് പരാമർശ വിഷയം ഭരണ വകുപ്പ് പരിശോധിച്ചിരുന്നതായി ഡയറക്ടർ 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ ബോധിപ്പിച്ചു. ഭരണ വകുപ്പ് പരിശോധന നടത്തിയപ്പോൾ 1000 ലാമ്പുകൾ അനർട്ടിൽ നിന്നും 1100 എണ്ണം റ്റി.ഡബ്ല്യു.സി.സി.എസ്.-ൽ (തൃശ്ശൂർ മൊത്തവ്യാപാര സഹകരണ സംഘം) നിന്നും വാങ്ങിയെന്നും പ്രസ്തുത ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും അനർട്ടിന്റെ ചെയർമാനോടും പഴയ സെക്രട്ടറിയോടും ചോദിച്ചാണ് കാര്യങ്ങൾ മനസ്സിലാക്കിയതെന്നും, പാറശ്ശാലയിലുള്ള അനർട്ടിന്റെ ഓഫീസിൽ നിന്നും 1000 CF വിളക്കുകൾ ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് നൽകിയതിന്റെ രേഖകൾ ഉണ്ടെന്നും, അതിന്റെ ഗുണഭോക്തൃവിഹിതം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം അവരുടെ ഡേ ബുക്കിൽ രേപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ബാക്കി 1100 എണ്ണം വാങ്ങിയത് ഒരു രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ലെന്നും അവ ഒരു ചടങ്ങിൽ വച്ച് വിതരണം ചെയ്തിട്ടുണ്ടെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞെങ്കിലും അതിന് കൃത്യമായ രേഖകൾ ഒന്നുംതന്നെയില്ലെന്നും അനർട്ടിന് മുനിസിപ്പാലിറ്റി നൽകിയ 1,65,000 രൂപ റെക്കോർഡ് ചെയ്തിട്ടില്ലെന്നും ലാമ്പുകൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ ശ്രീ. കെ. ആർ. മുരളീധരൻ സമിതിയിൽ വിശദീകരിച്ചു.

55. അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്തശേഷം 1000 വിളക്കുകൾ നൽകാമെന്ന് അവർ സമ്മതിച്ചെങ്കിലും ഓഡിറ്റ് തീയതി വരെ അനർട്ടിൽ നിന്നും ലാമ്പുകൾ ലഭ്യമാക്കിയതിന്റെയും അവ വിതരണം ചെയ്തതിന്റെയും യാതൊരു രേഖയും മുനിസിപ്പാലിറ്റി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

56. 165 രൂപ വിലയുള്ള CF വിളക്കുകൾ പാറശ്ശാല അനർട്ടിൽ നിന്നും വാങ്ങിയത് 216 രൂപയ്ക്കായിരുന്നുവെന്നും നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. അതു സംബന്ധിച്ച് പബ്ലിക്കേഷൻ നടത്തിയതിന്റെ രേഖകൾ ഇല്ലെന്നും അനർട്ടിൽ നിന്നും ലാമ്പുകൾ വാങ്ങിയതിന്റെ ബാക്കി തുക നഗരസഭയ്ക്ക് തിരികെ നൽകിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

57. ഒരു യൂണിറ്റിന് 51.50 രൂപ അധികം നൽകി സി.എഫ്. ലാമ്പുകൾ തിരക്കിട്ട് വാങ്ങേണ്ടതില്ലായിരുന്നുവെന്നും മതിയായ പബ്ലിസിറ്റി നൽകി ക്വട്ടേഷൻ മുഖേന കുറഞ്ഞ റേറ്റിൽ വാങ്ങിയാൽ മതിയായിരുന്നുവെന്നും സമിതി ചൂണ്ടിക്കാട്ടി. 1200 ലാമ്പുകൾ ക്വട്ടേഷൻ പ്രകാരം വാങ്ങാൻ തീരുമാനിച്ചതിനുശേഷം മൊത്ത വ്യാപാര സഹകരണ സംഘത്തിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം സമിതി ആരാഞ്ഞതിന്, ടി സ്ഥാപനം സൊസൈറ്റി ആയത് കാരണമാണ് അപ്രകാരം നേരിട്ട് വാങ്ങിയതെന്ന് ഗുരുവായൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്) വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

58. **165 രൂപ മാത്രം വിലയുള്ള CF വിളക്കുകൾ അനർട്ടിൽ നിന്നും 216 രൂപ നിരക്കിൽ വാങ്ങിയ നടപടിയിലും അനർട്ടിൽ നിന്നും വിളക്കുകൾ ലഭ്യമാക്കിയതിന്റെയും അവ വിതരണം ചെയ്തതിന്റെയും യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തി. ആയതിനാൽ പ്രവൃത്തി സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മാലിന്യ സംസ്കരണശാല ലക്ഷ്യം നേടിയില്ല**

നഗരസഭ 10 ലക്ഷം ചെലവഴിച്ച മാലിന്യ സംസ്കരണശാല ലക്ഷ്യം കണ്ടില്ല. 2000-ൽ ഉദ്ഘാടനം ചെയ്ത ശാല വർഷങ്ങളായി പ്രവർത്തിക്കുന്നില്ല.

നഗരമാലിന്യം ജൈവ വളമായി മാറ്റുന്ന, കൊടുങ്ങല്ലൂരിലെ സേഫ് മോട്ടോഴ്സ് എന്ന കമ്പനിയുടെ പദ്ധതിക്ക് 1999-2000-ലാണ് നഗരസഭ അനുമതി നൽകിയത്. 22 ലക്ഷം രൂപയായിരുന്നു അടങ്കൽ. ഇതിൽ 20 ലക്ഷം പ്ലാന്റിന്റെ നിർമ്മാണ ചെലവായിരുന്നു.

പ്ലാന്റിന്റെ നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് നഗരസഭ ഫണ്ട് ഗഡുക്കളായി നൽകണമെന്നും കമ്പനി പ്ലാന്റ് ഏഴരവർഷം പ്രവർത്തിപ്പിക്കണമെന്നും പ്രവർത്തന കാലത്ത് പ്രതിവർഷം 2.67 ലക്ഷം നഗരസഭയ്ക്ക് കമ്പനി തിരിച്ചടയ്ക്കണമെന്നും നഗരസഭയും കമ്പനിയുമായി ചമച്ച കരാറിൽ വ്യവസ്ഥയുണ്ട്. 1999-2000-ൽ തന്നെ കമ്പനിക്ക് 10,00,000 രൂപ നൽകി.

24-3-2000-ൽ ഉദ്ഘാടനം കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ പ്ലാന്റ് പ്രവർത്തനം നിലച്ചു.

നഗരസഭയും കമ്പനിയും ചമച്ച കരാറിലെ ഖണ്ഡിക 9 പ്രകാരം കരാർ വച്ച ദിവസം മുതൽ 60 ദിവസത്തിനകം പ്ലാന്റ് പൂർത്തിയാക്കി പ്രവർത്തനം തുടങ്ങേണ്ട താണ്. വർഷങ്ങളായി കരാർ ലംഘനം തുടരുമ്പോഴും കമ്പനിക്ക് എതിരെ നഗരസഭ നിയമ നടപടി സ്വീകരിച്ചില്ല.

പ്ലാന്റ് പ്രവർത്തിക്കാത്തതിന് കമ്പനി നിരത്തുന്ന കാരണങ്ങൾ കരാർ വ്യവസ്ഥ കളുടെ ലംഘനമാണെന്ന് കാണാം. ആദ്യം വെള്ളം ലഭ്യമല്ലാത്തതാണ് കമ്പനി കാരണം പറഞ്ഞത്. കരാറിലെ ഖണ്ഡിക 4 അനുസരിച്ച് വെള്ളം എത്തിക്കേണ്ടത് കമ്പനിയുടെ ബാധ്യതയാണ്. കരാർ ലംഘനത്തിന് നിയമ നടപടി തുടങ്ങാതെ നഗരസഭ വെള്ളം ലഭ്യമാക്കി.

കരാർ പ്രകാരം വൈദ്യുതി ചാർജ് അടയ്ക്കേണ്ടതും കമ്പനിയാണ്. ഭീമമായ വൈദ്യുതി ചാർജാണ് പിന്നീട് പ്ലാന്റ് പ്രവർത്തിക്കാത്തതിന് കമ്പനി കാരണമാക്കിയത്. ഇതിന് പരിഹാരമായി നഗരസഭയുടെ ശ്രമഫലമായി പ്ലാന്റിന് എസ്.എസ്.ഐ. രജിസ്ട്രേഷൻ ലഭ്യമാക്കി. എന്നിട്ടും പ്ലാന്റ് പ്രവർത്തിപ്പിക്കാത്തതിനാൽ നഗരസഭ യുടെ ചെലവിൽ താൽക്കാലിക വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയെങ്കിലും പ്ലാന്റ് പ്രവർത്തിച്ചിട്ടില്ല.

7/2000-ൽ ഗവൺമെന്റ് സെക്രട്ടറി, നഗരസഭാ ചെയർമാൻ, സെക്രട്ടറി, കമ്പനി എം.ഡി എന്നിവരുടെ യോഗത്തിൽ എസ്.എസ്.ഐ രജിസ്ട്രേഷൻ എടുത്ത് പ്ലാന്റ് 10 ദിവസം പ്രവർത്തിപ്പിച്ചശേഷം ബാക്കി 10 ലക്ഷം രൂപ കൂടി നഗരസഭ നൽകുവാൻ തീരുമാനമായി. ഇതിനുശേഷവും കമ്പനി പ്ലാന്റ് പ്രവർത്തിപ്പിച്ചില്ല. അതിനാൽ 10,00,000 രൂപ നഗരസഭയ്ക്ക് നഷ്ടമായതായി കണക്കാക്കാം.

കമ്പനി കരാർ ലംഘനം തുടരുന്നതിനാൽ നഗരസഭാ ഫണ്ട് 10,00,000 രൂപ പലിശ സഹിതം തിരിച്ച് ഈടാക്കാൻ നിയമ നടപടി ഉടൻ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 6.6.1.]

59. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

"പരിസരമലിനീകരണം ഉണ്ടാകാതെ നഗരമാലിന്യം സംസ്ക്കരിച്ച് ജൈവവള മാക്കി മാറ്റുന്ന ഒരു പ്ലാന്റ് കൊടുങ്ങല്ലൂരിലെ 'സേഫ് മോട്ടോഴ്സ്' എന്ന സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും നഗരസഭകൾ ഈ സംവിധാനം പരീക്ഷിച്ചു നോക്കാ മെന്നും മുനിസിപ്പൽ ഭരണ ഡയറക്ടർ 15-7-1998-ലെ ഡി 494/98 നമ്പർ കത്തുമൂലം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 16-9-1998-ൽ നഗരസഭ കൗൺസിലർമാരും ഉദ്യോഗസ്ഥൻമാരും കൊടുങ്ങല്ലൂരിലുള്ള സ്ഥാപനം സന്ദർശിക്കുകയുണ്ടായി.

2-9-1998-ൽ ചേർന്ന നഗരസഭാ കൗൺസിൽ യോഗം 5 ടൺ വീതം പ്രതിദിനം സംസ്ക്കരണശേഷിയുള്ള 2 പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും സേഫ് മോട്ടോഴ്സ് സമർപ്പിച്ച 22 ലക്ഷം രൂപയുടെ പ്രോജക്ടിന് ഭരണാനുമതിയും എം.എൽ.ഇ.സി. സാങ്കേതികാനുമതിയും നൽകിയിരുന്നു.

15-2-1999-ലെ മുനിസിപ്പൽ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 23-3-1999-ലെ ജി.ഒ (ആർടി.) നമ്പർ 10990/99/എൽ.എ.ഡി. ഉത്തരവ് പ്രകാരം പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25-3-1999-ൽ നഗരസഭയും സേഫ് മോട്ടോഴ്സും തമ്മിൽ ഉടമ്പടി ഒപ്പുവെച്ചു. ഇതുപ്രകാരം പ്ലാന്റിന്റെ ചെലവ് മൊത്തം 20 ലക്ഷം രൂപയാണ് കാണിച്ചിരിക്കുന്നത്. ടി തുക പ്ലാന്റിന്റെ പണി തീരുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായാണ് നഗരസഭ നൽകേണ്ടിയിരുന്നത്. 7 1/2 വർഷം കമ്പനി പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ടതും പ്രതിവർഷം 3000 ടൺ മാലിന്യങ്ങൾ നഗരസഭ പ്ലാന്റിൽ എത്തിച്ചു കൊടുക്കേണ്ടതും ഈ കാലയളവിൽ പ്രതിവർഷം 2.6 ലക്ഷം രൂപ പ്ലാന്റുടമ നഗരസഭയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

പ്ലാന്റിന്റെ നിർമ്മാണ പുരോഗതിയനുസരിച്ച് പാർട്ട് പേമന്റ് നൽകണമെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പ്ലാന്റിനാവശ്യമായ സിവിൽ വർക്കുകൾ ചെയ്തയിനത്തിൽ മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 19-9-1999-ൽ 3,47,563 രൂപ നഗരസഭ കമ്പനിക്ക് നൽകിയിട്ടുണ്ട്. തുടർന്ന് 26-11-1999-ന് സേഫ് മോട്ടോഴ്സ് ഉടമ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 20 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 25-1-2000-ൽ ചേർന്ന M.I.H.H.T.C. പ്ലാന്റ് പരിശോധിച്ചശേഷം 80% പണികൾ പൂർത്തീകരിച്ചുവെന്നും 50% തുക നൽകാമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ മൊത്തം കോൺട്രാക്ട് തുകയുടെ 50% സേഫ് മോട്ടോഴ്സിന് 5-2-2000-ൽ അനുവദിക്കുകയും ചെയ്തു (19-9-1999-ൽ നൽകിയ തുകയുൾപ്പെടെ).

24-3-2000-ൽ ബഹുമാനപ്പെട്ട ഗവൺമെന്റ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ പ്ലാന്റിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

നഗരസഭ വളരെ പ്രതീക്ഷയോടെ മുൻകയ്യെടുത്ത് സർക്കാർ അനുമതിയോടെ സ്ഥാപിച്ച പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ആത്മാർത്ഥമായ സമീപനം സേഫ് മോട്ടോഴ്സിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 25-3-1999-ലെ ഉടമ്പടി പ്രകാരം പ്ലാന്റിലേക്കാവശ്യമായ വെള്ളം കൊണ്ടു വരേണ്ടത് കമ്പനിയാണെങ്കിലും നഗരസഭ വെള്ളം തരുന്നില്ല എന്ന തെറ്റായ പ്രചരണമാണ് കമ്പനി നടത്തിയത്. ഒടുവിൽ നഗരസഭ തന്നെ പ്ലാന്റിലേക്കാവശ്യമായ വെള്ളം എത്തിച്ചുകൊടുത്തു. ടി പ്രശ്നം പരിഹരിച്ചു കഴിഞ്ഞപ്പോൾ വൈദ്യുതിയുടെ പ്രശ്നവുമായി കമ്പനി മുന്നോട്ടു വന്നു. കരാറിലെ ഖണ്ഡിക (2) പ്രകാരം വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടത് സേഫ് മോട്ടോഴ്സ് ആണ്.

ഭീമമായ ഒരു തുക വൈദ്യുതി ചാർജ്ജായി വരുമെന്നും ആയതിനാൽ പ്ലാന്റിന് നഗരസഭാ സെക്രട്ടറിയുടെ പേരിൽ SSI രജിസ്ട്രേഷൻ എടുത്തു തരണമെന്നും കമ്പനി ആവശ്യപ്പെട്ടുവെങ്കിലും നിയമപരമായ തടസ്സം കാരണം ഇത് സാധ്യമായില്ല.

ഉടമ്പടി പ്രകാരം 7 1/2 വർഷത്തേക്ക് പ്ലാന്റ് നടത്തേണ്ടത് സേഫ് മോട്ടോഴ്സ് ആയതിനാൽ അവരുടെ പേരിൽ SSI രജിസ്ട്രേഷൻ നൽകുവാൻ 28-6-2000-ലെ കത്തു പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഈ കാര്യത്തിൽ അനുമതി നൽകുകയും ചെയ്തു. ഇതോടെ പ്രശ്നങ്ങൾ മുഴുവൻ തീരുമെന്ന് കരുതിയെങ്കിലും പുതിയ തടസ്സവാദങ്ങളുമായി കമ്പനി മുന്നോട്ടു വരിക യാണ് ചെയ്തത്. ചുരുക്കത്തിൽ ബാക്കി 10 ലക്ഷം രൂപ കിട്ടിയാലെ പ്ലാന്റ് പ്രവർത്തിപ്പിക്കു എന്ന നിലപാടാണ് കമ്പനി കൈക്കൊണ്ടത്. തുടർന്ന് 5-7-2000-ൽ സേഫ് മോട്ടോഴ്സ് എം.ഡി. യുമായി നഗരസഭ ചെയർമാനും കൗൺസിലർമാരും നഗരസഭയുടെ പേരിൽ താൽക്കാലിക വൈദ്യുതി എടുക്കാമെന്നും പ്ലാന്റ് പ്രവർത്തിപ്പിക്കാ മെന്നും ധാരണയായി. പത്ത് ദിവസം പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുകയാണെ ങ്കിൽ 10 ദിവസത്തിനകം ഉപാധികളൊന്നുമില്ലാതെ ബാക്കി 10 ലക്ഷം നഗരസഭ നൽകേണ്ടതാണ് എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ കാര്യക്ഷമത പരിശോധിപ്പിക്കുന്നതിന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗത്തെ ഏൽപ്പിക്കുന്നതിന് നഗരസഭ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗം ജീവനക്കാർ 2 ഘട്ടങ്ങളിലായി പ്ലാന്റ് പ്രവർത്തിപ്പിച്ച് പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയിൽ വിദഗ്ധൻമാർ രേഖപ്പെടുത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി പ്ലാന്റുടമയോട് ആവശ്യപ്പെട്ടുവെങ്കിലും ലൈനിൽ വൈദ്യുതിയുടെ വോൾട്ടേജ് കുറവും മറ്റ് അംഗീകരിക്കാൻ പറ്റാത്ത ന്യായവാദങ്ങളുമാണ് കക്ഷി ഉന്നയിച്ചത്. പ്ലാന്റുടമ സർക്കാരിലേക്കയച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ ചെയർമാൻ, സെക്രട്ടറി, സേഫ് മോട്ടോഴ്സ് ഉടമ, ഹെൽത്ത് കമ്മിറ്റി ചെയർമാൻ, വൈദ്യുതി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഒരു യോഗം ജില്ലാകളക്ടർ വിളിച്ചു ചേർക്കുകയും ഈ യോഗതീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ലൈനിൽ വൈദ്യുതിയുടെ വോൾട്ടേജിന്റെ പ്രശ്നത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടിൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ലൈനിൽ മതിയായ വോൾട്ടേജ് ഉണ്ടെന്ന് രേഖപ്പെടുത്തിയിരുന്നു.

പ്ലാന്റിന്റെ പ്രവർത്തനം നടത്താത്ത സാഹചര്യത്തിൽ ആധുനിക രീതിയിലുള്ള മാലിന്യസംസ്ക്കരണശാല സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ പാലക്കാടിനെ ചുമതല പ്പെടുത്തിയിട്ടുള്ളതും പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചിട്ടുള്ളതുമാണ്.

സേഫ് മോട്ടോഴ്സ് സ്ഥാപിച്ച മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് ഫയൽ ചെയ്ത കേസ് WP(C) No. 3446 of 2006 (S) ഇപ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യുടെ പരിഗണനയിലാണ് അതിനാൽ തൽക്കാലം സേഫ് മോട്ടോഴ്സിനെതിരെ നിയമനടപടികൾ ആരംഭിക്കേണ്ടെന്നും കേസിൽ അന്തിമ വിധി ഉണ്ടാകുന്ന മുറയ്ക്ക് കരാറുകാരനെതിരെ നടപടികൾ ആരംഭിക്കാമെന്നും ഹൈക്കോടതിയിലെ നഗരസഭ അഡ്വക്കേറ്റ് അറിയിച്ച സാഹചര്യത്തിലാണ് കരാർ ലംഘനത്തിന് നടപടികൾ

ആരംഭിക്കാത്തതെന്നും കൂടാതെ, 2002-03 വർഷത്തിൽ നടന്ന ഓഡിറ്റ് റിപ്പോർട്ടിൽ 10 ലക്ഷം രൂപ നഗരസഭയ്ക്ക് നഷ്ടമായതായി പരാമർശിക്കുമ്പോൾ തൽസംബന്ധമായ നിയമനടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 7-7-2004-ന് ലഭിച്ച നിയമോപദേശത്തിൽ വളരെ ഭീമമായ ഒരു തുകയാണ് (43,50,143 രൂപ) നഗരസഭയ്ക്ക് നഷ്ടമായതായി പറയുന്നത്. അതുകൊണ്ട് മാർഗ്ഗനിർദ്ദേശത്തിനായി ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ അപേക്ഷിച്ചിരിക്കുകയാണ്. ആയത് ലഭിച്ചാലുടൻ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.”

60. നഗരസഭ 10 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും ‘മാലിന്യ സംസ്ക്കരണശാല’ ലക്ഷ്യം കൈവരിക്കാത്തതിന്റെ കാര്യകാരണങ്ങൾ 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞു.

61. ഗുരുവായൂർ നഗരസഭ സ്ഥാപിച്ച മാലിന്യ സംസ്കരണശാല 24-3-2000-ൽ ഗവൺമെന്റ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തുവെന്നും പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ ശ്രീ. രവീന്ദ്രൻ നായർ ആയിരുന്നു നഗരസഭാ സെക്രട്ടറിയെന്നും പദ്ധതി ഇംപ്ലിമെന്റ് ചെയ്യാനും പാർട്ട് പേമെന്റ് നടത്താനും അദ്ദേഹത്തിന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നുവെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി (ഇൻ ചാർജ്ജ്) മറുപടി നൽകി.

62. പ്രസ്തുത പദ്ധതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കേസ്സ് നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ടി പ്ലാന്റിന് എതിരായി പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. മാലിന്യ സംസ്ക്കരണശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറി, നിർമ്മാണ കമ്പനിയായ സേഫ് മോട്ടോഴ്സ്-ന്റെ മാനേജിംഗ് പാർട്ട്നർ ശ്രീ. ജോയി എന്നിവർ ഒപ്പിട്ട കരാർ ഉണ്ടെന്നും, ഗുരുവായൂർ സെക്രട്ടറി (ഇൻ-ചാർജ്) സമിതിയിൽ വ്യക്തമാക്കി.

63. മാലിന്യ സംസ്കരണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വഴി നഗരസഭയ്ക്ക് ഭീമമായ നഷ്ടം ഉണ്ടായതായി മനസ്സിലാക്കുന്നതായും, പ്രസ്തുത നഷ്ടത്തിനുത്തരവാദികളായ സേഫ് മോട്ടോഴ്സിനെ പ്രതി ചേർത്ത് Specific Relief Act, Section 14(1)(a) പ്രകാരം കരാർ നടത്തിക്കിട്ടുന്നതിനോ, ശ്രീ. ജോയിയുടെ സ്ഥാവര-ജംഗമ സ്വത്തുക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി കിട്ടുന്നതിനോ സിവിൽ കേസ് നൽകാവുന്നതാണെന്നും, Power of Attorney തയ്യാറാക്കിയ സംഭവത്തിൽ മുൻ മുനിസിപ്പൽ സെക്രട്ടറി ശ്രീ. വി. ആർ. രാജു നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒപ്പും മുനിസിപ്പാലിറ്റിയുടെ സീലും വ്യാജമായി പ്രസ്തുത രേഖയിൽ ഉൾക്കൊള്ളിച്ചതിന് സേഫ് മോട്ടോഴ്സ് എം.ഡി. യുടെ പേരിൽ ക്രിമിനൽ കേസ്സ് എടുക്കേണ്ടതാണെന്നും മുനിസിപ്പാലിറ്റിയുടെ അഡ്വക്കേറ്റ് നിയമോപദേശം നൽകിയിരുന്നതായി സമിതി ചൂണ്ടിക്കാട്ടി. കൂടാതെ പ്ലാന്റിന്റെ നിർമ്മാണ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് രേഖപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട പോരായ്മകളും സമിതി ചർച്ച ചെയ്തു.

64. ഹൈക്കോടതിയിൽ സേഫ് മോട്ടോഴ്സിനെതിരെ പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് ഫയൽ ചെയ്ത കേസ്സിൽ സർക്കാരിന് കക്ഷി ചേരാൻ

സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന്, മുനിസിപ്പാലിറ്റിയാണ് കോൺട്രാക്റ്റർക്കെതിരെ നടപടി സ്വീകരിക്കേണ്ടതെന്നും നടപടി സ്വീകരിക്കണമെന്ന് സർക്കാറിന് ശുപാർശ നൽകാൻ മാത്രമേ സാധിക്കുവെന്നും പ്രസ്തുത പദ്ധതിക്കായി സേഫ് മോട്ടോഴ്സിന് മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ നൽകിയതു കൂടാതെ അനുബന്ധ ചെലവുകൾക്കായി മുനിസിപ്പാലിറ്റി 20 ലക്ഷം രൂപ ചെലവാക്കുകയുണ്ടായെന്നും, സേഫ് മോട്ടോഴ്സിനെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും 2004-ൽ മുനിസിപ്പാലിറ്റിക്ക് അഡ്വക്കേറ്റ് നിയമോപദേശം നൽകിയിട്ടും മുനിസിപ്പാലിറ്റി അതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് വളരെ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കണമെന്നും എസ്.പി.എ.ഒ. സമിതിയെ ബോധിപ്പിച്ചു.

65. പ്രസ്തുത പദ്ധതിയുടെ സാങ്കേതിക വശങ്ങൾ അറിയാത്ത സാഹചര്യത്തിൽ സർക്കാർ അനുമതിയുണ്ടെങ്കിൽ മാത്രമേ പദ്ധതി ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന നിലപാടാണ് താൻ സ്വീകരിച്ചതെന്നും, പ്ലാന്റ് ഇൻസ്റ്റാൾ ചെയ്യാനുള്ള പെർമിസീവ് സാംഗ്ഷന് റിക്വസ്റ്റ് ചെയ്യുകയും ആ റിക്വസ്റ്റ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സേഫ് മോട്ടോഴ്സിന് തുക നൽകിയത് എന്ന് ഗുരുവായൂർ നഗരസഭാ മുൻ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

66. അപ്രകാരം അന്നത്തെ സെക്രട്ടറി പ്രവർത്തിച്ചതിൽ തെറ്റില്ലെന്നും, എന്നാൽ ആദ്യം തന്നെ ടി പ്രോജക്ട് പരാജയപ്പെട്ട സാഹചര്യത്തിൽ രണ്ടാമത്തേയും മൂന്നാമത്തേയും പേയ്മെന്റുകൾക്കോ ബാക്കിയുള്ള കാര്യങ്ങളിലേക്കോ ഒരു ഗവൺമെന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ തന്നെ തീരുമാനമെടുത്തത് ദുരൂഹമായി കാണുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടി.

67. പ്രസ്തുത മാലിന്യ സംസ്കരണശാല ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, പ്ലാന്റ് സ്ഥാപിച്ച് ഉത്ഘാടനം ചെയ്തശേഷം അതിന്റെ പ്രവർത്തന ശേഷി സംബന്ധിച്ചുണ്ടായ ആശങ്ക കാരണം തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ പ്രഗൽഭരായിട്ടുള്ള എഞ്ചിനീയർമാർ പ്ലാന്റ് പരിശോധന നടത്തി നൽകിയ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ സ്വീകരിച്ച് ആയത് പ്രാവർത്തികമാക്കാൻ സേഫ് മോട്ടോഴ്സ് തയ്യാറാകാതെ വരുകയും തുടർന്ന് പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കുകയുമാണുണ്ടായതെന്നും ഗുരുവായൂർ നഗരസഭ മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

68. പ്ലാന്റിന് ഏഴര വർഷത്തെ ഗ്യാരന്റിയുണ്ടെന്നും കരാറിലെ പല വ്യവസ്ഥകളും സേഫ് മോട്ടോഴ്സ് ലംഘിച്ചിരിക്കുകയാണെന്നും, കരാർ പ്രകാരം വൈദ്യുതി ചാർജും, വെള്ളവും സേഫ് മോട്ടോഴ്സ് നൽകണമെന്നായിരുന്നു വ്യവസ്ഥയെങ്കിലും അവ മുനിസിപ്പാലിറ്റി നൽകേണ്ടി വന്നുവെന്നും, വൈദ്യുതി ചാർജ് കൂടുതലായപ്പോൾ എസ്.എസ്.ഐ യൂണിറ്റെന്ന് കൃത്രിമ രേഖയുണ്ടാക്കി ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എസ്. എസ്. ഐ.ക്കുള്ള ആനുകൂല്യങ്ങൾ വാങ്ങുവാൻ കമ്പനി ശ്രമിച്ചുവെന്നും, കരാറിലെ വ്യവസ്ഥകൾ എല്ലാം തന്നെ കമ്പനി ലംഘിച്ചിരിക്കുകയാണെന്നും പ്രത്യക്ഷമായി വ്യവസ്ഥാ ലംഘനം നടത്തിയശേഷവും 10 ലക്ഷം രൂപ കൂടി ടി കമ്പനിക്ക് നൽകുവാൻ ഗവൺമെന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തതിൽ ദുരൂഹതയുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

69. പ്രസ്തുത പദ്ധതി സംബന്ധിച്ച് നിയമസാധുതയുള്ള കരാറോ, പ്രോജക്ട് റിപ്പോർട്ടോ ഉണ്ടോയെന്നും, പ്രോജക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണോ പദ്ധതി ഇംപ്ലിമെന്റ് ചെയ്തിരിക്കുന്നത്, കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ, സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ തുക നൽകിയത്, ഇപ്പോൾ പ്ലാന്റ് അവിടെ യുണ്ടോ, ഇൻസ്റ്റാൾ ചെയ്തപ്പോൾ എന്തൊക്കെ മെഷീനറികൾ ഉണ്ടായിരുന്നു, പ്ലാന്റിലെ മെഷീനുകൾ ഇളക്കി മാറ്റിയത് എന്ത് അടിസ്ഥാനത്തിലാണ്, 2001 മുതൽ 2007 വരെയുണ്ടായിരുന്ന സെക്രട്ടറിമാരുടെ പേരുകൾ എന്നീ കാര്യങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് രണ്ടാഴ്ചയ്ക്കുളളിൽ ലഭ്യമാക്കാൻ SPAO, ശ്രീ. എസ്. ഡി. പിളളയോട് സമിതി ആവശ്യപ്പെട്ടു.

70. പ്ലാന്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന്, ഇപ്പോൾ കെട്ടിടം മാത്രമേയുളളൂവെന്നും പ്ലാന്റിൽ സ്ഥാപിച്ചിരുന്ന മെഷീനറികൾ കമ്പനി പൊളിച്ചു മാറ്റിയിട്ടുണ്ടെന്നും പൊളിച്ചു മാറ്റിയതിനെതിരെ മുനിസിപ്പാലിറ്റി ഒരു നിയമനടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി (ഇൻ-ചാർജ്) വ്യക്തമാക്കി.

71. 2001 വരെ താൻ നഗരസഭാ സെക്രട്ടറിയായിരുന്ന കാലഘട്ടത്തിൽ പ്ലാന്റ് പൂർണ്ണമായും ഉണ്ടായിരുന്നെന്നും, 2007-ൽ താൻ വീണ്ടും ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായി മടങ്ങിയെത്തിയപ്പോൾ പല മെഷിനറികളും അവിടെ നിന്നും ഇളക്കി മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അതു സംബന്ധിച്ച് ബന്ധപ്പെട്ട ഫയലിൽ യാതൊരു രേഖയും ഇല്ലെന്നും ഗുരുവായൂർ നഗരസഭ മുൻ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

72. തൃശ്ശൂർ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ സേഫ് മോട്ടോഴ്സ് ഇത്തരം മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, നഗരസഭകൾക്ക് താൽപര്യ മുണ്ടെങ്കിൽ അത് പരീക്ഷിച്ചിട്ട് അംഗീകരിക്കാമെന്ന് അറിയിച്ച് 1997-ൽ നഗരകാര്യ ഡയറക്ടർ ശ്രീ. പരമേശ്വരൻ നായർ പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭയുടെ അന്നത്തെ ഭരണ സമിതിയിലേയും മുനിസിപ്പാലിറ്റി എക്സ്പേർട്ട് കമ്മിറ്റിയിലേയും അംഗങ്ങൾ കൊടുങ്ങല്ലൂരിൽ കമ്പനി ഉടമ സ്ഥാപിച്ചിരുന്ന പ്ലാന്റ് സന്ദർശിക്കുകയും പ്രസ്തുത പ്ലാന്റ് ഗുരുവായൂരിൽ അനുയോജ്യമാണെ ന്നുമുളള അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സാംഗ്ഷൻ നൽകിയത് എന്നും സർക്കാർ തലത്തിൽ വളരെ പ്രതീക്ഷയുളള ഒരു പ്രോജക്ടായിരുന്നെ ങ്കിലും പ്രസ്തുത സിസ്റ്റം, തളിപറമ്പ്, വടകര എന്നീ മുനിസിപ്പാലിറ്റികളിലും പരാജയമായിരുന്നുവെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി (ഇൻ-ചാർജ്) കൂട്ടിച്ചേർത്തു.

73. ഗുരുവായൂർ നഗരസഭ സ്ഥാപിച്ച പ്രസ്തുത മാലിന്യ സംസ്ക്കരണ പ്ലാന്റ് സന്ദർശിച്ച് പരിശോധന നടത്തുന്നതിന് സമിതി തീരുമാനിച്ചു. അതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് SPAO, വിശദമായി അന്വേഷിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം ഗുരുവായൂർ നഗരസഭയിൽ സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് 24-10-2008-ൽ ഗുരുവായൂർ നഗരസഭയിൽ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ നടത്തിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

74. "യന്ത്രവൽകൃത ഖരമാലിന്യ സംസ്കരണം ഇന്നത്തെ രീതിയിൽ വികസിച്ചിട്ടില്ലാതിരുന്ന 1997-98 കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ M/S സേഫ് മോട്ടോഴ്സ് എന്ന സ്ഥാപനം ഒരു പ്ലാന്റ് രൂപകൽപ്പന ചെയ്തിരുന്നു. സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അത് പരീക്ഷിച്ചു നോക്കാൻ 1998 ജൂലൈ മാസത്തിൽ നഗരകാര്യ ഡയറക്ടർ എല്ലാ നഗരസഭകൾക്കും അനുമതി നൽകിയിരുന്നു. പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദം വാങ്ങിയിരിക്കണമെന്നും ഉൽപ്പാദിപ്പിക്കുന്ന വളം രോഗാണു വിമുക്ത മാണോ എന്ന് കാർഷിക സർവ്വകലാശാലയുടെ റിപ്പോർട്ട് വാങ്ങിയിരിക്കണമെന്നും ഓരോ നഗരസഭയുടെയും സാഹചര്യമനുസരിച്ച് പ്ലാന്റ് എത്രമാത്രം പ്രയോജനകര മായിരിക്കുമെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമായിരിക്കണം പ്ലാന്റ് സ്ഥാപിക്കേണ്ട തെന്നും നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശമനുസരിച്ച് ഗുരുവായൂർ നഗരസഭാ കൗൺസിലും സെക്രട്ടറിയും റവന്യു വിഭാഗ ഉദ്യോഗസ്ഥരും കൊടുങ്ങല്ലൂരിലുള്ള സേഫ് മോട്ടോഴ്സ് എന്ന സ്ഥാപനം സന്ദർശിച്ച് പ്ലാന്റിന്റെ പ്രവർത്തനം പരിശോധിക്കുകയും അതനുസരിച്ച് 22 ലക്ഷം രൂപയുള്ള പ്രോജക്ടിന് ഭരണാനുമതി നൽകുകയും ചെയ്തു. അത്തരം ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് 1999 മാർച്ച് 23-ൽ സ.ഉ. (സാധാ) നമ്പർ 1090/99 എന്ന ഉത്തരവനുസരിച്ച് സർക്കാർ അനുമതി നൽകുകയും ചെയ്തു. MLECയുടേയോ അല്ലെങ്കിൽ മറ്റേതെങ്കിലും വിദഗ്ദ്ധ സമിതിയുടേയോ അഭിപ്രായ പ്രകാരമായിരിക്കണം പ്ലാന്റ് സ്ഥാപിക്കേണ്ടതും പ്ലാന്റിന്റെ തുടർപ്രവർത്തനം, അറ്റകുറ്റപണികൾ, വളത്തിന്റെ വിപണനം എന്നീ കാര്യങ്ങളെക്കുറിച്ച് തീരുമാനം ഉണ്ടായിട്ടുവേണം പ്ലാന്റ് സ്ഥാപിക്കാൻ എന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

75. 25-3-1999-ൽ നഗരസഭാ സെക്രട്ടറിയും സേഫ് മോട്ടോഴ്സ് മാനേജിംഗ് പാർട്ട്ണറും തമ്മിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് കരാറിൽ ഏർപ്പെട്ടു. കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയായിരുന്നു:

(1) കരാർ മൂല്യം 20 ലക്ഷം രൂപയാണ്.

(2) പ്ലാന്റിലേക്കുള്ള വൈദ്യുതി എത്തിച്ചു കൊടുക്കുന്നതിനുള്ള ചുമതല നഗരസഭയ്ക്കും വെള്ളം ലഭ്യമാക്കേണ്ട ചുമതല കരാറുകാരനുമാണ്.

(3) പ്ലാന്റിന്റെ സംരക്ഷണവും കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

(4) 60 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ടതും പണി പൂർത്തീ കരിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി കരാർ തുക നൽകേണ്ടതുമാണ്.

(5) ഉൽപ്പാദിപ്പിക്കുന്ന വളം വിതരണത്തിനുള്ള ചുമതല കരാറുകാരനാണ്.

(6) വളത്തിന്റെ വിലയായി പ്രതിവർഷം 2.67 ലക്ഷം രൂപ കരാറുകാരൻ 4 ഗഡുക്കളായി നഗരസഭയ്ക്കു നൽകുന്നതാണ്.

(7) പ്ലാന്റിന്റെ പ്രവർത്തനത്തിന് കൂടുതൽ ആധുനികമായ സാങ്കേതിക വിദ്യകളോ സ്ഥാപിച്ച യന്ത്രസാമഗ്രികളിൽ എന്തെങ്കിലും ഭേദഗതികളോ വേണമെന്ന് നഗരസഭ ആവശ്യപ്പെട്ടാൽ കരാറുകാരൻ അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

(8) പ്രതിദിനം 10 ടൺ ഖരമാലിന്യം ശുദ്ധീകരിക്കുന്നതും പ്രതിവർഷം 300 ദിവസം പ്ലാന്റ് പ്രവർത്തിക്കുന്നതും ശുദ്ധീകരിക്കാൻ കഴിയാതെ വരുന്ന ഓരോ ടൺ മാലിന്യത്തിനും കരാറുകാരൻ 100 രൂപ വീതം നഗരസഭയ്ക്ക് നഷ്ടപരിഹാരം നൽകേണ്ടതുമാണ്.

(9) പ്ലാന്റ് 7 ½ വർഷക്കാലം കരാറുകാരൻ പ്രവർത്തിപ്പിക്കുന്നതിനും അതിനുശേഷം നഗരസഭയെ ഏൽപ്പിക്കുന്നതുമാണ്.

(10) കരാറിൽ പറഞ്ഞിരിക്കുന്ന തീയതികൾ കരാറിന്റെ പ്രധാന ഘടകങ്ങളായിരിക്കും അതിന് എന്തെങ്കിലും വ്യത്യാസം വന്നാൽ കരാർ റദ്ദാക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(11) സ്ഥാപിക്കുന്ന മെഷീനറികൾ കരാറുകാരൻ പ്രവർത്തിപ്പിക്കുന്നത് ലൈസൻസി എന്ന നിലയിലായിരിക്കും. മെഷിനറികളിൽ കരാറുകാരന് യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.

76. പ്ലാന്റിന്റെയും കെട്ടിടത്തിന്റേയും പണി 80% പൂർത്തീകരിച്ചെന്ന് MLEC സാക്ഷ്യപ്പെടുത്തിയതനുസരിച്ച് രണ്ട് ഗഡുക്കളായി(14-9-1999, 5-2-2000) 10 ലക്ഷം രൂപ നഗരസഭ കരാറുകാരന് നൽകുകയുണ്ടായി.

77. 24-3-2000-ൽ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പ്ലാന്റിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. എന്നാൽ ഒന്നോ രണ്ടോ ദിവസം പ്രവർത്തിച്ച ശേഷം കരാറുകാരൻ പുതിയ ആവശ്യങ്ങളുമായി നഗരസഭയെ സമീപിച്ചു. അതനുസരിച്ച് നഗരസഭ പ്ലാന്റിലേക്ക് ജലം എത്തിച്ചു കൊടുക്കാൻ നടപടി എടുത്തു. കരാർ പ്രകാരം ഇത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. വൈദ്യുതി ചാർജ്ജ് കുറച്ച് കിട്ടുന്നതിനുവേണ്ടി പ്ലാന്റ് SSI യൂണിറ്റായി രജിസ്റ്റർ ചെയ്തുകൊടുക്കണം എന്ന കരാറുകാരന്റെ ആവശ്യം പരിഗണിച്ച് SSI യൂണിറ്റ് രജിസ്ട്രേഷനും നൽകുകയുണ്ടായി. കരാർ പ്രകാരം നൽകേണ്ട ബാക്കി 10 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ സർക്കാരിനെ സമീപിച്ചതിനെതുടർന്ന് നഗരസഭാ ഉദ്യോഗസ്ഥൻമാരുമായി തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി നടത്തിയ ചർച്ചയ്ക്കു ഒടുവിൽ പ്ലാന്റിന് SSI രജിസ്ട്രേഷൻ കിട്ടുന്ന മുറയ്ക്ക് പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമായി തോന്നുകയാണെങ്കിൽ കരാറുകാരന് ബാക്കി നൽകാനുള്ള 10 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റി ഇല്ലാതെ നൽകുന്നതിന് 31-7-2000-ൽ 15369/ജി.3/2000/ത.സ്വ.ഭ.വ. കത്ത് പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

78. പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമല്ലാതിരുന്നതിനാൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രസാമഗ്രികൾ ഒരു വിദഗ്ദ്ധ സംഘത്തെ കൊണ്ട് പരിശോധിപ്പിക്കുന്നതിന് 5-7-2000-ൽ നഗരസഭ തീരുമാനമെടുത്തു. അതനുസരിച്ച് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗത്തിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം തലവൻ ഡോ. പി. എസ്. ജമാൽമുഹമ്മദ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് പ്രൊഫസർ പ്രൊഫ. ഇ.ഡി. മുകുന്ദൻ, അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. കെ. വി. ശൂരപാണി വാര്യർ, ട്രേഡ് ഇൻസ്പെക്ടർ ശ്രീ. സലിം കെ. സേവിയർ എന്നിവർ 22-5-2001, 19-7-2001 എന്നീ തീയതികളിൽ പ്ലാന്റ് സന്ദർശിക്കുകയും 20-7-2001-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തൃപ്തി കരമായ പ്രവർത്തനത്തിന് യന്ത്രസാമഗ്രികളിൽ ചില പരിഷ്ക്കാരങ്ങൾ വേണമെന്ന് അവർ നിർദ്ദേശിക്കുകയുണ്ടായി. 20-11-2001-ൽ നഗരസഭയിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ടി വിദഗ്ദ്ധ സംഘം വീണ്ടും പ്ലാന്റ് സന്ദർശിക്കുകയും വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് വേണ്ട നടപടികളെടുക്കാൻ കരാറുകാരൻ തയ്യാറായില്ല. ഇത് കരാർ വ്യവസ്ഥയുടെ ലംഘനമാണ്.

79. വിദഗ്ദ്ധ സംഘം ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതിനു പകരം വൈദ്യുത ലൈനിൽ വോൾട്ടേജ് കുറവാണെന്ന വാദമാണ് കരാറുകാരൻ മുന്നോട്ട് വച്ചത്. എന്നാൽ 3-6-2002-ന് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ പദ്ധതി പ്രദേശത്ത് വൈദ്യുതി ലൈനിൽ 375 വോൾട്ട് വൈദ്യുതി ലഭ്യമാണെന്നും പ്ലാന്റിന്റെ സമീപം തന്നെ 35 hp മോട്ടോർ പ്രവർത്തിപ്പിക്കുന്ന ഒരു തടിമില്ല് സുഗമമായി പ്രവർത്തിക്കുന്നുണ്ടെന്നും ചൂണ്ടിക്കാണി ച്ചിട്ടുണ്ട്. കരാറുകാരന്റെ വാദങ്ങൾ തെറ്റാണെന്നും യന്ത്രങ്ങളുടെ തകരാറുകൊണ്ടാണ് പ്ലാന്റ് പ്രവർത്തിക്കാത്തതെന്നും ഇതിൽ നിന്നും അനുമാനിക്കാം.

80. ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം നഗരസഭയുടെ ഭാഗത്തുനിന്നും ചെയ്യേണ്ട എല്ലാ കാര്യങ്ങളും നഗരസഭ ചെയ്തിട്ടുണ്ട്. പ്ലാന്റ് പ്രവർത്തിപ്പിക്കുക എന്നുള്ള സദുദ്ദേശത്തോടെ നഗരസഭയുടെ ഉത്തരവാദിത്തമല്ലാത്ത ചില പ്രവർത്തികളും നടപ്പാക്കിയിട്ടുണ്ട്. നഗരസഭ നിയോഗിച്ച വിദഗ്ദ്ധ സംഘം ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാൻ കരാറുകാരൻ തയ്യാറായില്ല. ഇത് കരാറിന്റെ 9, 15 വ്യവസ്ഥകളുടെ ലംഘനമാണ്.

കരാർ വ്യവസ്ഥയുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കരാറുകാരനെതി രായി നിയമനനടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ പരാജയപ്പെട്ടു.

81. കരാറിൽ പറയുന്ന അവധി തീയതികൾ കരാറിന്റെ പ്രധാന ഘടകങ്ങളാ ണെന്ന് വ്യവസ്ഥ ചെയ്തിരിക്കെ 1999 മേയ് 25-ാം തീയതിക്കകം പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് തുടങ്ങിയില്ലെങ്കിൽ കരാറുകാരനെതിരെ നഗരസഭ നടപടിയെടുക്കേണ്ട തായിരുന്നു. എന്നാൽ ഇതു ചെയ്തുകാണുന്നില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഓരോരോ നടപടികളിലൂടെ കരാറുകാരന് ആനുകൂല്യം നൽകുകയും നടപടി ഒഴിവാക്കുകയുമാണ് നഗരസഭ ചെയ്തിരിക്കുന്നത്.

82. വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളനുസരിച്ച് പ്ലാന്റിന് വ്യതിയാനങ്ങൾ വരുത്താൻ തയ്യാറല്ല എന്ന് 17-12-2001-ലെ കത്തിലൂടെ കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോഴെങ്കിലും കരാർ ലംഘനത്തിന് നഗരസഭ നടപടി യെടുക്കണമായിരുന്നു. എന്നാൽ നഗരസഭ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ജൂലൈ 2004-ൽ ടിയാനെതിരെ നടപടിയെടുക്കുന്നതിന് വേണ്ടി നിയമോപദേശം കിട്ടിയെങ്കിലും ആ വഴിക്ക് യാതൊരു നടപടിയും കൈക്കൊണ്ടില്ല.

83. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഉൾക്കൊള്ളിച്ച മാലിന്യ സംസ്ക്കരണ പ്ലാന്റിനെക്കുറിച്ചുള്ള പരാമർശത്തിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യുന്നതിന് 11-10-2007-ന് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കാനും ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിക്കുന്നതിന് 22-1-2008-ന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തു. എന്നാൽ നഗരസഭയുടെ അഡ്വക്കേറ്റുമായി ചില ചർച്ചകൾ നടത്തിയിട്ടുള്ളതല്ലാതെ കരാറുകാര നെതിരെ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല."

84. ഗുരുവായൂർ നഗരസഭ സ്ഥാപിച്ച ഖരമാലിന്യ പ്ലാന്റിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് 30-10-2008-ൽ സമിതി നേരിട്ട് പ്ലാന്റ് സന്ദർശിച്ച അവസരത്തിൽ ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻസിപ്പാലിറ്റിയും സേഫ് മോട്ടോഴ്സും തമ്മിലുള്ള കരാറിന്റെയടിസ്ഥാനത്തിൽ നിർമ്മാണ ചിലവിനുള്ള തുക സേഫ് മോട്ടോഴ്സ് കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതി നാൽ കരാറിലെ എല്ലാ വ്യവസ്ഥകളും സേഫ് മോട്ടോഴ്സ് ലംഘിച്ചിരിക്കുന്നതായി കാണപ്പെടുന്നെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നാൽ കരാർ ലംഘനത്തിനെതിരെ നിയമനടപടിയെടുക്കാൻ ബാധ്യസ്ഥരായ മുൻസിപ്പാലിറ്റി നിയമനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ലീഗൽ ഒപ്പിനിയൻ തേടിയതല്ലാതെ കരാർ ലംഘിച്ച വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ യാതൊരു സിവിൽ നടപടിയും മുൻസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ലെന്നും സമിതി കുറ്റപ്പെടുത്തി.

85. കരാറുകാരൻ ധനലക്ഷ്മി ബാങ്കുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ പവർ ഓഫ് അറ്റോർണിയിൽ മുൻസിപ്പൽ സെക്രട്ടറിയുടെ ഒപ്പും സീലും കരാറുകാരൻ വ്യാജമായി രേഖപ്പെടുത്തി എന്ന ആക്ഷേപത്തിന് വ്യക്തമായ വിശദീകരണം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്ലാന്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ അതിന്റെ പല ഭാഗങ്ങളും കരാറുകാരൻ ഇളക്കിക്കൊണ്ടുപോയി എന്നത് കരാർ വ്യവസ്ഥയുടെ ലംഘനമാണെന്നും അതിനെതിരെ മുൻസിപ്പാലിറ്റി ഒരു നടപടിയും സ്വീകരിക്കാത്തത് ദുരൂഹമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

86. കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി പണിയുടെ പുരോഗതി പരിശോധി ക്കാതെ രണ്ടാം പാർട്ടിക്ക് പണം നൽകി, സ്വന്തം ചെലവിൽ വെള്ളം എത്തിക്കാമെന്ന് കരാറുകാരൻ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും അതിന്റെ ചെലവ് മുൻസിപ്പാലിറ്റി വഹിച്ചു, ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും കരാറിനു വിരുദ്ധമായി കരാറുകാരനായ ശ്രീ. ജോയിയെ സഹായിക്കുന്ന രീതിയിലുള്ള നിലപാടുകളാണ് മുൻസിപ്പാലിറ്റി സ്വീകരിച്ചിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാട്ടി മുൻസിപ്പാലിറ്റിയുടെ സമീപനത്തെ സമിതി വിമർശിച്ചു.

87. ഒരു വിദഗ്ദ്ധ സംഘം എഞ്ചിനീയേഴ്സ് ഈ പ്ലാന്റ് സന്ദർശിച്ച് ചില പരിഷ്ക്കാരങ്ങൾ വരുത്തിയാലെ പ്ലാന്റ് നന്നായി പ്രവർത്തിപ്പിക്കാൻ സാധിക്കുവെന്ന് കണ്ടെത്തിയെങ്കിലും ഈ വസ്തുത മുനിസിപ്പാലിറ്റി മുഖവിലയ്ക്കെടുത്തില്ല. ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് അനിവാര്യമായ മാലിന്യ സംസ്ക്കരണം അർപ്പണബോധ മില്ലാതെ ചെയ്തിരിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

88. കരാർ വ്യവസ്ഥ പ്രകാരം പ്ലാന്റ് ഏഴരവർഷക്കാലം കരാറുകാരൻ പ്രവർത്തി പ്പിക്കണമെന്നും അതിനുശേഷം നഗരസഭയെ ഏൽപ്പിക്കേണ്ടതും 60 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ടതും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി എഗ്രിമെന്റ് തുക കൊടുക്കണമെന്നതുമാണ്. കരാർ വ്യവസ്ഥ പ്രകാരം 60 ദിവസത്തിനകം പണി പൂർത്തീകരിച്ചില്ലെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഗുരുവായൂർ മുൻസിപ്പൽ സെക്രട്ടറി ശ്രീ. എൻ. വിജയകുമാർ അറിയിച്ചു. പ്ലാന്റിലേക്കുള്ള വൈദ്യുതി എത്തിച്ചുകൊടുക്കുന്ന ചുമതല നഗരസഭയ്ക്കും വെള്ളം കൊണ്ടുവരേണ്ട ചുമതല കരാറുകാരനുമാണെന്ന കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതുവഴി, അതായത് രണ്ട് പ്രവർത്തികളും മുൻസിപ്പാലിറ്റി തന്നെ ചെയ്തതുവഴി മുൻസിപ്പാലിറ്റിക്ക് അധികമായി ഉണ്ടായ ചെലവ് എത്രയാണെന്ന് അറിയേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

89. മുൻസിപ്പാലിറ്റിക്കുവേണ്ടി സെക്രട്ടറി ഒരു കരാറിൽ ഒപ്പുവച്ചു കഴിഞ്ഞാൽ പിന്നീട് അതിൽ എന്തെങ്കിലും വ്യതിയാനങ്ങൾ വരുത്താൻ മുൻസിപ്പൽ കൗൺസി ലിന്റെ അംഗീകാരം തേടേണ്ടതാണെന്നും, അനുവാദം ഇല്ലാതെ അപ്രകാരം പ്രവർത്തി ച്ചിട്ടുണ്ടെങ്കിൽ അത് കുറ്റകരമാണെന്നും സമിതി അഭിപ്രായപ്പെട്ടു. 7½ വർഷക്കാലം കരാറുകാരൻ പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ടതാണെന്നും, പ്ലാന്റ് പ്രവർത്തനരഹിതമാകുക യാണെങ്കിൽ ശുദ്ധീകരിക്കാൻ സാധിക്കാത്ത മാലിന്യത്തിന് ടൺ ഒന്നിന് 100 രൂപാ വീതം കരാറുകാരൻ മുൻസിപ്പാലിറ്റിക്ക് ഒടുക്കേണ്ടതുമാണെന്ന വ്യവസ്ഥ ലംഘിക്ക പ്പെട്ടിരിക്കുന്നുവെന്നും അതിനുത്തരവാദികൾ ആരെല്ലാമാണെന്ന് അറിയേണ്ടതാ ണെന്നും സമിതി ആവശ്യപ്പെട്ടു.

90. 1999 കാലഘട്ടത്തിൽ ടി പ്രദേശത്തെ സെക്രട്ടറിയും ഇപ്പോൾ വടകര മുൻസിപ്പൽ സെക്രട്ടറിയുമായ ശ്രീ. സി. സി. ശശിധരന്റെ കാലത്താണ് 10 ലക്ഷം രൂപ പേമെന്റ് കൊടുത്തത്. എന്നാൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വെള്ളം പ്ലാന്റിലേക്ക് എത്തിക്കൽ, വെള്ളം എത്തിച്ചതുവഴി ചെലവായ തുക എന്നിവയെക്കുറിച്ച് വ്യക്തമായി തനിക്ക് ഒന്നും അറിയില്ലെന്നും മുൻ സെക്രട്ടറി അറിയിച്ചു. മൂന്ന് ദിവസം മാത്രം പ്രവർത്തിച്ച പ്ലാന്റിലേക്ക് വെള്ളം എത്തിച്ചതുവഴി ചെലവായ തുക ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

കരാറിൽ മുൻസിപ്പാലിറ്റിക്കുവേണ്ടി സെക്രട്ടറിയും സാക്ഷിയായി ഹെൽത്ത് സൂപ്പർവൈസറും സേഫ് മോട്ടോഴ്സിനുവേണ്ടി ജോയി എന്ന വ്യക്തിയുമാണ് ഒപ്പുവച്ചിരിക്കുന്നത്. എന്നാൽ കരാർ വ്യവസ്ഥ പൂർണ്ണമായും ലംഘിച്ച ശ്രീ. ജോയി ക്കെതിരെ ഒരു നോട്ടീസുപോലും അയയ്ക്കാൻ മുൻസിപ്പാലിറ്റി തയ്യാറായില്ല. ഇത്തരത്തിൽ ബാദ്ധ്യത വരുത്തിയ ഉദ്യോഗസ്ഥരെ ലയബിളാക്കി അവരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്യേണ്ട നടപടി സ്വീകരിക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു.

91. സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് കരാർ ഒപ്പുവച്ചതെന്നും, പരീക്ഷണാടിസ്ഥാനത്തിലാണ് ഗുരുവായൂർ നഗരസഭയ്ക്ക് പ്ലാന്റ് നിർമ്മാണത്തിന് സർക്കാർ അനുമതി നൽകിയതെന്നും, കമ്പനി കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച പ്ലാന്റിന്റെ ലഘുമാതൃക കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂരിൽ ഇത് പ്രാവർത്തികമാക്കണമെന്ന ഉദ്ദേശത്തോടെ 15-7-1998-ൽ സർക്കാരിലേക്ക് അപേക്ഷിച്ചു കൊണ്ട് കത്തയയ്ക്കുകയും അനുമതി ലഭിക്കുകയും ചെയ്തതെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി മുൻ സെക്രട്ടറി ശ്രീ. സി. എസ്. ശശിധരൻ അറിയിച്ചു.

92. എം.എൽ.ഇ.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും, ഐ.എസ്.ഐ. മാർക്കുള്ള മെറ്റീരിയൽസാണോ ഉപയോഗിച്ചിരിക്കുന്നതെന്നും, എക്സ്പെർട്ട് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുമുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് 50% പണി പൂർത്തിയാക്കി എം.എൽ.ഇ.സി. ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പേമെന്റ് കൊടുത്തതെന്നും, ഐ.എസ്.ഐ. മാർക്കുള്ള മെറ്റീരിയൽസ് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ, അത് ഒന്നാം ഘട്ടത്തി ലാണെന്നും, രണ്ടാം ഘട്ടത്തിൽ മൂന്ന് ദിവസമേ പണി നടന്നിട്ടുള്ളൂ എന്ന് സമിതി പരാമർശിച്ചു. സംസ്ഥാനത്ത് ഒരിടത്തും ഒരു അംഗീകൃത മാലിന്യ സംസ്ക്കരണ സംവിധാനം ഉണ്ടായിരുന്നില്ലെന്നും, ഗുരുവായൂരിൽ ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് പ്രെസ്റ്റീജ് ഇഷ്യു ആയിരുന്നതിനാൽ ഗവൺമെന്റ് തലത്തിൽ ഒരു ഉന്നതതല മീറ്റിംഗ് കൂടുകയും ആ മീറ്റിംഗിൽ ബാക്കി 10 ലക്ഷം രൂപ കൊടുക്കുകയാണെങ്കിൽ പ്ലാന്റിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കാമെന്ന് ശ്രീ. ജോയി അറിയിച്ചെങ്കിലും അത്തരത്തിൽ പണം തരാൻ സാധിക്കില്ലെന്ന് താൻ അഭിപ്രായപ്പെട്ടതായും മുൻ സെക്രട്ടറി ശ്രീ. സി. എസ്. ശശിധരൻ അറിയിച്ചു. ഈ വിഷയം സംസ്ഥാനത്തിന്റെ പൊതു പ്രശ്നമാണെന്നും ഇത് എങ്ങനെയെങ്കിലും പരിഹരിക്കണമെന്നും പത്ത് ദിവസം തുടർച്ചയായി പ്ലാന്റ് പ്രവർത്തിപ്പിച്ചാൽ തുക കൊടുക്കാമെന്ന് ഗവൺമെന്റ് സെക്രട്ടറി അറിയിച്ചെങ്കിലും പിന്നീട് കൗൺസിൽ തുക അങ്ങനെ കൊടുക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തതായി മുൻ സെക്രട്ടറി അറിയിച്ചു.

93. സ്ഥാപിച്ച പ്ലാന്റിന്റെ ഭാഗങ്ങൾ കരാറുകാരൻ ഇളക്കിക്കൊണ്ടുപോയിട്ടും അയാൾക്കെതിരെ മുൻസിപ്പാലിറ്റി ഒരു നടപടിയും സ്വീകരിക്കാത്തത് കരാറു കാരനും മുൻസിപ്പാലിറ്റിയും തമ്മിലുള്ള ഒത്തുകളിയാണെന്ന് സമിതി കുറ്റപ്പെടുത്തി. എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ചാൽ അതിന് നഷ്ടപരിഹാരം ഈടാക്കണമെന്നും കൗൺസിൽ അഡ്വൈസ് ചെയ്തിട്ടും മുൻസിപ്പാലിറ്റി ഒരു നിയമനടപടിയും സ്വീകരി ക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും സമിതി ചൂണ്ടിക്കാട്ടി. മാത്രമല്ല കരാറുകാരൻ ധനലക്ഷ്മി ബാങ്കുമായി ഉണ്ടാക്കിയ മുക്ത്യാർ നാമത്തിൽ നഗരസഭാ മുൻ സെക്രട്ടറിയുടെ ഒപ്പും നഗരസഭയുടെ സീലും വ്യാജമായി രേഖപ്പെടു ത്തിയിരിക്കുന്നതായി പ്രസ്തുത ബാങ്കിന്റെ കത്തുമുഖാന്തിരം അറിയിക്കുകയുണ്ടാ യെന്നും, മുൻസിപ്പാലിറ്റി അറിയാതെ പവർ ഓഫ് അറ്റോർണി ഉണ്ടാക്കിയതിനെതിരെ നടപടി സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്നും സമിതി കൂട്ടിച്ചേർത്തു. വ്യാജ ഒപ്പിട്ടതിന്മേൽ ബന്ധപ്പെട്ട മുൻ സെക്രട്ടറി എന്തു നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് താൻ മുൻസിപ്പാലിറ്റിക്ക് കത്തു കൊടുത്തിട്ടുണ്ടെന്നും എഗ്രിമെന്റിനുശേഷം ട്രാൻസ്ഫർ ആയി പോവുകയുമാണുണ്ടായതെന്നും മുൻ സെക്രട്ടറി ശ്രീ. വി. ആർ. രാജു അറിയിച്ചു.

94. സേഫ് മോട്ടോഴ്സ് റിലയബിൾ ആയ സ്ഥാപനമാണോ? അതിന്റെ ആസ്തി പരിശോധിച്ചിട്ടുണ്ടോ എന്നുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് ആസ്തിയുണ്ടോ എന്നറിയില്ലെന്നും, ഇവിടത്തെ മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് പി.യു.സി. എന്ന സംഘടന നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് നടന്നു കൊണ്ടിരിക്കുകയാണെന്നും കരാറുകാരന്റെ വാദം കേട്ടശേഷം ഹൈക്കോടതി പറഞ്ഞത് പ്ലാന്റ് പ്രവർത്തിപ്പിക്കുകയാണെങ്കിൽ ബാക്കി 10 ലക്ഷം രൂപ നൽകണമെന്നാണ്. എന്നാൽ 20 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി തന്നാൽ 10 ലക്ഷം രൂപ നൽകാമെന്ന് കരാറുകാരനെ മുൻസിപ്പാലിറ്റി അറിയിക്കുകയുണ്ടായി. എന്നാൽ ബാങ്ക് ഗ്യാരന്റി തരാൻ ശ്രീ. ജോയി തയ്യാറല്ലായിരുന്നുവെന്നും മുൻ സെക്രട്ടറി ശ്രീ. ശശിധരൻ അറിയിച്ചു.

95. പ്ലാന്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് മുൻസിപ്പാലിറ്റിക്ക് ആകെയുണ്ടായ നഷ്ടം പലിശസഹിതം കണക്കാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. 11-9-2003-ൽ ചേർന്ന നഗരസഭാ കൗൺസിൽ 19-ാം നമ്പർ തീരുമാനപ്രകാരം സേഫ് മോട്ടോഴ്സിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ 5 വർഷം കഴിഞ്ഞിട്ടും മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും നഗരസഭ എടുത്തിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാട്ടി. ഈ കാലയളവിൽ ശ്രീ. ജോയി എന്നയാളായിരുന്നു സെക്രട്ടറിയെന്ന് വടകര മുൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പവർ ഓഫ് അറ്റോർണിയിൽ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. രാജുവിന്റെ ഒപ്പ് വ്യാജമാണെങ്കിൽ അത് സംബന്ധിച്ച് ലീഗൽ നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു. കരാറുകാരന്റെ പേരിൽ ഇനി സ്യൂട്ട് ഫയൽ ചെയ്യാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത കരാർ 7½ വർഷത്തേക്കുള്ളതാണെന്നും അതിനാൽ ബന്ധപ്പെട്ട ആക്ട് പ്രകാരം 2009 മാർച്ച് മാസംവരെ സ്യൂട്ട് ഫയൽ ചെയ്യാൻ സമയമുണ്ടെന്ന് മുൻസിപ്പാലിറ്റിയുടെ അഡ്വക്കേറ്റ് അറിയിച്ചതായും മുൻ സെക്രട്ടറി ശ്രീ. ശശിധരൻ അറിയിച്ചു.

96. മെക്കാനിക്കൽ വിഭാഗം പരിശോധിച്ച് കണ്ടെത്തിയത് പ്ലാന്റ് കുറഞ്ഞ വോൾട്ടേജിൽ പ്രവർത്തിപ്പിക്കുന്നത് കാരണം കൂടുതൽ വൈദ്യുതി ചെലവാകുമെന്നാണ്. ഇക്കാര്യത്തിൽ മുൻസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകം ലൈൻ വലിക്കുകയോ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്യുന്നത് ഉചിതമെന്നാണ് ഇ.ഇ. റിപ്പോർട്ട് പറയുന്നതെന്നും സമിതി പരാമർശിച്ചു. എന്നാൽ ടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമത്തിന്റെ പ്രശ്നമില്ലെന്നും പ്ലാന്റ് സ്ഥാപിച്ച പ്രദേശത്തിനടുത്ത് 35 എച്ച്.പി. മോട്ടോർ ഉപയോഗിക്കുന്ന ഒരു സാമിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മുൻ സെക്രട്ടറി അറിയിച്ചു.

97. മുൻസിപ്പാലിറ്റി ഫണ്ട് പരീക്ഷണം നടത്താനുള്ളതല്ലെന്നും നിയമപരമായി വേണം തുക വിനിയോഗിക്കേണ്ടതെന്നും ക്രമക്കേട് കണ്ട അതാത് സമയങ്ങളിൽ തന്നെ കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതായിരുന്നുവെന്നും കരാറുകാരൻ ഓരോരോ ഡിമാന്റ് വയ്ക്കുമ്പോൾ റിട്ടൺ ഒബ്ജക്ഷൻ നൽകണമായിരുന്നുവെന്നും ചെയ്യേണ്ട കാര്യങ്ങൾ മുൻസിപ്പാലിറ്റി യഥാസമയം ചെയ്തിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

98. ഇപ്പോൾ മാലിന്യം മുൻസിപ്പാലിറ്റി വക സ്ഥലത്ത് ഡമ്പ് ചെയ്യുന്ന നടപടി യാണ് സ്വീകരിച്ചിരിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചു. ഹഡ്കോയുടെ സഹായം ലഭ്യമാകുന്ന പ്രവൃത്തി ഫീസിബിളല്ലെന്നും സമിതിയുടെ ചോദ്യത്തിനു മറുപടിയായി സെക്രട്ടറി പറഞ്ഞു. ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിൽ ജനങ്ങൾക്ക് എതിർപ്പില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ജനങ്ങൾക്ക് എതിർപ്പുണ്ടെന്നും അതിനാലാണ് പി.യു.സി. എന്ന സംഘടന കേസിന് പോയതെന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

99. **മാലിന്യ സംസ്ക്കരണശാല സ്ഥാപിക്കുന്നതിന് കൊടുങ്ങല്ലൂരിലെ സേഫ് മോട്ടോഴ്സ് എന്ന സ്ഥാപനവുമായി ഗുരുവായൂർ മുൻസിപ്പാലിറ്റി 1999-ൽ ഏർപ്പെട്ട കരാർമൂലം മുനിസിപ്പാലിറ്റിക്ക് നാൽപ്പത്തിമൂന്നു ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം ഉണ്ടായി എന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല നാളിതുവരെയും മാലിന്യ സംസ്ക്കരണശാല എന്ന സങ്കൽപ്പം മുൻസിപ്പാലിറ്റിയിൽ യാഥാർത്ഥ്യമായി ട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു.**

100. **സേഫ് മോട്ടോഴ്സുമായുള്ള കരാർ പ്രകാരം 1999 മേയ് 25-ാം തീയതിക്കകം മാലിന്യ സംസ്ക്കരണശാല പ്രവർത്തിച്ചു തുടങ്ങേണ്ടതായിരുന്നു. എന്നാൽ തുടക്കം മുതലുള്ള കരാർ ലംഘനംമൂലം കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാവുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തില്ല എന്നുമാത്രമല്ല കരാറുകാരന്റെ ഓരോ അന്യായമായ ഡിമാന്റും മുൻസിപ്പാലിറ്റി അനുവദിച്ചു കൊടുക്കുകയും അതുവഴി ബാദ്ധ്യത ഉണ്ടാക്കി വയ്ക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തിച്ചത് മാലിന്യ സംസ്ക്കരണം കൃത്യമായി നടത്തുക എന്ന സദുദ്ദേശത്തോടു കൂടിയാണെങ്കിലും അന്യായമായ ഡിമാന്റുകൾ അനുവദിക്കുക വഴി വരുത്തിവെച്ച നഷ്ടത്തിനും കരാർ ലംഘനത്തിനെതിരെ കരാറുകാരന്റെ പേരിൽ നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് അന്നത്തെ മുൻസിപ്പാലിറ്റി ഭരണാധികാരികൾ ഉത്തരം പറയേണ്ടതാണ് എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.**

**മാലിന്യ സംസ്ക്കരണശാല സ്ഥാപിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾ താഴെ പറയുന്നവയാണ്:**

**(1) കരാർ പ്രകാരം 60 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ട തായിരുന്നുവെങ്കിലും ഇതിൽ വീഴ്ച വരുത്തിയിട്ടും കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല.**

**(2) പ്ലാന്റിലേക്ക് വെള്ളം എത്തിക്കേണ്ടത് കരാറുകാരന്റെ ചുമതല ആയിരിക്കെ ആ ചുമതല മുൻസിപ്പാലിറ്റി ഏറ്റെടുത്തു നടത്തി.**

**(3) കരാറുകാരനായിരുന്നു ഏഴരവർഷക്കാലം പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ട ചുമതല. എന്നാൽ കരാറനുസരിച്ചുള്ള പണം കൈപ്പറ്റുന്നതിനുമാത്രം ഉദ്ദേശിച്ച് കരാറുകാരൻ ആദ്യം മൂന്നു ദിവസവും പിന്നീട് പത്ത് ദിവസവും മാത്രമാണ് പ്ലാന്റ് പ്രവർത്തിപ്പിച്ചത്. ഇപ്രകാരം വെറും പതിമൂന്ന് ദിവസം മാത്രം പ്ലാന്റ് പ്രവർത്തിപ്പിച്ച കരാറുകാരന് കരാർ അനുസരിച്ചുള്ള മുഴുവൻ തുകയും ബാങ്ക് ഗ്യാരന്റിപോലും ഇല്ലാതെ നൽകി.**

(4) പ്ലാന്റിന്റെ പ്രവർത്തനത്തിന് കൂടുതൽ ആധുനികമായ സാങ്കേതിക വിദ്യകളോ സ്ഥാപിച്ച യന്ത്രസാമഗ്രികൾ എന്തെങ്കിലും ഭേദഗതികളോ വേണമെന്ന് നഗരസഭ ആവശ്യപ്പെട്ടാൽ കരാറുകാരൻ അതനുസരിച്ച് പ്രവർത്തിക്കേണ്ടതായിരുന്നു. എന്നാൽ വിദഗ്ദ്ധ സമിതി പ്ലാന്റിൽ നിരവധി പരിഷ്ക്കാരങ്ങൾ നിഷ്ക്കർഷിച്ചെങ്കിലും ആയത് നടപ്പാക്കുവാൻ രേഖാമൂലം വിസമ്മതിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതിന് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നിട്ടുകൂടി മുൻസിപ്പാലിറ്റി അത്തരത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല.

(5) സ്ഥാപിക്കുന്ന മെഷീനറികളിൻമേൽ കരാറുകാരന് യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല എന്നും കരാറുകാരൻ അവ പ്രവർത്തിപ്പിക്കുന്നത് ലൈസൻസി എന്ന നിലയിലായിരിക്കും എന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. ഏഴരവർഷം പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ട ഉത്തരവാദിത്വവും കരാറുകാരനായിരുന്നു. എന്നാൽ യന്ത്രഭാഗങ്ങൾ തൽപ്പരകക്ഷികൾ ഇളക്കിക്കൊണ്ടു പോയിട്ടും കരാറുകാരനെതിരെ യാതൊരു നടപടിയും മുൻസിപ്പാലിറ്റി സ്വീകരിച്ചില്ല.

(6) ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ വ്യാജ ഒപ്പും സീലും ഉപയോഗിച്ച് കരാറുകാരൻ പവ്വർ ഓഫ് അറ്റോർണി തയ്യാറാക്കി എന്നു നഗരസഭയ്ക്കു ബോധ്യപ്പെട്ടിട്ടും സേഫ് മോട്ടോഴ്സ് എം.ഡി.യുടെ പേരിൽ ക്രിമിനൽ നടപടി എടുക്കേണ്ടതാണെന്ന് നഗരസഭയുടെ അഡ്വക്കേറ്റ് നിയമോപദേശം നല്കിയിട്ടും യാതൊരു നടപടിയും ടിയാനെതിരെ നാളിതുവരെയും നഗരസഭ സ്വീകരിച്ചിട്ടില്ല.

(7) കരാറിൽ പറഞ്ഞിരിക്കുന്ന തീയതികൾ കരാറിന്റെ പ്രധാന ഘടകങ്ങളായിരിക്കെ അതിൽ എന്തെങ്കിലും വ്യത്യാസം വന്നാൽ കരാർ റദ്ദാക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും തുടർച്ചയായ കരാർ ലംഘനം ഉണ്ടായിട്ടും കരാർ റദ്ദാക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നീക്കവും ഉണ്ടായില്ല. മാത്രമല്ല ഇപ്രകാരം കരാർ ലംഘനം നടത്തിയ ഒരു സ്ഥാപനത്തിന് കരാർ തുക മുഴുവൻ നൽകുന്നതിന് ഒരു ഗവൺമെന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനം കൈക്കൊണ്ടപ്പോൾ നഗരസഭയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് യാതൊരു ശ്രമവും നടത്തിയില്ല.

(8) ഇത്രയും വ്യക്തമായ തട്ടിപ്പ് സേഫ് മോട്ടോഴ്സ് എന്ന സ്ഥാപനം നടത്തിയിട്ടും ഇതുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരു കേസിന്റെ കാര്യം പറഞ്ഞ് സേഫ് മോട്ടോഴ്സിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് മനഃപ്പൂർവമായ കാലതാമസം വരുത്തുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ പരിശോധിക്കുമ്പോൾ നഗരസഭാ കൗൺസിലോ സെക്രട്ടറിമാരോ ആരുംതന്നെ നഗരസഭയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഒട്ടും ഉൽസുകരായിരുന്നില്ലെന്നു കാണുന്നു. മാത്രമല്ല എത്രതന്നെ അന്യായം പ്രവർത്തിച്ചിട്ടും കരാറുകാരനെതിരെ ഒരു ചെറുവിരൽ പോലും അനക്കാതെ അയാൾ നടത്തിയ തട്ടിപ്പിന് കുടപിടിച്ചു കൊടുക്കുന്ന തരത്തിലുള്ള സമീപനമാണ്

**നഗരസഭ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതും. പദ്ധതിയുടെ പല ഘട്ടത്തിലും കരാറിലെ പ്രധാന വ്യവസ്ഥകളുടെ പ്രത്യക്ഷമായ ലംഘനം ഉണ്ടായിട്ടും കരാറുകാരന് നല്കാനുള്ള മുഴുവൻ തുകയും നൽകുന്നതിന് സെക്രട്ടറി തലത്തിൽ എടുത്ത തീരുമാനം കരാറുകാരനെ അന്യായമായി സഹായിക്കുന്നതിനു വേണ്ടിയായിരുന്നോ എന്ന സംശയവും ബലപ്പെടുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അന്നത്തെ സെക്രട്ടറി ശ്രീ. റ്റി. ബാലകൃഷ്ണൻ തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾ സേഫ് മോട്ടോഴ്സിന്റെ പ്ലാന്റ് വാങ്ങി സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ ഉത്തരവ് സമിതി ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയവും സംശയത്തിന്റെ നിഴലിലാണ്.**

101. **ആയതിനാൽ കരാർ ലംഘനം നടത്തുകയും കരാർ വ്യവസ്ഥകൾ പൂർത്തീകരിക്കാതെ തുക കൈപ്പറ്റുകയും ചെയ്ത സേഫ് മോട്ടോഴ്സ് ഉടമയിൽ നിന്നും ഗുരുവായൂർ നഗരസഭയ്ക്കുണ്ടായ നാൽപ്പത്തിമൂന്ന് ലക്ഷം രൂപയുടെ നഷ്ടം ഈടാക്കുന്നതിനുള്ള നിയമനടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

102. **ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ വ്യാജ ഒപ്പും സീലും ഉപയോഗിച്ച് പവ്വർ ഓഫ് അറ്റോർണി തയ്യാറാക്കിയ സേഫ് മോട്ടോഴ്സ് എം.ഡി.ക്കെതിരെ അടിയന്തിരമായി ക്രിമിനൽ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

103. **മാലിന്യ സംസ്ക്കരണശാല സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും സേഫ് മോട്ടോഴ്സുമായി കരാർ ചമച്ചതുമുതൽ ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ നഗരസഭാ ചെയർമാന്മാരുടെയും കൗൺസിൽ അംഗങ്ങളുടെയും നഗരസഭാ സെക്രട്ടറിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും വീഴ്ചകൾ കണ്ടെത്തുന്നതിനും ഉത്തരവാദിത്വം നിശ്ചയിക്കുന്നതിനുമായി അടിയന്തിരമായി ഒരു വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 6 മാസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും ഇതു സംബന്ധിച്ച വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടെക്നിക്കൽ എക്സാമിനറുടെ നിർദേശം പാലിച്ചില്ല : ഫില്ലിംഗിന് അധിക ചെലവ്**

നഗരസഭ നിർവ്വഹിച്ച മരാമത്ത് പണികളിൽ മണ്ണ് ഫില്ലിംഗിന് അനുവദനീയമല്ലാത്ത ചെലവ്.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ഡബ്ല്യു./സി.1/86 സർക്കുലറിലെ നിർദ്ദേശം എസ്റ്റിമേറ്റ് എടുത്തപ്പോൾ നഗരസഭ പരിഗണിക്കാഞ്ഞത് അധിക ചെലവിന് ഇടയാക്കി. കൺവീനർ ഫില്ലിംഗിന് സ്വന്തം മണ്ണ് ഉപയോഗിക്കുമ്പോൾ

അനുവദനീയമായ നിരക്കിൽ ഒരു ലീഡും ലിഫ്റ്റും കുറയ്ക്കണമെന്ന് സർക്കുലർ നിർദ്ദേശിക്കുന്നു. മണ്ണ് ഫില്ലിംഗിന് സാധാരണ ഉപയോഗിക്കുന്ന സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിലെ 58.59 ഇനങ്ങളിൽ ഒരു ലീഡിനും ലിഫ്റ്റിനും തുല്യമായി 2.1 സ്ത്രീ തൊഴിലാളികളുടെ കൂലി കുറയ്ക്കണമെന്ന് സർക്കുലർ വ്യക്തമാക്കുന്നു.

നിർദ്ദേശം പാലിക്കാതെ അധിക ചെലവ് വരുത്തിയ പണികളുടെ വിവരം:

| | മരാമത്ത് പണിയുടെ പേര് | അധികം നൽകിയ തുക |
|---|---|---|
| 1. | മഞ്ജുളാൽ-മാമ ബസാർ റോഡ് ഉയർത്തലും ടാറിംഗും | 403 |
| 2. | പി.ഡബ്ല്യു.ഡി. റോഡ്-മോസ്ക് റോഡ് സോളിംഗ്, മെറ്റലിംഗ് | 1,156 |
| 3. | കരുവെട്ടി ലൈൻ കോൺക്രീറ്റിംഗ് | 631 |
| 4. | ദേവസ്വം പുതിയ ക്വാർട്ടേഴ്സ് കാന | 361 |
| 5. | ബാലികാസദനം പുതിയ റോഡ് | 2,719 |
| 6. | മാധവി അപ്പാർട്ട്മെന്റ് രൂപപ്പെടുത്തൽ | 2,409 |
| 7. | പാലയൂർ പുത്തൻ പള്ളി റോഡ് കാന | 3,585 |
| 8. | 6, 9 വാർഡുകളിലെ പുതിയ റോഡ് | 6,752 |
| 9. | കട്ടപ്പാടം റോഡ് കാന | 3,219 |
| 10. | മഞ്ജുളാൽ-മാമ ബസാർ റോഡ് | 545 |
| 11. | നിസരി നഗർ റോഡ് | 7,694 |
| 12. | കണ്ടാംകുളം ജനത റോഡ് | 794 |
| | ആകെ | 30,268 |

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശത്തിന് വിരുദ്ധമായി നഗരസഭ വരുത്തിയ അധിക ചെലവ് ന്യായീകരിക്കത്തക്കതല്ല. അധികം ചെലവഴിച്ച 30,268 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 6.6.2.]

104. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

“ഈ ഖണ്ഡികയിലെ താഴെ പറയുന്ന ഉപഖണ്ഡികകൾ പ്രകാരമുള്ള തുകകൾ ഈടാക്കിയിട്ടുള്ളതാണ് :

| | | | | |
|---|---|---|---|---|
| ഖണ്ഡിക | 44(1) | വി. എസ്. അബ്ദുൾ ജമാൽ .. | 403 | [(Rt.) No. 79/112047 dated 23-9-2008] |
| | 44(3) | പി. നന്ദകുമാർ .. | 631 | Recovered from work bill E1-8767/07 dated 10-4-2008 |
| | 44(6) | ,, .. | 2,409 | do. |
| | 44(8) | പി. അനിൽകുമാർ .. | 6,752 | (Rt.) No. 16/112005 dated 18-4-2008 & (Rt.) No. 78/112047 dated 23-9-2008 |
| | 44(9) | കെ. പി. രഘുനാഥ് .. | 3,972 | (Rt.) No. 64/112034 dated 12-8-2008 |
| | 44(12) | പി. അനിൽകുമാർ .. | 794 | (Rt.) No. 16/112005 dated 18-4-2008 |
| | | ആകെ | 14,961 | |

ശേഷിക്കുന്ന തുകകൾ ഈടാക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 538-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6-12-2007, 21-1-2008, 24-3-2008 എന്നീ തീയതികളിൽ നോട്ടീസ് നൽകുകയും 22-9-2008-ന് ഡിമാന്റ് ബിൽ നൽകുകയും ചെയ്തിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.

105. ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന തുകയിൽ ഗണ്യമായ സംഖ്യ തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സത്തെക്കുറിച്ച് തന്നെ അറിയിച്ചിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും സർച്ചാർജ്ജ് നോട്ടീസ് ലഭിക്കുമ്പോൾ മാത്രമാണ് ഇക്കാര്യം അറിയുന്നതെന്നും, സർചാർജ്ജ് നടപടിക്കെതിരെ തൃശൂർ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും, ഗുരുവായൂർ നഗരസഭ മുൻ സെക്രട്ടറി 7-10-2008-ലെ തെളിവെടുപ്പുയോഗത്തിൽ സമിതിയിൽ വ്യക്തമാക്കി. ഇനി തിരിച്ചടയ്ക്കാൻ 16,240 രൂപ മാത്രമാണുള്ളതെന്നും, തുക പരമാവധി താൻ തിരികെ ഈടാക്കിയിട്ടുണ്ടെന്നും, ബാക്കി തുക ഈടാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

106. സ്റ്റാന്റിംഗ് കോൺട്രാക്ടേഴ്സിൽ നിന്നും തുക തിരികെ പിടിച്ചിട്ടുണ്ടെങ്കിലും പണി നിർത്തിപ്പോയവരിൽ നിന്നും തുക തിരികെ ഈടാക്കാനാണ് പ്രയാസമെന്നും 22-9-2006-ലെ പേമെന്റ് നോട്ടീസും ബില്ലും നൽകിയിട്ടുണ്ടെന്നും ഗുരുവായൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്) സമിതിയിൽ വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

107. **16,240 രൂപ തിരികെ ഈടാക്കി ആയതു സംബന്ധിച്ച രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുൻപാകെ ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ കേസിൽ ഉൾപ്പെട്ടവരും ഇപ്പോൾ ഗുരുവായൂർ നഗരസഭയിലെ സ്റ്റാന്റിംഗ് കരാർകാരല്ലാത്തവരുമായ കരാറുക്കാർക്കെതിരെ ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കണമെന്നും തുക ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഓഡിറ്റ് വകുപ്പ് അതുസംബന്ധിച്ച് അടിയന്തിര റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ചാലക്കുടി മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**തനതുകലകളുടെ പരിപോഷണം—ദുർവ്യയം**

പട്ടികജാതിക്കാരുടെ അന്യംനിന്ന പാരമ്പര്യകലകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5,000 രൂപ അടങ്കലായി അംഗീകരിച്ച പ്രോജക്ട് പിന്നീട്, പദ്ധതി വിഹിതം 35,000 രൂപയും സംഭാവന/സന്നദ്ധ സേവനം 10,000 രൂപയും ചേർത്ത് പുതുക്കി നിശ്ചയിച്ചു. പുതുക്കി നിശ്ചയിച്ച പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ല. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 5/99/പ്ലാനിംഗ്, തിരുവനന്തപുരം തീയതി 15-2-1999 പ്രകാരം പ്രോജക്ടിൽ ഉൾപ്പെടുത്തിയ പദ്ധതി വിഹിതത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ ഭേദഗതികൾ വരുന്ന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമേ നടപ്പാക്കാൻ പാടുള്ളൂ. എന്നാൽ ഈ പദ്ധതിയുടെ അടങ്കലിൽ 9 ഇരട്ടി വർദ്ധനവ് ഉണ്ടായിട്ടും മേൽനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇത് തീർത്തും ക്രമരഹിതമാണ്.

പ്രൊഫസർ സി. വി. വാസു കൺവീനറായിട്ടാണ് പ്രസ്തുത പദ്ധതിയുടെ സംഘാടനം നടന്നിട്ടുള്ളത്. M.L.E.C. അംഗമായ ശ്രീ. വാസു ഈ പദ്ധതിയുടെ കൺവീനറായതിന്റെ ഔചിത്യം ആഡിറ്റിന് ബോദ്ധ്യമാകുന്നില്ല. തന്നെയുമല്ല, ടിയാനെ ഈ പദ്ധതിയുടെ കൺവീനറായി തെരഞ്ഞെടുത്തതിന്റെയോ ടിയാൻ കൺവീനർ എന്നനിലയിൽ നഗരസഭയുമായി കരാർ ഉടമ്പടി വച്ചതിന്റെയോ യാതൊരു രേഖകളുമില്ല.

പ്രൊഫസർ സി. വി. വാസു 41,988 രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കി പദ്ധതി വിഹിതം മുഴുവനും (35,000) വാങ്ങിയിട്ടുണ്ട്. സന്നദ്ധ സേവനത്തിന്റെയോ സംഭാവനയുടെയോ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല, മോണിറ്ററിംഗ് ഒന്നും തന്നെ നടന്നിട്ടില്ല. യാതൊരു ദീർഘവീക്ഷണവുമില്ലാതെ, കാര്യമായ ഭൗതിക നേട്ടങ്ങൾ ഒന്നുമില്ലാതെ പദ്ധതി വിഹിതത്തിൽ അമിതമായ വർദ്ധനവ് വരുത്തി പുതിയ പദ്ധതി രൂപപ്പെടുത്തി

ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കിയതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയ 35,000 രൂപ ദുർവ്യയമായി കണക്കാക്കി ആഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII. II. 8(i).]

108. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

"പട്ടികജാതിക്കാരുടെ അന്യംനിന്നുകൊണ്ടിരുന്ന പരമ്പരാഗതകലകൾ പുനരുദ്ധരിപ്പിക്കുന്നതിലേക്കുവേണ്ടിയാണ് പട്ടികജാതി മേഖലയിൽ ഇത്തരത്തിലൊരു പ്രോജക്ട് നടപ്പിലാക്കിത്. ചാലക്കുടി നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ 1998-99-ലെ എസ്.സി. മേഖലയിലെ 105-ാം നമ്പർ പ്രോജക്ട് ആയിരുന്ന തനതുകലകൾ പരിപോഷിപ്പിക്കൽ എന്ന് പ്രോജക്ടിന് 5,000 രൂപ വകയിരുത്തിയിരുന്നു. നിർവ്വഹണ സമിതി യോഗം വിളിച്ചുചേർത്തപ്പോൾ ഉയർന്നുവന്ന അഭിപ്രായത്തെ തുടർന്ന് 35,000 രൂപ പദ്ധതി വിഹിതമായും 10,000 രൂപ ഗുണഭോക്തൃവിഹിതമായും പദ്ധതി വിപുലപ്പെടുത്തുകയായിരുന്നു. പട്ടികജാതി മേഖലയിലെ തന്നെ തുക പൂർണ്ണമായി ചെലവഴിക്കാൻ പറ്റാതിരുന്ന ഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും എന്ന 109-ാം നമ്പർ പ്രോജക്ടിൽ നിന്നും 30,000 രൂപ വകമാറ്റുകയാണ് ചെയ്തത്. പദ്ധതി വിഹിതത്തിന് 25-2-1999 കൗൺസിൽ ഭരണാനുമതിയും 11-3-1999-ലെ എം.എൽ.ഇ.സി.യുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. 1998-99 പദ്ധതിയുടെ ചെലവുകൾ ഉൾപ്പെടെ 1999-2000-ത്തിലെ പദ്ധതി രേഖയിലും ജി.എൻ. സ്റ്റേറ്റ്മെന്റിലും ഈ വിഷയം ചേർത്തിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശത്തിൽ പ്രൊഫ. സി. വി. വാസു എന്ന് ചേർത്തിട്ടുള്ളതും അച്ചടിപിശക് ആണ്. പ്രൊഫ. സി. സി. ബാബു എന്നാണ് കൺവീനറുടെ പേര്.

11-3-1999-ലെ എം.എൽ.ഇ.സി.യിലാണ് അനുമതി ലഭിച്ചതെങ്കിലും അതിനു മുൻപുതന്നെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കുകയാണുണ്ടായത് വിപുലമായ സ്വാഗതസംഘം 2-3-1999-ൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേരുകയും ഗുണഭോക്തൃ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ഇതിൽ നിന്നും പ്രൊഫ. സി. സി. ബാബുവിനെ ജനറൽ കൺവീനറായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഗുണഭോക്തൃ വിഹിതം, സംഭാവന എന്നിവ സംഘാടകരും ഗുണഭോക്താക്കളും സന്നദ്ധസേവനമായി കണ്ടെത്തുകയാണ് ചെയ്തത്. മൊത്തം ചെലവ് 41,998 രൂപയാണ്. പ്രോജക്ടിന്റെ മൊത്തം അടങ്കൽ 45,000 രൂപയ്ക്കാണ്. ഇതിലെ പദ്ധതിവിഹിതം 35,000 രൂപ പദ്ധതിയുമായി ബന്ധപ്പെട്ട് ടിയാൻ അഡ്വാൻസ് ഒന്നും വാങ്ങിയിട്ടില്ലാത്തതും പദ്ധതിയുടെ നടത്തിപ്പ് പൂർത്തിയാക്കിയതിനുശേഷം വൗച്ചറുകൾ ഹാജരാക്കി രൂപ കൈപ്പറ്റുകയുമാണ് ചെയ്തത്. പട്ടികജാതിക്കാരുടെ അന്യം നിന്നുകൊണ്ടിരിക്കുന്ന പരാമ്പരാഗത കലകൾ പുനരുദ്ധരിക്കുന്നതിലേക്കായി രൂപീകരിച്ച പദ്ധതി പ്രകാരം 12-3-1999 മുതൽ 14-3-1999 വരെ 3 ദിവസങ്ങളിലായി വി.ആർ. പുരത്തുവെച്ച് നടന്ന 3 ദിവസത്തെ ശില്പശാലയിൽ നാടൻ കലാരൂപങ്ങൾ

അവതരിപ്പിച്ചതുമായി ബന്ധപ്പെട്ട നടത്തിപ്പിലേക്ക് ആവശ്യമായ വിവിധ ചെലവുകളുടെ 41,998 രൂപയുടെ വൗച്ചറുകൾ, രസീതുകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്. ഭൗതിക നേട്ടങ്ങൾ ഇല്ലാതെ തയ്യാറാക്കിയ പദ്ധതിയുടെ ഉദ്ദേശ്യം പട്ടികജാതിക്കാരുടെ അന്യം നിന്നുകൊണ്ടിരിക്കുന്ന കലകളുടെ പുനരുദ്ധാരണ പ്രവർത്തനമായിരുന്നു എന്നതിനാൽ ഭൗതികനേട്ടങ്ങൾ ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. ഓഡിറ്റ് പരാമർശങ്ങളിൽമേലുള്ള തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്."

109. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 7-10-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞതിന്, 5,000 രൂപയായിരുന്നു പ്രോജക്ടിന്റെ അടങ്കൽ തുകയെന്നും ഗുണഭോക്തൃ സമിതിയുടെ അഭിപ്രായത്തെ തുടർന്ന് പട്ടികജാതി മേഖലയിലെ ഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും വേണ്ടി വിഭാവനം ചെയ്തിരുന്ന പ്രോജക്ടിൽ നിന്ന് അതു പ്രാവർത്തികമാവുകയില്ലെന്നു കണ്ടതിനാൽ 30,000 രൂപ വകമാറ്റുകയും അങ്ങനെ മൊത്തം 35,000 രൂപ ചെലവിൽ പട്ടികജാതിക്കാരുടെ അന്യംനിന്നുകൊണ്ടിരുന്ന പരമ്പരാഗത കലകൾ പുനരുദ്ധരിക്കുന്നതിലേക്കായി ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം മൂന്ന് ദിവസത്തെ ശിൽപശാല നടത്തുകയും ചെയ്യുകയായിരുന്നുവെന്ന് ചാലക്കുടി നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. ടി പദ്ധതിയുടെ അടങ്കൽ തുകയിൽ ഒൻപത് ഇരട്ടി വർദ്ധനവ് ഉണ്ടായിയെന്നും ഇതു സംബന്ധിക്കുന്ന ഫയൽ ഉണ്ടെന്നും ചാലക്കുടി നഗരസഭ സെക്രട്ടറി ശ്രീ. എം. നിസ്സാറുദ്ദീൻ കൂട്ടിച്ചേർത്തു.

110. ടി പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമുണ്ടായിരുന്നോ യെന്ന ചോദ്യത്തിന്, അംഗീകാരമുണ്ടായിരുന്നില്ലെന്നും എന്നാൽ പിന്നീട് സാധൂകരണം വാങ്ങിയിട്ടുണ്ടെന്നും ഡി.പി.സി. അംഗീകരിച്ച 1999-2000-ലെ പദ്ധതിരേഖയിൽ 1998-99 ലെ പദ്ധതിയുടെ ചെലവുകളിൽ 35,000 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും മൂന്ന് ദിവസത്തെ ക്യാമ്പിൽ കലകൾ അവതരിപ്പിച്ചതിനുള്ള തുക കലാകാരന്മാർക്ക് നൽകിയ രസീതുകളുടെ പകർപ്പുകളും മറ്റ് അനുബന്ധരേഖകളും ഫയലിൽ ലഭ്യമാണെന്നും സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

**111. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനവും കലാകാരന്മാർക്ക് നൽകിയ രസീതുകളുടെ പകർപ്പു കളും മറ്റ് അനുബന്ധ രേഖകളും ഉൾപ്പെടെയുള്ള ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാകണമെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് അടിയന്തിര മായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരിയർ ഗൈഡൻസ് സെന്റർ—പ്രവർത്തനങ്ങൾ അന്വേഷണ വിധേയമാക്കണം**

അംഗീകൃത പ്രോജക്ട് പ്രകാരം 1,20,000 രൂപയാണ് ഇതിന്റെ അടങ്കൽ. കരിയർ ഗൈഡൻസ് എന്ന പദ്ധതി കരിയർ ഗൈഡൻസ് സെന്റർ സൊസൈറ്റി വഴി

യാണ് നടപ്പിലാക്കുവാൻ നിശ്ചയിച്ചിരുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പല തരത്തിലുള്ള പോരായ്മകളും പൊരുത്തക്കേടുകളും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

(1) പ്രോജക്ട് സംബന്ധമായ ചെലവുകളെ സംബന്ധിച്ച ഒറിജിനൽ വൗച്ചറുകളും ബില്ലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(2) കരിയർ ഗൈഡൻസ് സെന്റർ ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യാവുന്നതിന് മുമ്പുതന്നെ സംഘാടനം ഏൽപ്പിച്ചു.

(3) മൊബിലൈസേഷൻ അഡ്വാൻസായി 25,000 രൂപ സെന്ററിന്റെ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ നഗരസഭയുമായി യാതൊരുവിധ കരാർ ഉടമ്പടിയും ഒപ്പുവച്ചിട്ടില്ല.

(4) 6-3-1999-ൽ മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയെങ്കിലും 6-4-1999-ൽ മാത്രമാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നത്. തന്നെയുമല്ല പ്രസ്തുത അക്കൗണ്ടിൽ ടി തുക വരവുവച്ചിട്ടുമില്ല.

(5) ഹാജരാക്കിയ പല വൗച്ചറുകളിലെയും (ഫോട്ടോസ്റ്റാറ്റ്) ചെലവുകൾ 11-3-1999-ന് മുമ്പുള്ളതാണ്. (സൊസൈറ്റി രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകുന്നത് 10-3-1999-ലും ആണ്). അഡ്വാൻസ് നൽകിയ തീയതിക്കുമുമ്പുള്ള ചെലവുകൾ പദ്ധതി ചെലവുകളായി അംഗീകരിക്കാനാവില്ല.

(6) ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റി രസീത് ഉപയോഗിച്ച് പിരിച്ച് മുനിസിപ്പൽ ഫണ്ടിൽ വരവുവച്ച് ജനറൽ പി.ഡി.യിലേക്ക് മാറ്റി പ്ലാൻ ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നിരിക്കേ, ടി സൊസൈറ്റി ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി സ്വന്തമായി രസീതുബുക്കുകൾ അച്ചടിപ്പിച്ചിട്ടുണ്ട്. ടി ബുക്കുകൾ ഉപയോഗിച്ച് എത്ര തുക പിരിച്ചു എന്നുള്ളത് വ്യക്തമല്ല. ധനവിനിയോഗ ചട്ടങ്ങൾ അനുസരിച്ച് അതീവ ഗുരുതരമായ പ്രവൃത്തിയാണിത്. ഇക്കാര്യത്തിൽ നഗരസഭയുടെ നിലപാട് വ്യക്തമാക്കേണ്ടതും സമഗ്രമായ അന്വേഷണം വേണ്ടതുമാണ്.

മേൽക്കാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 25,000 രൂപയുടെ ചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. സൊസൈറ്റിയുടെ രൂപീകരണം, പ്രവർത്തനം, പ്രയോജനക്ഷമത എന്നിവയെപ്പറ്റി വിശദമായ അന്വേഷണത്തിന് ആഡിറ്റ് നിർദ്ദേശം വയ്ക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII. II. 8(ii)].

112. 29-9-2008-ലെ 57477/$AB_1$/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

**കരിയർ ഗൈഡൻസ് സെന്റർ**

"ചാലക്കുടി നഗരസഭയുടെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലെ വിദ്യാഭ്യാസം, സംസ്ക്കാരം മേഖലയിലെ ജനറൽ 33 നമ്പർ പ്രോജക്ടാണ് കരിയർ

ഗൈഡൻസ് സെന്റർ, നഗരസഭാ പ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ ത്തിന് എൻട്രൻസ് കോച്ചിംഗ്, തൊഴിൽ രഹിതരായ അഭ്യസ്തർക്ക് പി.എസ്.സി., ബാങ്കിംഗ് റിക്രൂട്ട്മെന്റ് എന്നിവ ഉൾപ്പെടെയുള്ള മത്സരപരീക്ഷകൾക്ക് പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിലേക്കുള്ള പരിശീലനം ആയിരുന്നു ഈ പ്രോജക്ടിൽ വിഭാവനം ചെയതിരുന്നത്. പ്രോജക്ടിന് ആവശ്യമായ നിയമാനുസൃത അംഗീകാരങ്ങൾ യഥാസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. അടങ്കൽ തുക 1,20,000 രൂപ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1999 ജനുവരിയിൽ പ്രോജക്ട് നിർവ്വഹണസമിതി ചേരുകയും 1999 ഫെബ്രുവരി മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 12-2-1999-ലെ കൗൺസിൽ യോഗം 6(13) കൗൺസിൽ തീരുമാന പ്രകാരം ഡോ. സണ്ണിജോർജ് ചെതലൻ എന്നയാളെ കരിയർ ഗൈഡൻസ് സെന്റർ ഡയറക്ടറായി അംഗീകരിച്ചു. 22-2-1999-ൽ കരിയർ ഗൈഡൻസ് സെന്റർ നിർവ്വഹണ സമിതി ചേരുകയും ഔപചാരിക പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നഗരസഭയുമായി 27-2-1999-ൽ ഡോ. സണ്ണി ജോർജ് എഗ്രിമെന്റ് വച്ചു. പദ്ധതി പ്രകാരം പരിശീലനം നൽകുന്നതിലേക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ആയതിലേക്ക് ആണ് 25,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. അതിനോടനുബന്ധിച്ച് ഓഫീസ് ഫർണിഷിംഗ്, ഫർണിച്ചർ തുടങ്ങിയ ചെലവുകൾ 11-3-1999-ൽ കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസ് 25,000 രൂപയിൽ നിന്നും ചെലവുചെയ്തു. സൊസൈറ്റിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനു മുമ്പുള്ള ചെലവായതിനാലാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്കുമുഖേന പിൻവലിച്ച് ചിലവഴിക്കാൻ കഴിയാതെപോയത്. കരിയർ ഗൈഡൻസ് സെന്റർ ഒരു പ്രോജക്ട് നിർവ്വഹണ ഏജൻസിയായിട്ടാണ് രൂപപ്പെടുത്തി പ്രവർത്തനം ആരംഭിച്ച തെങ്കിലും പ്രവർത്തനങ്ങൾ വിപുലീകരിച്ചപ്പോൾ ആയതിന് കൃത്യതയും സ്ഥിരതയും നിലനിർത്തുന്നതിനായി ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിക്കപ്പെടുകയാണുണ്ടായത്.

(1) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചശേഷം പ്രോജക്ട് സംബന്ധമായ ചിലവുകളുടെ ഒറിജിനൽ വൗച്ചറുകളും, ബില്ലുകളും പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കുകയും അവ യഥാക്രമം ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്.

(2) പദ്ധതി ലക്ഷ്യമിട്ടിരുന്ന വിവിധ ഘടകങ്ങളിൽ എൻട്രൻസ് കോച്ചിങ്ങ് ക്യാമ്പ്, ഗ്രാമർ കോച്ചിംഗ് ക്യാമ്പ്, സയൻസ് എക്സിബിഷൻ എന്നിവ സമയബന്ധിത മായി പൂർത്തിയാക്കുന്നതിലേക്ക് പദ്ധതിയംഗീകാരം ലഭിച്ചയുടനെ നിർവ്വഹണ സമിതി കൂടി പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ് ചെയ്തത്. അതിലേക്ക് ആവശ്യമായ ഓഫീസ് ഫർണിഷിങ്ങ് ഫർണിച്ചർ എന്നിവ സംഘടിപ്പിക്കുകയും പിന്നീട് പ്രവർത്തന വൈപുല്യത്തോടെ കരിയർ ഗൈഡൻസ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനാലാണ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് സംഘാടനം ഏൽപ്പിച്ചു എന്ന പരാമർശം ഉണ്ടായിട്ടുള്ളത്.

(3) കരിയർ ഗൈഡൻസ് സെന്റർ പദ്ധതി നടത്തിപ്പിലേക്കായി ഡയറക്ടർ ശ്രീ. സണ്ണി ജോർജ്ജ് ചെതലൻ 27-2-1999-ൽ നഗരസഭയുമായി എഗ്രിമെന്റ് ഒപ്പുവെച്ച് ഹാജരാക്കിയിട്ടുള്ളതും പദ്ധതി നടത്തിപ്പിലേക്കായി മൊബിലൈസേഷൻ അഡ്വാൻസായി 25,000 രൂപ കൈപ്പറ്റിയിട്ടുള്ളതും പദ്ധതി നടത്തിപ്പിന് ആവശ്യമായ

ഓഫീസ് ഒരുക്കുന്നതിലേക്ക് ഫർണിച്ചർ, ഫർണിഷിംഗ് എന്നിവയ്ക്കുള്ള ചെലവുകൾക്ക് ഉപയോഗിച്ചിട്ടുള്ളതാണ്. അഡ്വാൻസ് ലഭിക്കുന്നതിന് മുൻപുതന്നെ ഡയറക്ടറുടെ പക്കൽ നിന്ന് തുക ചെലവായതിനാലാണ് അഡ്വാൻസ് തുക ബാങ്കിൽ നിക്ഷേപിക്കാതെ പോയത് എന്ന് സ്ഥാപനത്തിന്റെ കണക്കുകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

(4) കരിയർ ഗൈഡൻസ് സെന്റർ പദ്ധതിക്കായി നിർവ്വഹണ സമിതി കൂടി കരിയർ ഗൈഡൻസ് സെന്റർ ഡയറക്ടർ ശ്രീ. സണ്ണി ജോർജ്ജ് ചിതലൻ തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം പദ്ധതി നടത്തിപ്പിലേക്കായി നടത്തിയ ചിലവുകളുടെ ബില്ലുകൾ ആണ് ഹാജരാക്കപ്പെട്ടിരുന്നത്. ടി കരിയർ ഗൈഡൻസ് സെന്റർ പിന്നീട് പ്രവർത്തന സൗകര്യത്തിനായി കരിയർ ഗൈഡൻസ് സൊസൈറ്റിയായി 10-3-1999-ലെ അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ് (രജിസ്റ്റർ നമ്പർ 303/99). സൊസൈറ്റിയുടെ എക്സ് ഒഫീഷ്യോ പ്രസിഡന്റ് മുനിസിപ്പൽ ചെയർമാനും, സെക്രട്ടറി കരിയർ ഗൈഡൻസ് സെന്റർ ഡയറക്ടറും ആണ്. സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടതിനുശേഷം ആണ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്.

(5) 27-2-1999-ൽ കൂടിയ കരിയർ ഗൈഡൻസ് സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനപ്രകാരം 27-2-1999-ൽ സെന്റർ ഡയറക്ടർ നഗരസഭയുമായി കരാർ വയ്ക്കുകയും, 11-3-1999-ൽ മൊബിലൈസേഷൻ അഡ്വാൻസ് 25,000 രൂപ കൈപ്പറ്റുകയും ചെയ്തു. ഇതിനകം മുൻകൂറായി ചിലവായ തുകകൾ (ഓഫീസ് ഫർണിഷിംഗ് ഫർണിച്ചറുകൾ) മൊബിലൈസേഷൻ ചിലവ് കാണിച്ചിട്ടുള്ളതാണ്. അഡ്വാൻസ് തുക കൈപ്പറ്റുന്നതിനുമുമ്പ് തന്നെ ഡയറക്ടറുടെ പക്കൽ നിന്നും ചിലവായതിനാലാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്ക് മുഖാന്തിരം പിൻവലിച്ച് ചിലവാക്കുവാൻ ബുദ്ധിമുട്ട് വന്നിട്ടുള്ളത്. 1999 ഫെബ്രുവരിയിൽ തന്നെ മുനിസിപ്പൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനപ്രകാരം ഗൈഡൻസ് സെന്റർ പ്രവർത്തനം തുടങ്ങിയിരുന്നു. അതുകൊണ്ടാണ് 11-3-1999-നുമുമ്പുള്ള വൗച്ചറുകൾ ചെലവിൽ കാണിക്കേണ്ടിവന്നിട്ടുള്ളത്.

(6) കരിയർ ഗൈഡൻസ് മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ കോഴ്സുകൾക്ക് ആവശ്യമായ ഫീസ് ഈടാക്കുവാൻ (എസ്.സി./എസ്.ടി. ഒഴിവ്) ടി സെന്ററിന്റെ എക്സിക്യൂട്ടീവ് യോഗം 27-2-1999-ൽ തീരുമാനിച്ചിരുന്നതും 26-3-1999-ലെ 3/(ജെ) നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഗുണഭോക്തൃ വിഹിതമായി പിരിച്ച തുക യഥാസമയം കരിയർ ഗൈഡൻസ് സെന്റർ ക്യാഷ് ബുക്കിൽ വരവ് വെച്ചിട്ടുള്ളതാണ്. ചാലക്കുടി നഗരസഭ 31-10-2007-ൽ കരിയർ ഗൈഡൻസ് സെന്റർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും, വിദ്യാർത്ഥികളുടെ അക്കാഡമിക് കരിയർ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു സെന്റർ ആരംഭിച്ചതെന്നും ടി സെന്ററിന്റെ പരിശീലനത്തെക്കുറിച്ച് നല്ല മതിപ്പാണ് ഉള്ളതെന്നും നഗരസഭയ്ക്ക് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും തുടർ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നതിനും 19-ാം നമ്പർ കൗൺസിൽ തീരുമാനം ഉള്ളതാണ്. ആഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്."

113. പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച പോരായ്മകളെ സംബന്ധിച്ച് 7-10-2008-ലെ സമിതി തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ്, തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് മത്സരപരീക്ഷകൾക്ക് വേണ്ടി പരിശീലനം എന്നിവയായിരുന്നു ടി പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതെന്നും പദ്ധതി കൺവീനറായിരുന്ന ഡോ.സണ്ണി ജോർജുമായി നഗരസഭ തയ്യാറാക്കിയ ഉടമ്പടിയനുസരിച്ച് ഗവൺമെന്റ് സ്കൂളിൽ രണ്ട് മുറികൾ, സെന്റർ നടത്തുന്നതിനായി അലോട്ട് ചെയ്യുകയും ഓഫീസ് ഫർണിഷിംഗ് തുടങ്ങിയ പ്രാരംഭ ചെലവുകൾക്കാണ് 11-3-1999-ൽ കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസായ 25,000 രൂപ സെന്ററിന്റെ ഡയറക്ടർ ചെലവാക്കിയതെന്നും ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുമുമ്പുള്ള ചെലവായതിനാലാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെക്ക് മുഖേന പിൻവലിച്ച് ചെലവഴിക്കാൻ കഴിയാതെ പോയതെന്നും ചാലക്കുടി നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

114. കരിയർ ഗൈഡൻസ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും ഫർണിച്ചറുകൾ ഗവൺമെന്റ് ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കൈമാറിയിട്ടുണ്ടെന്നും അവ ഇപ്പോഴും സ്കൂളിൽ തന്നെയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

115. കരിയർ ഗൈഡൻസ് സെന്റർ ഏറ്റെടുത്ത അഞ്ചു പ്രവൃത്തികളിൽ മൂന്നെണ്ണം പൂർത്തീകരിക്കുകയുണ്ടായെന്നും, ടി സെന്ററിന്റെ സുഗമമായ പ്രവർത്തന ത്തിനുവേണ്ടി ഡോ.സണ്ണി ജോർജിനെ കൺവീനറായി നിയമിച്ചെങ്കിലും, നഗരസഭ യുടെ കീഴിൽ പ്രവർത്തിക്കേണ്ട പ്രസ്തുത സ്ഥാപനത്തിന്റെ കണക്കുകൾ അദ്ദേഹം കൗൺസിലിനെ ബോധിപ്പിക്കാതെ ഏകാധിപതിയെപ്പോലെ പ്രവർത്തിക്കാൻ തുടങ്ങി യതോടെയാണ് നഗരസഭയുടെ നിയന്ത്രണം വിട്ടുപോയതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രീ.ടി.ഭാസി സമിതിയിൽ വ്യക്തമാക്കി.

### നിഗമനങ്ങൾ/ശുപാർശകൾ

116. **കരിയർ ഗൈഡൻസ് സെന്ററിന്റെ പ്രവത്തനത്തോടനുബന്ധിച്ച് വാങ്ങിയ ഫർണ്ണീച്ചർ ഇപ്പോഴും മുനിസിപ്പാലിറ്റിയുടെ സ്വത്തായി തുടരുന്നതിനാൽ അത് സ്കൂളിന് രേഖാമൂലം ഹാന്റ് ഓവർ ചെയ്യണമെന്ന് മുനിസിപ്പാലിറ്റിയോടും ടി ഫർണ്ണിച്ചർ സ്കൂളിന്റെ അധീനതയിൽ തന്നെയുണ്ടെന്നുമുള്ള വിവരം സ്കൂൾ പ്രിൻസിപ്പലിനെകൊണ്ട് സാക്ഷ്യപ്പെടുത്തി തൃശ്ശൂർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അംഗീകാരമില്ലാത്ത പദ്ധതികളുടെ നിർവ്വഹണം—ചെലവ് അംഗീകരിക്കുന്നില്ല**

1997-1998-ൽ വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥയായ ചാലക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹൈസ്ക്കൂൾ പ്രിൻസിപ്പൽ ശ്രീമതി സി.എൻ. മായയ്ക്ക് മൊത്തം 16,62,800 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിൽ 7,60,000 രൂപയുടെ പദ്ധതിക്ക് മാത്രമേ എം.എൽ.ഇ.സി.യുടെ അംഗീകാരം ലഭിച്ചിരുന്നുള്ളൂ. തുടർന്ന് പദ്ധതി പൂർത്തീകരിക്കാത്തതിനാൽ രണ്ടു പ്രാവശ്യമായി (30-6-1998, 2-11-1998) മൊത്തം 4,26,199 രൂപ സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുമുണ്ട്.

ആകെ ചെലവു ചെയ്ത 12,36,601 രൂപയിൽ 9,02,800 രൂപ ക്രമരഹിതമായി വിനിയോഗിച്ചിരിക്കുന്നു. ഇതിൽ 2,00,000 രൂപ അംഗീകാരമില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അനുവദിക്കുകയും 7,02,800 രൂപ പ്രസ്തുത വ്യക്തി അംഗീകാര മില്ലാത്ത പദ്ധതികൾക്കുവേണ്ടി ചെലവു ചെയ്യുകയും ചെയ്തിരിക്കുന്നു. ഈ ഇനത്തിൽ ചെലവു ചെയ്ത 7,02,800 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII. II. 8(iii)].

117. 29-9-2008-ലെ 57477/$AB_1$/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

"ചാലക്കുടി നഗരസഭയുടെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥ യായി നടപ്പിലാക്കിയ പദ്ധതികളിൽ 7,02,800 രൂപയുടെ പദ്ധതികളുടെ അംഗീകാരം സംബന്ധിച്ചാണ് പരാമർശം. ഓഡിറ്റ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥയായി സി. എൻ. മായ എന്ന് ചേർത്തിട്ടുള്ളത് അച്ചടിപിശകാണ്. ശ്രീമതി സി. എൻ. രാധ യായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥ. ടിയാൾ 1999-ൽ റിട്ടയർ ചെയ്യുകയും ഇപ്പോൾ വിദേശത്താണെന്നും അറിയുന്നു. പദ്ധതി സംബന്ധമായി ലഭ്യമായ രേഖകളുടെയും വിശദമായ അന്വേഷണത്തിന്റെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്.

| | |
|---|---|
| എസ്.സി. പഠനോപകരണ പദ്ധതി | 2,12,000 |
| പ്ലസ് ടു ലാബ് വികസനം (ജന) | 2,16,800 |
| പ്രത്യേക സ്ക്കൂൾ പരിശീലനപരിപാടി (എസ്.സി.) | 85,000 |
| പ്ലസ് ടു അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 1,13,000 |
| സ്ക്കൂൾ ലൈബ്രറി വികസനം | 76,000 |
| | 7,02,800 |

ടി പദ്ധതികൾക്ക് 23-6-1998 തീയതിയിലെ കൗൺസിൽ യോഗം ഭരണാനുമതി നൽകിയിട്ടുള്ളതും 17-6-1998, 24-6-1998 തീയതിയിലെ എം.എൽ.ഇ.സി. യോഗം സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്.

(1) <u>പഠനോപകരണ പദ്ധതി</u>

10-ാം ക്ലാസിലെ എസ്.സി./എസ്.ടി. കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന പദ്ധതിയായിരുന്നു. അടങ്കൽ 2,12,000 രൂപ ആയതിലേക്ക് SIDCO യ്ക്ക് 2,11,943 രൂപയുടെ സപ്ലൈ ഓർഡർ നൽകുകയും തുടർന്ന് ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുള്ളതായി ഇപ്പോഴത്തെ ടി സ്ക്കൂൾ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) <u>പ്ലസ് ടു ലാബ് വികസനം 2,16,800</u>

1997-98 കാലഘട്ടത്തിലാണ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ആദ്യമായി പ്ലസ് ടു ആരംഭിക്കുന്നത്. ആയതിലേക്ക് അത്യാവശ്യഘടകമായ ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് നഗരസഭ ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്കാവശ്യമായ ഫർണിച്ചറുകൾ, റാക്ക്, അലമാരി എന്നിവ വാങ്ങിയതിന്റെ 2,16,790 രൂപയുടെ ഇൻവോയ്സ്, കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുളളത് സംബന്ധിച്ച് ഇപ്പോഴത്തെ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) <u>പ്രത്യേക സ്കൂൾ പരിശീലന പരിപാടി</u>

7,8,9 ക്ലാസുകളിലെ എസ്.സി.കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, ലഘുഭക്ഷണം എന്നിവ നൽകുന്ന പദ്ധതിയായിരുന്നു. 45 കുട്ടികൾ ഈ പദ്ധതിയുടെ ഗുണ ഭോക്താക്കളായിട്ടുളളതായി ലഭ്യമായ രേഖകൾകൊണ്ടും സ്കൂൾ പ്രിൻസിപ്പാളിന്റെ റിപ്പോർട്ടുകൊണ്ടും കാണുന്നു.

(4) <u>പ്ലസ് ടു അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 1,13,000</u>

പ്ലസ് ടു ക്ലാസ്സുകളിലേക്ക് ആവശ്യമായ ബെഞ്ച്, ഡസ്ക് വാങ്ങുന്നതിന് ടി പദ്ധതി പ്രകാരം തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ ഇൻവോയ്സ്, പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് ഇപ്പോഴത്തെ പ്രിൻസിപ്പാളിന്റെ റിപ്പോർട്ട് എന്നിവയുണ്ട്.

(5) <u>സ്കൂൾ ലൈബ്രറിയുടെ വികസനം</u>

സ്ക്കൂൾ ലൈബ്രറികളുടെ വികസനവുമായി ബന്ധപ്പെട്ട് 57,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതു തടസ്സവാദ പ്രകാരം സ്റ്റോക്ക് എൻട്രി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി ടി സ്ക്കൂളിലെ ഇപ്പോഴത്തെ പ്രിൻസിപ്പാൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

നഗരസഭയുടെ കീഴിലുള്ള സ്ക്കൂളുകൾക്ക് പ്ലസ് ടു കോഴ്സ് അനുവദിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാൽ മാത്രമേ കോഴ്സ് ആരംഭിക്കാവൂ എന്ന നിർദ്ദേശത്തെ തുടർന്നാണ് കൗൺസിലിന്റെ ഭരണാനുമതിയോടെയും എം.എൽ.ഇ.സി. യുടെ സാങ്കേതിക അനുമതിയോടുകൂടിയും മേൽ പദ്ധതികൾ നടപ്പിലാക്കിയത്. ഓഡിറ്റ് പരാമർശത്തിൽ തടസ്സപ്പെടുത്തിയിരിക്കുന്ന 7,02,800 രൂപ പ്ലസ് ടു അടിസ്ഥാന സൗകര്യ വികസനത്തിനും പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായിട്ടാണെന്ന് ലഭ്യമായ രേഖകളുടെയും സ്ക്കൂൾ പ്രിൻസിപ്പാളിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും വ്യക്തമാകുന്നതിനാൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾ ഒഴിവാക്കാവുന്നതുമാണ്."

118. പ്രസ്തുത പദ്ധതിയുടെ തുക തിരിച്ചടച്ചിട്ടുണ്ടോ എന്ന് 7-10-2008-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി ആരാഞ്ഞതിന്, എസ്.സി. പഠനോപകരണ പദ്ധതി (2,12,000) പ്ലസ് ടു ലാബ് വികസന പദ്ധതി (2,16,800) പ്രത്യേക സ്കൂൾ പരിശീലന പരിപാടി (85,000) പ്ലസ് ടു അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (1,13,000)

സ്കൂൾ ലൈബ്രറി വികസനം (76,000) എന്നിങ്ങനെ അഞ്ച് പദ്ധതികൾക്കും കൂടി ആകെ 7,02,800 രൂപയുടെ പദ്ധതിയായിരുന്നുവെന്നും, മേൽപ്പറഞ്ഞ പദ്ധതികൾക്ക് 17-6-1998-ലെയും 24-6-1998-ലെയും MLEC യോഗം സാങ്കേതികാനുമതി നൽകിയിട്ടുണ്ടെന്നും അതിന്റെ മിനിറ്റ്സും പദ്ധതിപ്പണം ചെലവാക്കിയതു സംബന്ധിച്ച് ഗവൺമെന്റ് ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പ്രിൻസിപ്പൽ നൽകിയ രേഖയും കൈവശമുണ്ടെന്നും ഇവ ഓഡിറ്റിനെക്കാണിച്ച് ബോധ്യപ്പെടുത്താമെന്നും ചാലക്കുടി നഗരസഭ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

119. **പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചെലവിന്റെ രേഖകൾ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്നും, ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പണികൾ പൂർത്തീകരിച്ചില്ല—മുൻകൂറുകൾ തിരിച്ചുപിടിക്കാത്തതിനാൽ നഷ്ടം**

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പിലാക്കിയ വിവിധ പൊതുമരാമത്തു പണികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിനുശേഷം പണികൾ പൂർത്തീകരിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിനാൽ പദ്ധതിപ്പണത്തിൽ വൻ നഷ്ടമുണ്ടായിരിക്കുന്നു. ആറ് ജലസേചനപദ്ധതികളിലായി മൊത്തം 3,98,000 രൂപയാണ് മുൻകൂർ നൽകിയിരിക്കുന്നത്. ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ യാതൊരു ശ്രമവും നടത്താതെ പൊതുപ്പണം ഇങ്ങനെ നഷ്ടപ്പെടുത്തുന്നത് നാടിന്റെ വികസന പ്രക്രിയയ്ക്ക് തുരങ്കം വയ്ക്കുന്ന സമീപനവും നിരുത്തരവാദപരവും ധനദുർവിനിയോഗവുമാണ്. ഇത്തരം സമീപനം കൈക്കൊള്ളുന്ന ഉദ്യോഗസ്ഥർക്കെതിരേയും, കൺവീനർമാർക്കെതിരേയും ശക്തമായ നിയമ നടപടികൾക്ക് ആഡിറ്റ് ശുപാർശ ചെയ്യുന്നു. മുൻകൂറുകൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | പ്രവർത്തിയുടെ പേര് | മുൻകൂർ തുക |
|---|---|---|
| 1. | ചാൽക്കുളം ലിഫ്റ്റ് ഇറിഗേഷൻ | 27,500.00 |
| 2. | കോഴിക്കുളം ലിഫ്റ്റ് ഇറിഗേഷൻ | 2,00,000.00 |
| 3. | കാളൻചിറ ലിഫ്റ്റ് ഇറിഗേഷൻ | 50,000.00 |
| 4. | പറയൻതോട് പദ്ധതി | 27,500.00 |
| 5 | മയംകുളം കുടിവെള്ള പദ്ധതി | 73,000.00 |
| 6. | പാമ്പാട്ടുംപാടം ജലസേചനം | 20,000.00 |
| | മൊത്തം | 3,98,000.00 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII. II. 8(iv)].

120. 29-9-2008-ലെ 57477/$AB_1$/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി :—

(1) ചാൽക്കുളം.—ലിഫ്റ്റ് ഇറിഗേഷൻ ഗുണഭോക്തൃ സമിതി കൺവീനർ 27,500 രൂപയ്ക്ക് നിർവ്വഹിച്ച പ്രവൃത്തികളും ലഭ്യമായ രേഖകളുടേയും സ്ഥല പരിശോധന യുടെയും അടിസ്ഥാനത്തിൽ ഉദ്ദേശം 50 x 50 മീറ്റർ വിസ്തീർണ്ണത്തിൽ ഉള്ള കുളത്തിൽ ഉദ്ദേശം 25 സെ.മീ. താഴ്ചയിൽ ചേറ് മാറ്റി കുളം വൃത്തിയാക്കിയതായി മുൻസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുളത്തിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി ഉണ്ട്. പൂർത്തീകരിച്ച പ്രവർത്തിയുടെ മൂല്യം 24,800 രൂപ വരുമെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി തുക കൺവീനറുടെ പക്കൽ നിന്ന് തിരിച്ചടപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(2) കോഴികുളം ഗുണഭോക്തൃ കമ്മിറ്റിക്ക് മുൻകൂർ 50,000 രൂപ

M/s. റെഡ്കോ 1,50,000 ആകെ 2,00,000 കോഴിക്കുളം ലിഫ്റ്റ് ഇറിഗേഷൻ ഗുണഭോക്തൃ കമ്മിറ്റിക്ക് മുൻകൂർ നല്കിയ 50,000 രൂപയിൽ നടപ്പിലാക്കിയ പദ്ധതിക ളുടെ 48,283 രൂപയുടെ ബില്ലുകളും വൗച്ചറുകളും ബാക്കി 4,255 രൂപയുടെ ബാങ്കിലുള്ള സ്റ്റേറ്റ്മെന്റും ഹാജരാക്കിയതു സംബന്ധിച്ച് അന്വേഷണവും സ്ഥലപരിശോധനയും നടത്തി. ടി കുളത്തിലേക്ക് പോകുന്ന വഴി കല്ല് പാകി ഗതാഗതയോഗ്യമാക്കുകയും ഏകദേശം 1.85 മീറ്റർ താഴ്ചയിൽ മണ്ണ് (ചേറ്) നീക്കി കുളം വൃത്തിയാക്കിയതായും ഇപ്പോൾ കുളത്തിലേക്ക് യാത്രായോഗ്യമായ വഴി ഉള്ളതുമാകുന്നു. കമ്മിറ്റി ചെയ്ത പ്രവർത്തിയുടെ മൂല്യം ഏകദേശം 49,929 രൂപയാണെന്നും ഹാജരാക്കിയ വൗച്ചറുകൾ അംഗീകരിക്കാവുന്നതാണെന്നും മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.തുടർന്നുള്ള വർഷങ്ങളിൽ കുളത്തിന്റെ പാർശ്വഭിത്തികൾ പണിത് കുളം സംരക്ഷിച്ചിട്ടുണ്ട്.

ലിഫ്റ്റ് ഇറിഗേഷൻ ആവശ്യത്തിലേക്കായി M/s. റെഡ്കോ എന്ന സ്ഥാപനത്തിന് മോട്ടോർ പമ്പ് സെറ്റ്, പൈപ്പ് ഫിറ്റിങ്സ് എന്നിവയ്ക്കായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1,50,000 രൂപ മുൻകൂർ നല്കിയിരുന്നു. ടി സ്ഥാപനം സപ്ലൈ ചെയ്ത മോട്ടോറിന്റെ സ്റ്റോക്ക് എൻട്രി വരുത്തുന്നതിന് ബിൽ അയച്ചുതരുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും ബിൽ ലഭിച്ചിട്ടില്ല.

(3) കാളൻചിറ.—കാളൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൺവീനറുടെ പേരിൽ 50,000 രൂപ മുൻകൂർ നല്കിയിരുന്നതിൽ നിർവ്വഹിച്ച പ്രവർത്തി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാതിരുന്നതിനെ തുടർന്ന് മുനിസിപ്പൽ എഞ്ചിനീയറോടൊപ്പം സ്ഥലപരിശോധന നടത്തുകയുണ്ടായി. കുളത്തിലേക്കുള്ള റോഡ് ഫോർമേഷൻ നടത്തിയതായും കുളത്തിന്റെ അതിരുകളിലെ കാടുകൾ വെട്ടിത്തെളിച്ചതായും കരിങ്കല്ല് ഇറക്കിയിരുന്നതായും അറിയുവാൻ കഴിഞ്ഞു. ചെയ്ത പ്രവർത്തിയുടെ (റോഡ് ഫോർമേഷൻ മൂല്യം ഏകദേശം 30,036 രൂപയാണെന്നും സൈറ്റിൽ ഇറക്കിയിരുന്ന 112 $M^3$ കരിങ്കല്ല് പിന്നീട് ടി സ്ഥലത്ത് ടെണ്ടർ മുഖേന നടത്തിയ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുപയോഗിച്ചതായും ആയതിന്റെ മൂല്യം 19,072 രൂപയാണെന്നും

മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആകെ ഇനം രണ്ടിലും കൂടി 49,109 രൂപയുടെ പ്രവർത്തി നിർവ്വഹിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. ബാക്കി തുക തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(4) പറയൻതോട്.—ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നല്കിയ 27,500 രൂപയുടെ മുൻകൂർ പ്രകാരം ചെയ്ത പ്രവർത്തി സംബന്ധിച്ച് അസി.എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയതിൽ തോടിന്റെ ഇരുവശവും കരിങ്കല്ല് സംരക്ഷണ ഭിത്തി 60 മീറ്റർ നീളത്തിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളതായും പ്രവർത്തിയുടെ മൂല്യം ഏകദേശം 26,567 രൂപ വരുന്നതാണെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബാക്കി തുക തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(5) *മനകുളം.*—ടി പദ്ധതിക്കായി 50,000 രൂപ മുൻകൂർ നല്കിയതായും 23,000 രൂപ സെക്യൂർഡ് അഡ്വാൻസും ഉൾപ്പെടെ 73,000 രൂപാ മുൻകൂർ നല്കിയെന്നാണ് ഓഡിറ്റ് പരാമർശത്തിലുള്ളത്. സെക്യൂർഡ് അഡ്വാൻസ് നല്കിയിട്ടുള്ള 7,350 രൂപയാണെന്ന് ബന്ധപ്പെട്ട ഫയൽ, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ കാണുന്നു. (14-7-1998) പ്രവർത്തി സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ ഒരുമിച്ച് സ്ഥലപരിശോധന നടത്തിയതിൽ ടി കുളത്തിന്റെ എല്ലാ വശങ്ങളും കരിങ്കൽ കെട്ടി സംരക്ഷിച്ചിട്ടുള്ള നിലയിൽ ആണ് എന്ന് കാണുന്നു. പ്രവർത്തിയുടെ സി സി ഫസ്റ്റ് ആന്റ് പാർട്ട് ബിൽ തയ്യാറാക്കിയതായി ഫയൽ പ്രകാരം കാണാം. ആയതുപ്രകാരം കമ്മിറ്റി ചെയ്ത പ്രവർത്തിയുടെ മൂല്യം 39,592 രൂപയും കമ്മിറ്റി സൈറ്റിലിറക്കിയ 14 ലോഡ് കരിങ്കല്ലിന്റെ സെക്യൂർഡ് അഡ്വാൻസ് 7,350 രൂപയും കൂടി 46,942 രൂപയുടെ അംഗീകൃത ചിലവ് കമ്മിറ്റി നിർവഹിച്ചിട്ടുണ്ട്. ബാക്കി തുക കൺവീനറുടെ പക്കൽ നിന്നും പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(6) പാമ്പാട്ടുപാടം പദ്ധതി.—ടി പദ്ധതിക്കായി മുൻകൂർ നല്കിയ 20,000 രൂപ കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടി കെട്ടിവച്ചതായിരുന്നു. ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

മേൽ ആറു ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാക്ക് നൽകിയിരുന്ന അഡ്വാൻസ് തുകയ്ക്കുള്ള പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളതായി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും സ്ഥല പരിശോധനയിലും മുൻസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരവും കാണുന്നു. ടി പദ്ധതികൾക്കെല്ലാം തന്നെ തുടർന്നുള്ള വർഷങ്ങളിലും പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിരുന്നതും ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും ജലസേചനത്തിന് ഉപയോഗപ്രദമായ വിധം കെട്ടി സംരക്ഷിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്.

121. ചാൽക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി തുക മുൻകൂർ നൽകിയതിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കൺവീനർക്ക് 27,500 രൂപയായിരുന്നു മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിരുന്നതെന്നും, അവിടെ കുറച്ച് പണികൾ ചെയ്തിരുന്നെങ്കിലും അതിന്റെ മെഷർമെന്റ് എടുത്തിരുന്നില്ലെന്നും, മുനിസിപ്പൽ എഞ്ചിനീയറുമായി സ്ഥലം പരിശോധിച്ചതിൽ ഏകദേശം 24,800 രൂപയുടെ പണി കൺവീനർ ചെയ്തിട്ടുള്ളതായി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും,

ബാക്കി തുക പലിശ സഹിതം കൺവീനറിൽ നിന്നും ഈടാക്കാൻ 28-3-2008-ലും 30-9-2008-ലും രണ്ട് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും ചാലക്കുടി നഗരസഭ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

122. കോഴിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ആകെ മുൻകൂർ നൽകിയ 2 ലക്ഷം രൂപയിൽ കൺവീനർക്ക് 50,000 രൂപ നൽകിയെന്നും 1,50,000 രൂപ റെയ്ഡ്കോയ്ക്കാണ് നൽകിയതെന്നും കൺവീനർ ഏകദേശം 49,929 രൂപയുടെ പ്രവൃത്തി അവിടെ ചെയ്തിട്ടുണ്ടെന്നും ടിയാന് നോട്ടീസ് നൽകിയതനുസരിച്ച് പലിശയുൾപ്പെടെ 6,761 രൂപ 25-9-2009-ൽ തിരിച്ചടച്ചിട്ടുണ്ടെന്നും, റെയ്ഡ്കോ പമ്പ്സെറ്റ് സപ്ലൈ ചെയ്തുവെങ്കിലും ഒറിജിനൽ ബിൽ ഇതുവരെയും നൽകിയിട്ടില്ലെന്നും ആയതിനാൽ മോട്ടോറിന്റെ സ്റ്റോക്ക് എൻട്രി വരുത്തുവാൻ സാധിച്ചിട്ടില്ലെന്നും മോട്ടോർ ഇപ്പോഴും ഉപയോഗിക്കാതെ മുനിസിപ്പാലിറ്റിയിൽ തന്നെയുണ്ടെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

123. പ്രസ്തുത 25 എച്ച്.പി.യുടെ മോട്ടോർ ആ കുളത്തിന് യോജിക്കില്ലെന്നും ആയതിനാൽ ഇപ്പോൾ 5 എച്ച്.പി.യുടെ മോട്ടോറാണ് അവിടെ സ്ഥാപിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രായോഗികത ആലോചിക്കാതെ ഒന്നരലക്ഷം രൂപയുടെ മോട്ടോർ പമ്പും ഫിറ്റിംഗ്സും വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് സമിതി ആരാഞ്ഞതിന് അന്നത്തെ സെക്രട്ടറിയായ ശ്രീ. പ്രഭാകരനായിരുന്നു കൺവീനറെന്ന് ചാലക്കുടി നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

124. കാളൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 50,000 രൂപ മുൻകൂർ നൽകിയതിൽ 49,109 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ബാക്കി തുക തിരിച്ചു പിടിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

125. പറയൻതോട് പദ്ധതിക്ക് ബിൽ പ്രകാരം 27,500 രൂപ മുൻകൂർ നൽകിയതിൽ 26,568 രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ടെന്നും എം. ബുക്ക് മുതലായ രേഖകൾ ഹാജരാക്കാമെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

126. മനക്കുളം കുടിവെള്ള പദ്ധതിക്ക് പ്രസ്തുത പദ്ധതിയിൽ 50,000 രൂപ മുൻകൂർ നൽകിയെന്നും പിന്നീട് ഒരു പാർട്ട് ബിൽ തന്നിട്ടുണ്ടായിരുന്നുവെന്നും, അതുകഴിച്ച് 40,102 രൂപ തിരിച്ചു പിടിക്കാനുണ്ടെന്ന് കാണിച്ച് നോട്ടീസ് നൽകിയതിന് രണ്ട് ദിവസം മുമ്പ് മാത്രമാണ് മറുപടി ലഭിച്ചതെന്നും അയാളുടെ പേരിൽ ബാങ്കിലുള്ള 32,000 രൂപ തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും ബാക്കി 8,000 രൂപ കൂടി തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

127. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയോ എന്ന് സമിതി ആരാഞ്ഞതിന്, 2,50,000 രൂപയുടെ പ്രോജക്ടിൽ 50,000 രൂപയാണ് അഡ്വാൻസായി നൽകിയതെന്നും അതിനനുസൃതമായ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും, എന്നാൽ സബ്സിഡിക്കായി വേറെ ടെന്റർ ക്ഷണിച്ചാണ് പ്രോജക്ട് പൂർത്തിയാക്കിയതെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി മറുപടി നൽകി.

128. നഗരസഭയ്ക്ക് നഷ്ടം സംഭവിച്ച തുക കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, 8,000 രൂപ ഈടാക്കാനുള്ളതിന് ആർ.ആർ. നടപടി സ്വീകരിക്കുന്നതാണെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി സമിതിയിൽ ഉറപ്പ് നൽകി.

129. പാമ്പാട്ടുപാടം ജലസേചന പദ്ധതിയെ സംബന്ധിച്ച് ഓഡിറ്റ് തടസ്സത്തിൽ സൂചിപ്പിച്ചിരിക്കുന്ന 20,000 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചതാണെന്നും, അതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും ചാലക്കുടി നഗരസഭാ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

130. **ചാൽക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ 27,500 രൂപയിൽ പ്രവൃത്തി മൂല്യമായി മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള 24,800 രൂപ കഴിച്ച് ബാക്കി തുകയായ 2,700 രൂപ പലിശ സഹിതം കൺവീനറിൽ നിന്നും ആർ.ആർ. വഴി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

131. **കോഴിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നഗരസഭയുടെ കൈവശമുള്ള 25 HP പമ്പ് കൗൺസിലിന്റെ അംഗീകാരത്തോടെ ഉപയോഗിക്കാൻ പറ്റുന്നതും ജനങ്ങൾക്ക് ഉപകാരപ്രദമായതുമായ ഒരു പ്രോജക്ട് തയ്യാറാക്കി ഉപയോഗിക്കുകയോ/റെയ്ഡ്കോയോട് പമ്പ് തിരിച്ചെടുക്കുവാൻ ആവശ്യപ്പെടുകയോ/പമ്പ് ലേലം ചെയ്ത് പണം മുതൽക്കൂട്ടുകയോ ചെയ്യാൻ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

132. **കാളൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് മുൻകൂർ നൽകിയ 50,000 രൂപയിൽ പ്രവൃത്തിമൂല്യമായ 49,109 രൂപ കഴിച്ച് ബാക്കി 891 രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

133. **പറയൻതോട് പദ്ധതിയിലെ മുൻകൂർ തുകയായ 27,500 രൂപയിൽ പ്രവൃത്തി മൂല്യമായ 26,568 രൂപ കഴിച്ച് ബാക്കി 932 രൂപ കൺവീനറിൽ നിന്ന് തിരികെ ഈടാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

134. **മനക്കുളം കുടിവെള്ള പദ്ധതിയിൽ കൺവീനർ തിരിച്ചടയ്ക്കാമെന്നറിയിച്ചിട്ടുള്ള 32,000 രൂപ ഉടൻ തിരികെ ഈടാക്കുന്നതിനും ബാക്കിയുള്ള 8,000 രൂപ ആർ.ആർ. നടപടിവഴി ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

135. **പാമ്പാട്ടുപാടം ജലസേചന പദ്ധതിയിൻകീഴിൽ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ച 20,000 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**മരാമത്തു പണികൾ നേരിട്ടു നടത്തുന്നതിന് അഡ്വാൻസ് എടുത്ത തുകകളുടെ കണക്ക് ക്രമീകരിച്ചിട്ടില്ല.**

നഗരസഭ നേരിട്ട് നടത്തുന്നതിന് തീരുമാനിച്ച പൊതുമരാമത്ത് വേലകളുടെ വിവിധ ഇനങ്ങളിലേക്കായി 4/1998, 5/1998 കാലയളവിൽ മൊത്തം 9,60,000 രൂപ അഡ്വാൻസ് എടുത്തിട്ടുണ്ട്. ടൗൺ പ്ലാനിംഗ് ഓഫീസർ (9,10,000 രൂപ) ഓവർസിയർ (50,000 രൂപ) എന്നിവർക്കാണ് തുക നൽകിയിരിക്കുന്നത്. ഈ ആവശ്യത്തിന് പണം ഇല്ലാതിരുന്നതിനാൽ ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും 28-4-1998-ൽ 10 ലക്ഷം രൂപ ടി.പി.എ. 353-ലേക്ക് ട്രാൻസ്ഫർ ചെയ്താണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നതിനോ അഡ്വാൻസ് നൽകുന്നതിനോ കൗൺസിൽ തീരുമാനങ്ങൾ ഒന്നും എടുത്തിട്ടുമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II. 9(i).]

ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

136. "4/98, 5/98 കാലയളവിൽ അന്നത്തെ ടി.പി.ഒ. ശ്രീ. വി. എസ്. ശ്രീവൽസന് തവണകളായി 9,10,000 രൂപയും ഓവർസീയർ ശ്രീ. എ. ജെ. പോളിന് 50,000 രൂപയും ഉൾപ്പെടെ ആകെ 9,60,000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. 26-3-1998-ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനവും 11-5-1998-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനവും പ്രകാരം 3 റോഡുകൾ ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നു. ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും 28-4-1998-ൽ 10 ലക്ഷം രൂപ ടി.പി.എ. 353-ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനോ അഡ്വാൻസ് നൽകുന്നതിനോ പ്രത്യേക കൗൺസിൽ തീരുമാനം എടുത്തതായി കാണുന്നില്ല. ഈ പ്രവൃത്തികൾ സംബന്ധിച്ച തൃശ്ശൂർ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് വകുപ്പിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് കൈപ്പറ്റിയ ശ്രീ. വി. എസ്. ശ്രീവൽസൻ ടി. പി. ഒ. സമർപ്പിച്ച 6,54,128 രൂപയുടെ ബില്ലുകളെ അംഗീകരിച്ചിട്ടുള്ളൂ. അധികം കൈപ്പറ്റിയ തുക ടിയാന്റെ ബാദ്ധ്യതയായി റിപ്പോർട്ട് ചെയ്തതിൻപ്രകാരം അർബൻ അഫയേഴ്സ് ഡയറക്ടറുടെ 31-3-2006-ലെ പി2-191/2000 നമ്പർ ഉത്തരവിൽ ടിയാന്റെ ബാധ്യതയായി 3,15,675 രൂപയായി കാണിച്ച് തുക ഈടാക്കുന്നതിന് നോർത്ത് പറവൂർ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെ ഈ തുക നഗരസഭ ഫണ്ടിലേക്ക് ലഭിച്ചിട്ടില്ല. തുക നഗരസഭയ്ക്ക് ലഭ്യമാക്കുന്നതിന് നോർത്ത് പറവൂർ നഗരസഭാ സെക്രട്ടറിക്ക് വീണ്ടും എഴുതിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കോടതിയിൽ O.P. 191/04 ആയി ശ്രീ. വി. എസ്. ശ്രീവൽസൻ ഫയൽ ചെയ്ത ഒരു കേസ് നിലവിലുള്ളതും ആയത് തുടർന്ന് വരുന്നതുമാണ്."

137. റോഡ് പണി നടന്നിട്ടുണ്ടോ എന്ന് 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് പണി നടന്നിട്ടുണ്ടെന്നും, കൗൺസിൽ തീരുമാനിച്ച പ്രകാരമാണ് ഡിപ്പാർട്ട്മെന്റലായി പ്രവൃത്തി ചെയ്തതെന്നും ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറി സമിതിയിൽ മറുപടി നൽകി. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും പ്രവൃത്തി പരിശോധിച്ചിട്ടുണ്ടെന്നും, മുനിസിപ്പൽ ഡ്രെഡ്ജിംഗ് ഗ്രൗണ്ടിൽ നിന്ന് മണ്ണ് വെട്ടിയെടുത്ത് മൂന്ന് റോഡുകൾ നിർമ്മിക്കുവാനായിരുന്നു തീരുമാനിച്ചിരുന്നതെന്നും ഡ്രെഡ്ജിംഗ് ഗ്രൗണ്ടിൽ നിന്ന് മണ്ണ് വെട്ടിയെടുത്ത് മറ്റ് സ്ഥലത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ കൺവേയൻസ് മുൻകൂർ മാത്രം നൽകിയാൽ മതിയെന്ന് പറഞ്ഞാണ് ഓഡിറ്റ് തടസ്സം വന്നതെന്നും ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

138. 10 ലക്ഷം രൂപ ടി.പി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിനോ മുൻകൂർ നല്കിയതിനോ കൗൺസിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ലായിരുന്നുവെന്നും, കൗൺസിലിന്റെ തീരുമാനപ്രകാരം ഡിപ്പാർട്ടുമെന്റലായി പ്രവൃത്തി ചെയ്ത സ്ഥിതിക്ക് ബാക്കിയുള്ള നടപടികളും കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി മാത്രം ചെയ്യണമായിരുന്നുവെന്നും സമിതി ചൂണ്ടിക്കാട്ടി.

139. പ്രസ്തുത പ്രവൃത്തിയോടനുബന്ധിച്ച് വൗച്ചറോ ബാക്കിയുള്ള രേഖകളോ ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി ഹാജരാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, അതു സംബന്ധിച്ച് 9,61,942 രൂപ ചെലവഴിച്ചതിന്റെ വൗച്ചറുകളും ലെവൽ ഷീറ്റ്, കളക്ഷൻ സ്റ്റേറ്റ്മെന്റ്, എം. ബുക്ക്, ഫീൽഡ് ബുക്ക് എന്നിവയുൾപ്പെടെ എല്ലാ രേഖകളും 6-10-1998-ന് മുൻപായി മുനിസിപ്പാലിറ്റിയിൽ നൽകിയിട്ടുണ്ടെന്ന് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി മുൻ ടൗൺ പ്ലാനിംഗ് ഓഫീസർ ശ്രീ. ശ്രീവൽസൻ സമിതിയെ അറിയിച്ചു.

140. എന്നാൽ ഇതു സംബന്ധിച്ച് മുൻസിപ്പാലിറ്റിയിലെ 318/98, 4818/98 എന്നീ നമ്പർ ഫയലുകൾ ഒഴിവാക്കി ബാക്കിയുള്ളവ മാത്രമാണ് ഓഡിറ്റുകാർക്ക് പരിശോധനയ്ക്കായി നൽകിയതെന്നും 9,61,942 രൂപയുടെ വൗച്ചർ സഹിതമുള്ള ബിൽ ലഭിച്ചിട്ടുണ്ടെന്നും ഓഡിറ്റുകാർതന്നെ സമ്മതിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

141. മുൻകൂറായി 9,60,000 രൂപ നൽകിയതിൽ പരിശോധനയ്ക്ക് ലഭിച്ച ബില്ലുകളിലെ തുക വകയിരുത്തിയശേഷം ബാക്കിവന്ന തുകയായ 3,66,218 രൂപയ്ക്കാണ് ഓഡിറ്റിൽ തടസ്സം രേഖപ്പെടുത്തിയിരിക്കുന്നതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

142. അതോടൊപ്പം ടി തുക ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിനായി സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും 27-9-2008-ലെ 15705/Spl.Cell.G1/08 നമ്പർ കത്ത് മുഖേന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

143. 9,60,000 രൂപ മുൻകൂറായി വാങ്ങിയതിൽ 9,61,942 രൂപയുടെ ബിൽ സബ്മിറ്റ് ചെയ്തുവെന്നത് ശരിയാണെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർ അളവെടുത്ത് അഡ്മിറ്റ് ചെയ്തത് 6,54,128 രൂപയുടെ ബിൽ മാത്രമാണെന്ന് ഇരിങ്ങാലക്കുട നഗരസഭാ സൂപ്രണ്ട് ശ്രീ. പി. ഡി. മനോഹരൻ സമിതിയെ അറിയിച്ചു.

144. ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള സർചാർജ് നടപടി തുടരുന്നതിനും, പ്രസ്തുത പ്രവൃത്തിയോടനുബന്ധിച്ച് ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ്, എം. ബുക്ക്, വൗച്ചറുകൾ എന്നിവയുൾപ്പെടെയുള്ള ഫയൽ ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**145. ഓഡിറ്റ് പരാമർശവിഷയം സംബന്ധിച്ചുള്ള മുഴുവൻ രേഖകളും അടങ്ങുന്ന എല്ലാ ഫയലുകളും ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 9,61,942 രൂപയുടെ ബിൽ സമർപ്പിച്ചതിൽ പ്രസ്തുത ചെലവിനത്തിലുള്ള എല്ലാ പണികളും സി.ടി.ഇ. പരിശോധിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തണമെന്നും സി.ടി.ഇ. അനുവദിക്കാത്ത തുകയായ 3,66,218 രൂപ അനുവദനീയമല്ലെങ്കിൽ ആയത് മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായിരുന്ന ശ്രീ. ശ്രീവൽസന്റെ DCRGയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അധിക നിരക്കിൽ ടെണ്ടർ എക്സസ്—അനുവദിക്കുന്നില്ല**

28-5-1998-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 21945/ഡി1/98/ത.സ്വ.ഭ.വ. അനുസരിച്ച് 30 ശതമാനം വരെയുള്ള ടെണ്ടർ എക്സസ് മാത്രമേ കൗൺസിലിന് അനുവദിക്കാൻ കഴിയു. അതിലധികമുള്ള ടെണ്ടർ എക്സസിന് സർക്കാർ അംഗീകാരം വാങ്ങേണ്ടതാണെന്നും ഇക്കാരൃത്തിൽ ഒരു കാരണവശാലും റാറ്റിഫിക്കേഷൻ നൽകുന്നതല്ല എന്നും ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ടി നിബന്ധനകൾ പാലിക്കാതെ, അതിരിങ്കൽ ക്ഷേത്ര റോഡ് നിർമ്മാണം, പെരുവള്ളിപ്പാടം റോഡിൽ സംരക്ഷണ മതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് യഥാക്രമം 47.8%, 48% എന്നീ നിരക്കിൽ ടെണ്ടർ എക്സസ് നൽകിയിരിക്കുന്നു. സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി നൽകിയ അധിക നിരക്കായ 52,008 രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.9(ii).]

ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

146. "പെരുവല്ലിപ്പാടം റോഡിൽ സംരക്ഷണഭിത്തി കെട്ടൽ എന്ന പ്രവർത്തിയുടെ 48% അധികരിച്ച നിരക്ക് തദ്ദേശസ്വയംഭരണ (ബി) വകുപ്പിന്റെ 3-5-1995-ലെ സ.ഉ.(സാ) നമ്പർ 2459/95/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതായി ടി ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഈ രണ്ട് പ്രവൃത്തികളുടേയും ടെണ്ടർ അധികനിരക്ക് അംഗീകരിച്ച സർക്കാർ ഉത്തരവ് ഫയലിൽ ലഭ്യമല്ല. മേൽ ഉത്തരവിന്റെ പകർപ്പ് ലഭിക്കുവാൻ സെക്രട്ടേറിയറ്റിലെ റെക്കോർഡ്സ് വിഭാഗം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ ഓഫീസ്, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ

ഫണ്ട് അക്കൗണ്ട്സ് വിഭാഗം എന്നിവയുമായി ബന്ധപ്പെട്ടെങ്കിലും ഉത്തരവിന്റെ കോപ്പി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ അധിക നിരക്ക് നൽകിയ ഓഡിറ്റ് തടസ്സവാദപ്രകാരം ബന്ധപ്പെട്ട കരാറുകാരായ ശ്രീ. സി. കെ. പൗലോസിൽ നിന്നും 14,713 രൂപയും ശ്രീ. എം. ഡി. വർഗ്ഗീസിൽ നിന്നും 37,295 രൂപയും ഈടാക്കുവാൻ 24-9-2008 തീയതിയിലെ ഇ-10157/06-ാം നമ്പർ ആയി നോട്ടീസ് അയച്ചിട്ടുള്ളതാണ്."

147. 30% വരെയുള്ള ടെന്റർ എക്സസ് മാത്രമേ കൗൺസിലിന് അനുവദിക്കാൻ പാടുള്ളൂ എന്ന സർക്കുലർ നിലനിൽക്കുമ്പോൾ അതിനുവിരുദ്ധമായി 47.8%, 48% എന്നീ നിരക്കുകളിൽ രണ്ട് പ്രവൃത്തികൾക്ക് ടെന്റർ എക്സസ് നൽകിയിരിക്കുന്നതിന്റെ കാരണം സമിതി ആരായുകയുണ്ടായി. സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി നൽകിയ അധിക നിരക്കായ 52,008 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

148. പ്രസ്തുത വർക്കിന് 50% വരെയുള്ള ടെന്റർ എക്സസ് അനുവദിക്കാമെന്ന് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ഇരിങ്ങാലക്കുട നഗരസഭ സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

149. 28-10-1995-ലെ സർക്കാർ ഉത്തരവ് ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറി സമിതിയിൽ വായിച്ചു. 1996 കഴിഞ്ഞാണ് ഷെഡ്യൂൾ പിന്നീട് പുതുക്കുന്നതെന്നും അതുവരെ പ്രസ്തുത ഉത്തരവ് പ്രകാരം 50% എക്സസിൽ വർക്ക് ചെയ്യാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

150. 21945/D1/98 തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ അനുസരിച്ച് 30% വരെ മാത്രമേ ടെന്റർ എക്സസ് നൽകാൻ പാടുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് പ്രസ്തുത പ്രവൃത്തി 1995-ൽ തുടങ്ങി 1997-ൽ പൂർത്തിയാക്കി പേയ്മെന്റ് നടത്തിയെന്ന് സെക്രട്ടറി മറുപടി നൽകി. പഴയ ഷെഡ്യൂൾ പ്രകാരമാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്നും, 22-2-1995-ലാണ് രണ്ട് പ്രവൃത്തികൾക്കും ടെന്റർ എക്സസ് നൽകിയതെന്നും, ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

151. **50% അധികനിരക്കിൽ ടെന്റർ എക്സസ് അനുവദിച്ചതിന് ആധാരമായി ചൂണ്ടിക്കാട്ടിയ 28-10-1995-ലെ ഗവൺമെന്റ് ഉത്തരവ് ഉൾപ്പെടെ പ്രസ്തുത വിഷയം സംബന്ധിച്ച് എല്ലാ രേഖകളും അടങ്ങുന്ന ഫയൽ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു.**

## ചാവക്കാട് മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**മുദ്രപ്പത്രം വാങ്ങിയത്—അധിക ചെലവ്—അനുവദിക്കുന്നില്ല**

മത്സ്യ മാർക്കറ്റ്, മിനി വ്യവസായ എസ്റ്റേറ്റ് എന്നിവയ്ക്ക് സ്ഥലമെടുത്ത് രജിസ്റ്റർ ചെയ്ത ഇനത്തിൽ മുദ്രപത്രത്തിന്റെ വിലയിൽ 5,186 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. 3,78,510 രൂപ വിലയുള്ള വസ്തു രജിസ്റ്റർ ചെയ്യുന്നതിന്

വിലയുടെ 12.5% മുദ്രപ്പത്രം മാത്രം ആവശ്യമുള്ളപ്പോൾ 13.87 ശതമാനത്തിന്റെ മുദ്രപ്പത്രം വാങ്ങിയതിനാലാണ് ഈ അധികചെലവ് വന്നത്. അധികം ചെലവഴിച്ച തുക ആഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.10(i).]

ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

152. "3,78,510 രൂപയ്ക്കുള്ള വസ്തു രജിസ്റ്റർ ചെയ്യുന്നതിന് വിലയുടെ 12.5% മുദ്രപ്പത്രം മാത്രം ആവശ്യമുള്ളപ്പോൾ 13.87%-ത്തിന്റെ മുദ്രപത്രം വാങ്ങിയ തിനാലാണ് ഈ അധികചെലവ് ഉണ്ടായിട്ടുള്ളത്. എന്നാൽ രജിസ്ട്രാർ ഓഫീസിൽ നിന്നും നിർദ്ദേശിച്ച പ്രകാരമുള്ള തുകയ്ക്കാണ് മുദ്രപത്രം വാങ്ങിയിട്ടുള്ളത്. ടി തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി സർചാർജ് ചെയ്ത സാഹചര്യത്തിൽ ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. രാജേന്ദ്രൻ നായർക്ക് അദ്ദേഹം സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന സൗത്ത് പറവൂർ, നെടുമങ്ങാട് നഗരസഭ കളിലേക്കും ടിയാൻ റിട്ടയർ ചെയ്തതിനെ തുടർന്ന് അദ്ദേഹത്തിന്റെ വാസസ്ഥല ത്തേക്കും യഥാക്രമം എ2-8115/06 തീയതി 29-11-2006, എ2 (ആർ3)8115/06 തീയതി 3-12-2007, എ2 (ആർ3) 8115/06 തീയതി 14-1-2008 നമ്പർ പ്രകാരം കത്തുകളയച്ചിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടി തുക ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ബഹു. നഗരകാര്യ ഡയറക്ടർക്കും ആർ3-8115/06 പ്രകാരം സർക്കാരിനും കത്തയച്ചിട്ടുണ്ട്.

**നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട്**

153. ഈ ഉദ്യോഗസ്ഥൻ 31-12-2007-ൽ റിട്ടയർ ചെയ്തു. ടിയാന്റെ പേരിൽ അച്ചടക്കനടപടികൾ നിലവിലുള്ളതിനാൽ DCRG നൽകിയിട്ടില്ല. ആയതിനാൽ DCRG നൽകുന്ന സമയം മേൽ ബാധ്യത തുക ഈടാക്കി നഗരസഭയ്ക്ക് അടയ്ക്കുന്നതാണ്. ആയതിനുള്ള ക്രമീകരണങ്ങൾ നഗരകാര്യ ഡയറക്ടറേറ്റിൽ ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

154. **12.5%-ന്റെ മുദ്രപത്രം ആവശ്യമുള്ളിടത്ത് 13.87%-ന്റെ മുദ്രപത്രം വാങ്ങിയത് കണക്കു കൂട്ടിയതിൽവന്ന അപാകതയായി കണക്കാക്കി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖയില്ല; 14.3 ലക്ഷം സെൽഫ് ചെക്കായി പിൻവലിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം ചെക്ക് എഴുതിയെടുത്ത 14,33,092 രൂപ പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കി സാധൂകരിച്ചിട്ടില്ല.

നഗരസഭയിലെ കൃഷി ഫീൽഡ് ഓഫീസറാണ് സാമ്പത്തിക ചട്ടങ്ങൾ കാറ്റിൽ പറത്തി ലക്ഷങ്ങളുടെ ക്രമക്കേട് കാട്ടിയത്.

പദ്ധതി നിർവ്വഹണത്തിന് 1998-99-ൽ നൽകിയ 6,98,200 രൂപയും 1999-2000-ൽ നൽകിയ 9,29,502 രൂപയുമാണ് സെൽഫ് ചെക്കായി പിൻവലിച്ചത്. വൻതുകകൾ സെൽഫ് ചെക്കായി പിൻവലിക്കരുതെന്ന് സർക്കാർ ഉത്തരവ് നിലവിലുള്ള പ്പോഴാണിത്. 1998-99-ൽ പിൻവലിച്ച തുകയിൽ 1,94,610 രൂപ പിന്നീട് ജി.പി.ഡി. അക്കൗണ്ടിൽ മടക്കിയതായി കാണുന്നു. ബാക്കി 14,33,092 രൂപയ്ക്കാണ് രേഖകൾ ഹാജരാക്കേണ്ടത്.

ഓഡിറ്റ് വേളയിൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പിൻവലിച്ച തുകയ്ക്ക് ആധാരമായ അംഗീകൃത പദ്ധതി രേഖകൾ, ക്യാഷ് ബുക്ക്, ചെക്ക് രജിസ്റ്റർ, ഗുണഭോക്തൃ പട്ടിക, മറ്റ് പദ്ധതി നിർവ്വഹണ ചെലവ് രേഖകൾ എന്നിവ നിർവ്വഹണോ ദ്യോഗസ്ഥൻ ഹാജരാക്കിയില്ല.

സാധൂകരണ രേഖയില്ലാത്തതിനാൽ ധനാപഹരണമായി കണ്ട് നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ IV.II.6(i).]

ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

155. "ടി ഓഡിറ്റ് പരാമർശമടങ്ങിയ 1999-2000-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ചത് 4-5-2005-ലാണ്. ടി ഓഡിറ്റ് ഖണ്ഡികയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ബാധ്യത വരുത്തിയ ശ്രീ. പി. എം. മാത്തുക്കുട്ടിയുടെ വിലാസമന്വേഷിച്ചപ്പോൾ ലഭ്യമായ വിവരം ടിയാൻ മരണപ്പെട്ടു എന്നാണ്. ടി വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ 29-3-2006-ലെ എ2-5204/05 നമ്പർ കത്തുപ്രകാരം അറിയിച്ചിരുന്നു. പിന്നീട് ശ്രീ. മാത്തുക്കുട്ടിയുടെ ബാധ്യത തിട്ടപ്പെടുത്തി ഈടാക്കുന്നതിനുവേണ്ടി കത്തയച്ചതിന് തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകിയ മറുപടിയിൽ ടിയാൻ ഫയൽ ചെയ്ത ക്രിമിനൽ കേസ് കുന്ദംകുളം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിൽക്കുന്നതിനാൽ അന്തിമ ബാധ്യത പത്രം നൽകുന്നതിന് കാലതാമസം നേരിടുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കേസ് ചാവക്കാട് നഗരസഭയുടെ ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ആഫീസറോടും ചാവക്കാട് കൃഷി ഫീൽഡ് ഓഫീസറോടും പരിശോധന നടത്തി ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും രജിസ്റ്ററുകളും കണ്ടെത്തി ആഡിറ്റ് പരിശോധനയ്ക്ക് ഹാജരാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം തുക DCRGയിൽ ചാർജ് ചെയ്ത് നഗരസഭയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്."

156. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ കുറിച്ച് 7-10-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞതിന്, നഗരസഭയിലെ കൃഷി ഫീൽഡ് ഓഫീസറായിരുന്ന ശ്രീ. പി. എം. മാത്തുക്കുട്ടിയുടെ സേവന കാലത്ത് ചെക്ക് ലീഫുകൾ കളവുപോയെന്നും അദ്ദേഹത്തിന്റെ ഒപ്പിട്ട് അവിടത്തെ അസിസ്റ്റന്റ്

84,500 രൂപ മാറി എടുത്തിരിക്കുകയാണെന്ന് കാണിച്ച് അദ്ദേഹം കുന്ദംകുളം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും, റിട്ടയർ ചെയ്തശേഷം 20-12-2005-ൽ ശ്രീ. പി. എം. മാത്തുക്കുട്ടി മരണപ്പെട്ടുവെന്നും ചാവക്കാട് നഗരസഭാ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

157. പ്രസ്തുത കേസുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും ഹാജരാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന്, 4-10-2008-ൽ നിലവിലെ കൃഷി ഓഫീസർ നൽകിയ കത്തിൽ ശ്രീ. പി. എം. മാത്തുക്കുട്ടിക്ക് നൽകിയിരുന്നതിൽ 345 രൂപ ഒഴികെയുള്ളതിന്റെ രേഖകളും വൗച്ചറുകളും ഉൾപ്പെടെ ഓരോ വൗച്ചറും ആരാണ് കൈപ്പറ്റിയത് എന്നതിന്റെ വിശദമായ റിപ്പോർട്ടും ഉണ്ടെന്നും ചാവക്കാട് നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

158. 14,33,092 രൂപയുടെ രേഖകൾ കാണാതായതിൽ 8,20,950 രൂപ മാത്രമാണ് ശ്രീ. പി. എം. മാത്തുക്കുട്ടിയുടെ പേരിൽ വരുന്നത് എന്ന് ചാവക്കാട് നഗരസഭാ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ. ഇ. ചന്ദ്രൻ സമിതിയിൽ വ്യക്തമാക്കി.

159. 1998-99-ൽ ടിയാൻ 6,98,200 രൂപയാണ് സെൽഫ് ചെക്കായി പിൻവലിച്ചിരിക്കുന്നതെന്നും അതിൽ 84,423 രൂപയുടെ രേഖകൾ ഒഴിച്ച് ബാക്കി രേഖകളെല്ലാം കണ്ടെത്തിയിട്ടുണ്ടെന്നും ശ്രീ. ഇ. ചന്ദ്രൻ കൂട്ടിച്ചേർത്തു.

160. 1999-2000 വർഷത്തിൽ 1,22,750 രൂപ ശ്രീ. പി. എം. മാത്തുക്കുട്ടി സെൽഫ് ചെക്കായി പിൻവലിച്ചുവെന്നും ചാവക്കാട് നഗരസഭാ സെക്രട്ടറി മറുപടി നൽകി.

161. 1,22,750 രൂപയിൽ 345 രൂപ ഒഴിച്ച് ബാക്കി തുക ശ്രീ. പി. എം. മാത്തുക്കുട്ടിയുടെ പേരിലല്ലെന്നും, ടിയാനുശേഷം വന്ന ശ്രീ. രാജീവ് എന്ന സെക്രട്ടറിയുടെ പേരിലാണെന്നും അദ്ദേഹം രേഖകളൊക്കെ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും ചാവക്കാട് നഗരസഭാ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

162. **പ്രസ്തുത പ്രവൃത്തിയോടനുബന്ധിച്ച് വൗച്ചറുകൾ ഉൾപ്പെടെയുള്ള രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനും ശുപാർശ ചെയ്യുന്നു.**

## കുന്ദംകുളം മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**മണ്ണ് ഫില്ലിംഗ്, മണ്ണ് നീക്കം ചെയ്യൽ എന്നിവയ്ക്ക് അധിക നിരക്ക് നൽകിയത് അനുവദിക്കുന്നില്ല**

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ടി.ഡബ്ള്യു. സി.1/86/ധന. സർക്കുലർ പ്രകാരം മണ്ണ് നീക്കം ചെയ്യുമ്പോൾ/സ്ഥലത്ത് കൊണ്ടു വരുമ്പോൾ കൺവേയൻസ് നൽകുന്നതിൽ ഓരോ ലീഡും ലിഫ്റ്റും ഉൾപ്പെടുത്തു

ന്നതും വെട്ടിയെടുക്കുന്നിടത്തും ആയത് ഉൾപ്പെടുന്നതുമായതിനാൽ ഓരോ അധിക ലീഡും ലിഫ്റ്റും കുറവുവരുത്താവുന്നതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്ക പ്പെടാതെ വിവിധ പ്രവൃത്തികളിലെ ടി ഇനത്തിന് അധികനിരക്ക് നൽകുകവഴി മൊത്തം 1,91,135 രൂപ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. ബന്ധപ്പെട്ട അധികാരിക ളുടെ ലാഘവബുദ്ധിയോടെയുള്ള സമീപനമാണ് ഈ നഷ്ടത്തിന് കാരണം. അധികചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.11(i).]

163. ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"നെപ്പൻസ് റോഡ് റീ-ടാറിംഗ്, തൃശ്ശൂർ-ഗുരുവായൂർ വൺവേ റോഡ്, ചിറളയം കിണർ ഭാഗത്തുനിന്നും വടക്കോട്ട് കാന നിർമ്മാണവും കോൺക്രീറ്റും എന്നീ പ്രവർത്തികൾക്ക് ടി ഓഡിറ്റ് പരാമർശപ്രകാരം ചൂണ്ടിക്കാണിക്കപ്പെട്ട തുക, ടി കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടികൾ തുടർന്നു വരുന്നു. ആഡിറ്റ് പരാമർശത്തിൽ 1,97,135 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മൊത്തം പേമെന്റ് തുകയാണ്. നഷ്ടത്തുക 4,407 രൂപ മാത്രമാണ് എന്ന് ടി ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. 18-9-2008-ൽ ടി കോൺട്രാക്ടർമാർക്ക് 7 ദിവസത്തിനുള്ളിൽ തുക ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നമ്പർ ഇ1-848/99 തീയതി 18-9-2008.

| പ്രവർത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | തുക |
|---|---|---|
| 1. നെപ്പൻസ് റോഡ് റീ-ടാറിംഗ് | പീറ്റർ കെ. ജേക്കബ്, കാക്കശ്ശേരി ഹൗസ്, ചൊവ്വന്നൂർ | 478 |
| 2. തൃശ്ശൂർ-ഗുരുവായൂർ വൺവേ റോഡ് പാച്ച് വർക്ക് | സി. ജെ. ജോഫി, ഗുരുവായൂർ | 1,561 |
| 3. ചിറളയം കാന നിർമ്മാണം/ കോൺക്രീറ്റ് | സി. യു. ജേക്കബ്, ചീരൻ ഹൗസ്, പഴഞ്ഞി | 2,368 |

ആകെ 4,407 രൂപയാണ് അധികം നൽകിയതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. ടി തുക നോട്ടീസ് നടത്തിയിട്ടുള്ള പ്രകാരം 7 ദിവസത്തി നുള്ളിൽ ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാ ണെന്നും ഇതിനാൽ ബോധിപ്പിക്കുന്നു."

164. പ്രസ്തുത ഓഡിറ്റ് തടസ്സത്തെ കുറിച്ച് 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 1,91,135 രൂപ ആകെ എസ്റ്റിമേറ്റ് തുകയാണെന്നും 41,770 രൂപ തൃശ്ശൂർ-ഗുരുവായൂർ വൺവെ റോഡ് വർക്കിനും 34,450 രൂപ പാച്ച് വർക്കിനും 1,08,224 രൂപ ചിറളയം കിണർ ഭാഗത്തുനിന്നും വടക്കോട്ട് കാന നിർമ്മാണത്തിനും കോൺക്രീറ്റിനും എന്നിങ്ങനെയാണ് ആകെ 1,91,135 രൂപ

ആയതെന്നും മൂന്ന് കോൺട്രാക്ടർമാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും, അതിൽ രണ്ട് പേർ തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി 4,500 രൂപയേ തിരികെ ലഭിക്കാനുള്ളൂവെന്നും കുന്ദംകുളം നഗരസഭാ സെക്രട്ടറി മറുപടി നൽകി.

165. സെക്രട്ടറി നൽകിയ കണക്കുകൾ പ്രകാരം 1,84,444 രൂപയേ ആകുന്നുള്ളു വെന്നും, ഓഡിറ്റുകാർ തടസ്സപ്പെടുത്തിയിരിക്കുന്ന 1,91,135 രൂപ 12 പ്രവൃത്തികളുടെ ആകെ തുകയാണെന്നും സീനിയർ ഗ്രൗണ്ട് റോഡ് അഭിവൃദ്ധിപ്പണി, വൈ.എം.സി.എ. റോഡിൽ അവസാനിക്കുന്ന തെക്കേ ബസാറിനു പിറകിലുള്ള റോഡിന്റെ കോൺക്രീറ്റും കാനനിർമ്മാണവും, 13-ാം വാർഡിലെ എൽമോ ക്ലബ് മുതൽ വയൽ വരെയുള്ളള റോഡിന്റെ സോളിംഗും കാന നിർമ്മാണവും, മണപ്പുറം ക്രോസ് റോഡ് സോളിംഗും മെറ്റലിംഗും, സീനിയർ ഗ്രൗണ്ട് റോഡ് അടിയന്തിര അറ്റകുറ്റപ്പണി എന്നിവയാണ് മറ്റു പ്രവൃത്തികളെന്നും സമിതി ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശുപാർശകൾ**

166. **പന്ത്രണ്ട് റോഡ് പ്രവൃത്തികളുടെയും ലീഡ് ആന്റ് ലിഫ്റ്റ് ഇനത്തിൽ ഒഴിവാക്കേണ്ടിയിരുന്ന തുക ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതാണ് ഓഡിറ്റ് തടസ്സമെന്നിരിക്കെ മൂന്നു പ്രവർത്തികളുടെ വിവരം മാത്രം സമിതിയെ അറിയിച്ച നടപടി അംഗീകരിക്കാവുന്നതല്ലെന്നു സമിതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അടങ്ങിയ ഫയലുകൾ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് അടിയന്തിരമായി നൽകണമെന്ന് നഗരസഭ ഡയറക്ടറോട് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം ഫയലുകളുടെ പരിശോധനാടിസ്ഥാനത്തിൽ ബാധ്യത നിശ്ചയിച്ച് ഉത്തരവാദികൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കുടിവെള്ള പദ്ധതിയിൽ ക്രമക്കേടുകൾ**

നഗരസഭയുടെ കുറുക്കൻപാറ കുടിവെള്ള പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ. പാതി വഴിയിൽ മുടങ്ങിയ പദ്ധതിയുടെ അടങ്കൽ തുക 30 ലക്ഷവും ചെലവഴിച്ചതായി നഗരസഭ സർക്കാരിനെ അറിയിച്ചതായി കാണുന്നു.

10, 11, 12, 13 വാർഡുകളിൽ കുറുക്കൻപാറ ക്വാറിയിലെ വെള്ളം വിതരണം ചെയ്യുന്നതിന് 1997-98-ലാണ് പദ്ധതി തയ്യാറാക്കിയത്. ക്വാറിയിലെ വെള്ളത്തിന്റെ ശുദ്ധീകരണം, വിതരണം എന്നിവ പഠിക്കാതെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ നഗരസഭ ഗുണഭോക്തൃ സമിതിയെ നിർവ്വഹണം ഏല്പിച്ചു. അടങ്കൽ തുകയിൽ 26,02,000 രൂപ 29-6-1998-ൽ തന്നെ ഗുണഭോക്തൃ സമിതിയുടെ സംയുക്ത അക്കൗണ്ടിൽ മാറ്റി.

ഗുണഭോക്തൃ സമിതി കൺവീനറുടേയും നഗരസഭാ സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുകയിൽ 25,50,000 രൂപ പദ്ധതി പ്രവർത്തനത്തിന് വിനിയോഗിക്കാതെ പിൻവലിച്ച് 46 ദിവസ കാലാവധിക്ക് ആദ്യം 7 ശതമാനവും പിന്നീട് 6 ശതമാനവും പലിശക്ക് നിക്ഷേപിച്ചതായി നഗരസഭയുടെ

നിക്ഷേപ രജിസ്റ്ററിൽ കാണുന്നു. മുതലും പലിശയുമായി 28,48,400 രൂപയായ നിക്ഷേപം 20-5-2000-ൽ വീണ്ടും 46 ദിവസത്തേക്ക് നിക്ഷേപിച്ചതായി കാണുന്നുണ്ടെങ്കിലും തുടർന്ന് നിക്ഷേപം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. നിക്ഷേപത്തിന്റെ രേഖകൾ ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

കുടിവെള്ള വിതരണത്തിന് വകയിരുത്തിയ പദ്ധതി വിഹിതം ഇത്തരത്തിൽ നിക്ഷേപമാക്കിയത് ഗുരുതരമായ വീഴ്ചയാണ്. സർക്കാർ 14 ശതമാനം പലിശക്ക് വാങ്ങി നല്കുന്ന പദ്ധതി ഫണ്ടിന്റെ ദുർവിനിയോഗം ന്യായീകരിക്കത്തക്കതല്ല. വികസന നിഷേധം ഗൗരവമായി കാണേണ്ടതാണ്.

പദ്ധതി അടങ്കലിൽ ഗുണഭോക്തൃ സമിതിക്ക് വകമാറ്റിയത് കൂടാതെ 3,98,000 രൂപ 9/98-ൽ തന്നെ വൈദ്യുത ബോർഡിൽ നിക്ഷേപിച്ചതായി കാണുന്നു. പദ്ധതിയിൽ സ്ഥാപിക്കാനിരിക്കുന്ന 50 കുതിരശക്തി മോട്ടോറിന് വൈദ്യുതി കമ്പി വലിക്കുന്നതിനായിരുന്നു ഇത്. പദ്ധതി പ്രദേശത്ത് നിലവിൽ 20 കുതിരശക്തിയുടെ മോട്ടോർ ഉണ്ട്. അതിനാൽ ഇത്രയധികം തുക നിക്ഷേപിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല വർഷങ്ങൾ കഴിഞ്ഞിട്ടും തുകയുടെ വിനിയോഗ രേഖകൾ ബോർഡ് ഹാജരാക്കിയിട്ടില്ല.

പദ്ധതിക്ക് ജലസംഭരണി പണിയാൻ മണ്ണ് പരിശോധന നടത്തിയതിന് തിരുവനന്തപുരത്തെ എൽ.ബി.എസിന് 40,120 രൂപ നല്കിയതായി കാണുന്നു. മണ്ണ് പരിശോധനയ്ക്ക് വിദഗ്ദ്ധോപദേശം ലഭിച്ചിരുന്നില്ല. ജലസംഭരണി പണിയാൻ ഉദ്ദേശിച്ച സ്ഥലം ഉറച്ച പാറകൾ നിറഞ്ഞതാണ്. മാത്രമല്ല 2000 ജനുവരിയിലെ പരിശോധനയുടെ ഫലം 2002-ലാണ് ലഭിക്കുന്നത്.

പദ്ധതി സ്ഥലം ഒരുക്കുന്നതിന് 15,000 രൂപ ചെലവഴിച്ചതായി കാണുന്നു. ചെലവ് രേഖകൾ സംശയിക്കത്തക്കതാണ്.

പദ്ധതി നിർവ്വഹണം തുടരാൻ പുതിയ ഗുണഭോക്തൃ സമിതിയെ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ ഇതേവരെയുള്ള പദ്ധതി നിർവ്വഹണം അന്വേഷണ വിധേയമാക്കേണ്ടതും പൊതുധനം ദുർവിനിയോഗം ചെയ്തത് തിട്ടപ്പെടുത്തി ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 6.7.1]

167. ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

“1996-97 കാലഘട്ടത്തിൽ കുന്ദംകുളം നഗരസഭയ്ക്ക് അൺടൈഡ് ഫണ്ട് ഇനത്തിൽ ലഭിച്ചിരുന്ന തുക 30 ലക്ഷം രൂപ പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ആകെ 50 അക്കൗണ്ടുകളിലായി നഗരസഭാ സെക്രട്ടറിയുടെയും ഗുണഭോക്തൃ കമ്മിറ്റി കൺവീനറുടെയും കൂട്ടായ പേരിൽ ഇന്ത്യൻ ബാങ്കിന്റെ കുന്ദംകുളം ശാഖയിൽ ടി 30 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. (28-6-1998-ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം) ഓഡിറ്റ് പരാമർശത്തിൽ 25,50,000 രൂപ പിൻവലിച്ചതായി പറയുന്നത് ശരിയല്ല. ആയത് 29,50,000 രൂപയാണ്. എന്നാൽ

കുറുക്കൻപാറ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ടി അക്കൗണ്ടിൽ നിന്നും 50,000 രൂപ പിൻവലിക്കുകയുണ്ടായി. ബാക്കിയുള്ള തുക നിലവിൽ പലിശയുൾപ്പെടെ 43,23,650 രൂപ മേൽപ്പടി അക്കൗണ്ടുകളിൽ ഉണ്ട്.

ടി പദ്ധതിക്ക് ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കുന്നതിനായി 3,98,000 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചത് സംബന്ധിച്ചുള്ള വിനിയോഗ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ട്. (ലെറ്റർ നമ്പർ ഇ1/6430/01/, (ഇ1(എ3)4369/98 തീയതി 24-9-2008).

ടി തുക മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്.

ടി പദ്ധതിക്ക് മണ്ണ് പരിശോധനയ്ക്കായി എൽ.ബി.എസ്.നെ ഏൽപ്പിച്ചിരുന്നത് അത് ഒരു സർക്കാർ സ്ഥാപനമായതുകൊണ്ടാണ്. പദ്ധതി നിലം ഒരുക്കുന്നതിന് 15,000 രൂപ ചെലവഴിച്ചത് യഥാർത്ഥത്തിൽ പണി നടത്തിയതുകൊണ്ടാണ്. ബാങ്കിൽ നിലവിലുള്ള തുക പിൻവലിച്ച് എത്രയും വേഗം സർക്കാർ ഫണ്ടിൽ ഒടുക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു. (3-4-2008-ലെ ത.സ്വ.ഭ.വ. സെക്രട്ടറിയുടെ 74299/ഡി.സി3/07 ത.സ്വ.ഭ.വ. നമ്പർ കത്ത്) എന്നാൽ ടി തുക നഗരസഭയ്ക്ക് നഷ്ടപ്പെടാതിരിക്കുന്നതിനായി പുതിയ പ്രോജക്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും 11-8-2008-ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ചിരിക്കയാണ്. അതനുസരിച്ച് ഈ നഗരസഭയിൽ നിന്നും ധനകാര്യ വകുപ്പ് മന്ത്രി, പ്ലാനിംഗ് ബോർഡ് ചെയർമാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് മുതലായവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. [ലെറ്റർ നമ്പർ ഇ1-(എ3) 4369/96 തീയതി 19-9-2008] അതുപ്രകാരം 2 പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി.ക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

(1) പ്രോജക്ട് നമ്പർ 197-ചാട്ടുകുളം നവീകരണ പദ്ധതി (11-8-2008)-ലെ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്) അടങ്കൽ തുക 25 ലക്ഷം രൂപ.

(2) പ്രോജക്ട് നമ്പർ 204-ചിൽഡ്രൻസ് പാർക്ക് നിർമ്മാണം-അടങ്കൽ തുക 18 ലക്ഷം രൂപ.

ആകെ—43 ലക്ഷം രൂപ.

ഈ സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കുന്നതിന് ഒരു മാസം കൂടി സാവകാശം ലഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.”

168. കുറുക്കൻപാറ കുടിവെള്ള പദ്ധതിയുടെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് 1997-98-ൽ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച 30 ലക്ഷം രൂപയിൽ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതും കൺവീനർക്ക് അഡ്വാൻസ് കൊടുത്തതും ഉൾപ്പെടെ 4,48,000 രൂപ ചെലവഴിച്ച ശേഷം ബാക്കിയുള്ള 25,52,000 രൂപ ഇന്ത്യൻ ബാങ്കിൽ കൺവീനറുടെയും സെക്രട്ടറിയുടെയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചുവെന്നും, ആ തുക ഇപ്പോൾ 43 ലക്ഷം രൂപയായിരിക്കുകയാണെന്നും മുനിസിപ്പാലിറ്റിയോട് ടി തുക തിരിച്ചടയ്ക്കാൻ സർക്കാർ ആവശ്യപ്പെട്ടെങ്കിലും തുക തിരിച്ചടയ്ക്കാതെ തന്നെ വേറെ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാനായി കൗൺസിൽ

തീരുമാനിച്ചിരിക്കുകയാണെന്നും ഡി.പി.സി.ടി. പ്രോജക്ട് അംഗീകരിക്കുകയും ചെയ്തുവെന്നും അങ്ങനെയുള്ള രണ്ടു പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിലേക്കായി സർക്കാരിന് അപേക്ഷ നൽകിയിരിക്കുകയാണെന്നും കുന്ദംകുളം നഗരസഭാ സെക്രട്ടറി സമിതിയിൽ വിശദമാക്കി.

169. തുക ഗുണഭോക്തൃ സമിതിയുടെ സംയുക്ത അക്കൗണ്ടിൽ ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിക്കാനായിരുന്നു കൗൺസിൽ തീരുമാനം എന്നാണ് ഫയലിലെ രേഖകൾ അനുസരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

170. 1996-97 കാലഘട്ടത്തിൽ ട്രഷറിയിൽ മാത്രമേ പണം സൂക്ഷിക്കാവൂ എന്ന സർക്കാർ നിബന്ധന നിലനിൽക്കെ പദ്ധതിക്ക് വിനിയോഗിക്കാതിരിക്കുന്ന ഫണ്ട് ട്രഷറിയിലെ സർക്കാർ അക്കൗണ്ടിലേക്ക് മാറ്റുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതെന്ന് എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. സമിതിയെ അറിയിച്ചു.

171. സർക്കാർ ഉത്തരവ് അനുസരിക്കേണ്ടതില്ലെന്ന കൗൺസിൽ തീരുമാനിക്കുമ്പോൾ സെക്രട്ടറി വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സെക്രട്ടറിയുടെ മേലും ബാദ്ധ്യതവരുമെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

172. **സർക്കാരിൽ നിന്നും ഗ്രാന്റായിട്ടോ അല്ലാതെയോ ലഭിക്കുന്ന തുക ബാങ്കിൽ വെറും സാധാരണ പലിശ നിരക്കിൽ നിക്ഷേപിക്കുക വഴി അത് നിർജ്ജീവ നിക്ഷേപമാക്കി മാറ്റിയതും സർക്കാർ ഉത്തരവ് നൽകിയിട്ടുപോലും പണം ബാങ്കിൽ നിന്നും പിൻവലിച്ച് സർക്കാരിൽ ഒടുക്കാത്തതും നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി മനസ്സിലാക്കുന്നു.**

173. **കൗൺസിൽ തീരുമാനവും ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വകുപ്പ് മുൻപാകെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനോടൊപ്പം, സർക്കാർ ഉത്തരവ് അനുസരിച്ച് തുക സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ അടിയന്തിരമായി തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

174. **അതോടൊപ്പം കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരിക്കുന്ന തുക നഗരസഭയുടെ വൈദ്യുതി ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്ത് കിട്ടുന്നതിന് നഗരസഭ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുതി ലൈൻ നീട്ടൽ—അപാകതകളും ക്രമക്കേടുകളും**

വൈദ്യുതി എത്തിയിട്ടില്ലാത്ത പിന്നോക്ക പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ വലിക്കുകയും ട്രാൻസ്ഫോമർ സ്ഥാപിക്കുക, സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ പൊതുവഴികളിലേക്ക് മാറ്റി സ്ഥാപിക്കുക എന്നീ

ഉദ്ദേശങ്ങളോടെ വിഭാവനം ചെയ്ത പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളും ക്രമക്കേടുകളും ശ്രദ്ധിക്കപ്പെട്ടു.

(I) M.L.E.C യുടെ സാങ്കേതിക അനുമതിയുണ്ടെങ്കിലും ടി പദ്ധതിക്ക് D.P.C.യുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(II) എസ്റ്റിമേറ്റ്പ്രകാരം ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ 8,88,628 രൂപയുടെ കൈപ്പറ്റു രസീതോ ചെലവിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(III) എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സന്നദ്ധ സേവനംകൂടി ഉൾപ്പെടുത്തിയിരുന്നു. കൂടാതെ സന്നദ്ധ സേവനമായി ലഭ്യമാക്കാവുന്ന പണിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വൈദ്യുതി ബോർഡുമായി ധാരണാ പത്രം ഒപ്പു വയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇത് പാലിക്കപ്പെട്ടിട്ടില്ല.

(IV) പദ്ധതിയുടെ തനതു ഫണ്ട് വിഹിതമായ 8,21,000 രൂപയ്ക്ക് പുറമേ ഗുണഭോക്താക്കളുടെ സേവനമോ സംഭാവനയോ ആയി ലഭിക്കേണ്ടിയിരുന്ന 67,628 രൂപ കൂടി പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് അങ്ങേയറ്റം ക്രമരഹിതമാണ്.

(V) വൈദ്യുതി ബോർഡിൽ അടച്ച 8,88,628 രൂപയിൽ 4,52,220 രൂപ തനത് ഫണ്ടായാണ് പദ്ധതിയിൽ കാണിച്ചിട്ടുള്ളത്. ആയതിനാൽ ടി തുക പ്ലാൻ ഫണ്ടിൽ വകയിരുത്തേണ്ടതാണ്. തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ട തുക പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ക്രമരഹിതവും ധനദുർവിനിയോഗ വുമാണ്. തന്നെയുമല്ല, പ്ലാൻ ഫണ്ടിന്റെ ചെലവ് പെരുപ്പിച്ച് കാട്ടാനുള്ള ശ്രമവും കൂടിയാണ്.

സന്നദ്ധ സേവനമായി ലഭ്യമാക്കേണ്ടിയിരുന്ന 67,628 രൂപ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകെ ചെലവു ചെയ്ത 8,88,628 രൂപയിൽ ബാക്കിയുള്ള 8,21,000 രൂപ ടി പണിയുടെ ചെലവിന്റെയും പൂർത്തീകരണ ത്തിന്റെയും വ്യക്തമായ വിവരങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

വികസനധാരയിലുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ നിലവിലുള്ള നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി സുതാര്യവും പ്രയോജനകരവുമായ നിലയിൽ പൂർത്തീകരിക്കാനുള്ള ആർജ്ജവവും ഉത്തരവാദിത്വവും അധികാരികൾ പ്രകടിപ്പിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ VII.II.12(i).]

175. ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"DPC യുടെ അംഗീകാരം ലഭിച്ചിട്ടില്ല എന്നത് വാസ്തവമാണ്. എന്നാൽ 6-10-1998-ൽ നഗരസഭ കൗൺസിൽ പദ്ധതി അംഗീകരിച്ചിട്ടുള്ളതാണ്.

KSEBക്ക് നൽകിയ 8,88,628 രൂപയുടെ 25-3-1999-ലെ MC No.4866 പേ ഓർഡറും കത്തും സീനിയർ സൂപ്രണ്ട്, ഇലക്ട്രിക് മേജർ സെക്ഷൻ കൈപ്പറ്റിയിട്ടുള്ളതാകുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സന്നദ്ധ സേവനം ഉൾപ്പെടുത്തിയിട്ടുള്ളത് ശരിയാണ്. ഇതിന്റെ ഗുണഭോക്താക്കളായി നഗരസഭ കണ്ടെത്തിയിരുന്നത് പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളെയുമായിരുന്നു. ഈ പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതി ആയിരുന്നതിനാൽ വ്യക്തിഗത ആനുകൂല്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ പദ്ധതി പ്രദേശത്തെ ജനങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായിരുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനല്ല തുക വിനിയോഗിച്ചതെന്നതിനാലും, പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സേവനമോ സംഭാവനയോ, ഗുണഭോക്തൃവിഹിതമോ നൽകുന്നതിന് ആരും തയ്യാറായിരുന്നില്ല. ഈ കാരണത്താൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ വന്നാൽ; ആയത് നഗരസഭയുടെ പ്ലാൻഫണ്ട് വിനിയോഗത്തേയും, പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് പ്രതീക്ഷിച്ചിരുന്ന നേട്ടങ്ങൾ കൈവരിക്കുവാനും കഴിയാതെവരുമായിരുന്നു. ഈ സാഹചര്യത്തിലാണ് സംഭാവന/ഗുണഭോക്തൃവിഹിതമായി പ്രതീക്ഷിച്ചിരുന്ന തുക 67,628 രൂപ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടി വന്നത്.

വൈദ്യുതി ബോർഡിൽ അടച്ച 8,88,628 രൂപയിൽ 4,52,220 രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതായിരുന്നു എന്നത് ശരിയാണ്. നഗരസഭ 24-3-1999 നാണ് ടി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷാവസാനം എന്നതിനാൽ നഗരസഭയുടെ അനിവാര്യചെലവുകൾ ചെയ്യുന്നതിലേക്ക് മതിയായ തുക കണ്ടെത്തേണ്ടിയിരുന്നു. ഇക്കാരണത്താലാണ് ഈ തുക പൂർണ്ണമായും പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ ഇടവന്നിട്ടുള്ളത്. 23-3-1999-ലെ നഗരസഭാ കൗൺസിൽ ഈ തുകയ്ക്കുള്ള ഭരണാനുമതി പുതുക്കി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. നഗരസഭാ കൗൺസിലിന്റെ 23-2-2007-ലെ 15-ാം നമ്പർ തീരുമാനപ്രകാരം 8,88,628 രൂപയ്ക്ക് കൗൺസിൽ തന്നെ ഭരണാനുമതി നൽകിയിട്ടുള്ളതിനാലും, അന്നത്തെ സെക്രട്ടറി നഗരസഭയുടെ താല്പര്യം സംരക്ഷിച്ചിട്ടുള്ളതുകൊണ്ടും സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുവാൻ പറഞ്ഞ തുകയും, തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിലേക്ക് മാറ്റുവാൻ പറഞ്ഞ തുകയുടെയും ഓഡിറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിനോട് അപേക്ഷിക്കുവാനും തീരുമാനിച്ചിട്ടുള്ളതാകുന്നു. വൈദ്യുതി ബോർഡിൽ അടച്ച തുകയുടെ വിനിയോഗ വിവരങ്ങൾക്കായി കത്ത് നൽകിയെങ്കിലും ആയത് ലഭിച്ചിട്ടില്ല."

176. പ്രസ്തുത പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് ആദ്യ പ്രോജക്ട് അംഗീകാരത്തിന് നൽകാതെ റിവൈസ്ഡ് പ്രോജക്ട് നൽകിയതിനാൽ ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും ആവശ്യമായ തുക മുഴുവൻ കെ.എസ്.ഇ.ബി.യിൽ അടയ്ക്കുകയാണുണ്ടായതെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയതും വർക്ക് നടപ്പാക്കിയതും ബോർഡാണെന്നും വർക്ക് പൂർത്തിയായെങ്കിലും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബോർഡിൽ നിന്നും ലഭിച്ചിട്ടില്ലെന്നും, അന്നത്തെ സെക്രട്ടറി ശ്രീ. അലോഷ്യസ് മാത്യുവാണ് അത് ഇംപ്ലിമെന്റ് ചെയ്തത് എന്നും കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

177. എസ്റ്റിമേറ്റ് പ്രകാരം വർക്ക് നടന്നിട്ടുണ്ട് എന്ന് കാണിക്കുന്ന കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വാങ്ങാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. അതിനായി ബോർഡിന് കത്ത് അയച്ചിട്ടും സർട്ടിഫിക്കറ്റ് ലഭിച്ചില്ലെന്നും മോണിറ്ററിംഗ് സമിതിയില്ലായിരുന്നുവെന്നും സെക്രട്ടറി മറുപടി നൽകി.

178. ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ തുക ഏൽപ്പിച്ചു കഴിഞ്ഞാൽ വർക്ക് പൂർത്തീകരിച്ചതിന്റെ സർട്ടിഫിക്കറ്റ് പലപ്പോഴും അവർ നല്കാത്തതുകാരണം നൽകിയ തുക നിയമാനുസൃതം ചെലവാക്കിയിട്ടുണ്ടോ എന്നറിയാൻ മാർഗ്ഗമില്ലെന്നും കൂടാതെ എഗ്രിമെന്റ് വച്ചല്ല തുക നൽകുന്നത് എന്നും SPAO, LSGD സമിതിയിൽ വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

179. **സ്പോട്ട് വെരിഫിക്കേഷൻ നടത്തി ട്രാൻസ്ഫോർമറുകളും മറ്റും സ്ഥാപിച്ചിട്ടുണ്ടോ എന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

180. **വൈദ്യുതി ബോർഡ് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രവൃത്തി പൂർത്തിയായാൽ ഉടൻ ബന്ധപ്പെട്ട വകുപ്പിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റ് പരിശോധനാ വേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെക്രട്ടറിയുടെ പദ്ധതികൾ—ചെലവ് ക്രമരഹിതം**

സെക്രട്ടറി നടപ്പിലാക്കിയ ബാലവാടി നിർമ്മാണം എന്ന പദ്ധതിയുടെ പദ്ധതി വിഹിതം 30,000 രൂപയും സന്നദ്ധ സേവനം/സംഭാവന 18,413 രൂപയും (അടങ്കൽ 48,413 രൂപ) ആയിരുന്നു. എന്നാൽ പണി പൂർത്തീകരിച്ചപ്പോൾ മുൻകൂർ ഉൾപ്പെടെ മൊത്തം 46,998 രൂപ ചെലവായി. ഇതിൽ മുൻകൂർ 7,500 രൂപയും അന്തിമ ബിൽ തുക 39,498 രൂപയും നൽകിയിരുന്നത് പദ്ധതി വിഹിതത്തിൽ നിന്നാണ്. അതായത് 30,000 രൂപ മാത്രം പദ്ധതി വിഹിതമുള്ളപ്പോൾ 16,998 രൂപ കൂടി പദ്ധതിവിഹിതത്തിൽ നിന്നും അധികം ചെലവു ചെയ്തിരിക്കുന്നു. ഇത് ക്രമരഹിതമായതിനാൽ ടി തുക ആഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക VII.II.12(2).]

181. 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഓഡിറ്റ് പരാമർശത്തിന് ഗവൺമെന്റ് നൽകിയ മറുപടി:—

"ഓഡിറ്റ് പരാമർശം ശരിയാണ്. നഗരസഭ 11-ാം വാർഡിലെ ബാലവാടിയുടെ ചുറ്റുമതിൽ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. സന്നദ്ധ സേവനമായി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക പ്ലാൻ ഫണ്ടിൽ നിന്നും നൽകുവാൻ ഉണ്ടായ സാഹചര്യം ഫയൽ പ്രകാരം വ്യക്തമല്ല. എങ്കിലും സാമ്പത്തിക

വർഷാവസാനം നഗരസഭയുടെ തനത് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിയിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. ഈ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, പ്രസ്തുത ബാലവാടി ഇപ്പോഴും അവിടെ പ്രവർത്തിച്ചുവരുന്നുണ്ട്.”

182. പ്രവൃത്തി പൂർത്തീകരിക്കുകയും, അത് എം.ബുക്കിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറിയും വർക്ക് നടപ്പാക്കിയിട്ടുണ്ടെന്ന് SPAOയും 7-10-2008-ലെ തെളിവെടുപ്പിൽ സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

183. **കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം തൃപ്തികര മാണെന്ന് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വിളക്ക് പദ്ധതി പ്രയോജനപ്പെട്ടില്ല**

നഗരസഭ 1,19,640 രൂപയ്ക്ക് വാങ്ങിയ 60 സോഡിയം വാതക വിളക്കുകൾ വെളിച്ചമേകിയില്ല. വാങ്ങിയ വിളക്കുകളിൽ 48 എണ്ണം സ്ഥാപിച്ചു. ബാക്കി 12 എണ്ണത്തെ പ്പറ്റി യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപിച്ച വിളക്കുകൾ ദിവസങ്ങൾക്കകം ഫ്യൂസായി-വാങ്ങുന്നതിന് മുൻപ് ഗുണനിലവാരം ഉറപ്പാക്കിയതിന് രേഖയില്ല.

വൈദ്യുതി പോസ്റ്റിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെയാണ് വിളക്കുകൾ സപ്ളൈ ചെയ്തത്. എന്നാൽ അനുബന്ധ ഉപകരണ ങ്ങൾക്കായി 12,000 രൂപയും സ്ഥാപിക്കുന്ന ചെലവിനത്തിൽ 8,400 രൂപയും നഗരസഭ ചെലവഴിച്ചതായി കാണുന്നു.

സോഡിയം വാതക വിളക്ക് സ്ഥാപന പദ്ധതിയിൽ അപാകതകൾ പ്രകടമായ തിനാൽ അന്വേഷണം നടത്തേണ്ടതാണ്. ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ IV.II.5(1).]

184. ഓഡിറ്റ് പരാമർശത്തിൽ 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

“1999-2000-ലെ 41 നമ്പർ പ്രോജക്ട് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിയി ട്ടുള്ളത്. നഗരസഭയുടെ 24 വാർഡുകളിലായി 70 വാട്ട്സ് വരുന്ന 60 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയതത്. കോൺട്രാക്ട് പ്രകാരമുള്ള 60 സോഡിയം വേപ്പർ ലാമ്പുകൾ നഗരസഭ വാങ്ങിയിട്ടുള്ളതും സ്റ്റോക്ക് രജിസ്റ്ററിൽ 38, 39 പേജുകളിൽ ചേർത്തിട്ടുള്ളതുമാണ്. 60 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് 3 ഘട്ടങ്ങളിലായി 19,153 രൂപ നഗരസഭ കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്.

ഗുണനിലവാരം പരിശോധിച്ചിട്ടില്ല എന്നത് ശരിയാണ്.

സോഡിയം വേപ്പർ ലാമ്പുകൾ ഫിറ്റിംഗ്സ് ഉൾപ്പെടെയാണ് ആദ്യം ലേലം വിളിച്ചത്. എന്നാൽ പ്രസ്തുത ലാമ്പുകൾ വൈദ്യുത പോസ്റ്റുകളിൽ ഫിറ്റ് ചെയ്യുന്നതിന് അനുബന്ധ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ വീണ്ടും ലേബർ കോൺട്രാക്ട് ക്വട്ടേഷൻ ക്ഷണിക്കുന്നതിനാണ് 12-6-2000 ലെ ഊർജ്ജ സമിതി തീരുമാനിച്ചത്. ഇപ്രകാരം അനുബന്ധ ഉപകരണങ്ങൾ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചത്വഴി നഗരസഭയ്ക്ക് 12,000 രൂപ നഷ്ടം വന്നിട്ടുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ ഫിറ്റിംഗ് ചാർജ്ജ് ഇനത്തിൽ 8,400 രൂപ നൽകിയത് അനിവാര്യം തന്നെയായിരുന്നു.

**നഗരകാര്യ വകുപ്പ് സമർപ്പിച്ച റിപ്പോർട്ട്**

"1998-99 വർഷത്തിൽ നടപ്പിലാക്കുന്നതിന് നിശ്ചയിച്ച സോഡിയം വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി 1999-2000-ലെ 41-ാം നമ്പർ പ്രോജക്ട് പ്രകാരമാണ് നടപ്പിൽ വരുത്തിയത്. നഗരസഭയിലെ 24 വാർഡുകളിൽ നിലവിലുള്ള വൈദ്യുത പോസ്റ്റുകളിൽ 60 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയത്. ലാമ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി വിദ്യുത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വർക്സ് ആന്റ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനമാണ് ഏറ്റെടുത്ത് നടത്തിയത്. മതിലകം റൂബി ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ലാമ്പ് ഒന്നിന് 1,994 രൂപ നിരക്കിൽ 1,19,640 രൂപ ചെലവിൽ 70 വാട്സിന്റെ 60 സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയതായി കാണുന്നുണ്ട്. ലാമ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ 38, 39 പേജുകളിൽ ചേർത്തിട്ടുണ്ട്. ആയതിന്റെ ഗുണനിലവാരം സംബന്ധിച്ച രേഖകൾ ഒന്നും കാണുകയുണ്ടായില്ല. കമ്പനിയുമായി യഥാസമയം കരാർ ഒപ്പുവച്ചതായും കാണുന്നില്ല. നഗരസഭാ ഫയലുകൾ പരിശോധിച്ചതിൽ നിന്നും 48 ലാമ്പുകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. അവശേഷിക്കുന്ന 12 ലാമ്പുകൾ എന്തു ചെയ്തു എന്ന് വ്യക്തമല്ല. സ്റ്റോക്കിലും കാണുന്നില്ല. ജനകീയാസൂത്രണ പദ്ധതി പ്രകാരം വാങ്ങിയ 60 സോഡിയം വേപ്പർ ലാമ്പുകളിൽ 59 എണ്ണം പോസ്റ്റുകളിൽ സ്ഥാപിച്ചതായും ഒന്ന് സ്റ്റോക്കിൽ ഉള്ളതായും മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പേയ്മെന്റുകൾ നടത്തിയിട്ടുള്ളത്. ലാമ്പുകൾ സ്ഥാപിക്കുന്നതിനായി ഉപകരണവിലയായി 12,000 രൂപ നൽകിയത് ന്യായീകരിക്കത്തക്കതല്ല. എന്നാൽ ഫിറ്റിംഗ് ചാർജ്ജ് ഇനത്തിൽ 8,400 രൂപ നൽകിയിട്ടുള്ളത് ന്യായീകരിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെലവ് നടത്തിയതുമൂലം 11 വിളക്കുകളുടെ വില നഷ്ടമായത് തെറ്റായി റിപ്പോർട്ട് നടത്തിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ബാക്കി ഒരു വിളക്കിന്റെ വിലയും അനുബന്ധ ഉപകരണങ്ങളുടെ വിലയും ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്."

185. നഗരസഭ വാങ്ങിയ 60 സോഡിയം വാതക വിളക്കുകളിൽ 48 വിളക്കുകൾ മാത്രമാണ് സ്ഥാപിച്ചതായി കാണുന്നതെന്നും, എന്നാൽ എഞ്ചിനീയർ സർട്ടിഫൈ ചെയ്തതനുസരിച്ച് 60 എണ്ണമെന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും പല വിളക്കുകളും നേരത്തേ തന്നെ ഫ്യൂസായി പോകുകയും ചെയ്തിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ വ്യക്തമാക്കി.

186. റൂബി ഏജൻസീസിൽ നിന്നുമാണ് വാങ്ങിയതെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. അലോഷ്യസ് മാത്യുവായിരുന്നു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നും, വിളക്കുകൾ വാങ്ങിയതിന് ടെന്റർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും 60 സോഡിയം

വാതക വിളക്കുകൾക്കും വൈദ്യുതി ചാർജ് നൽകുന്നുണ്ടെന്നും കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

187. സോഡിയം വിളക്കുകൾ എപ്രകാരമാണ് വാങ്ങിയത് എന്ന സമിതിയുടെ ചോദ്യത്തിന്, ഊർജ്ജ സമിതിയാണ് അവ വാങ്ങിയതും സ്ഥാപിച്ചതുമെന്നും കൗൺസിലേഴ്സാണ് ഊർജ്ജ സമിതിയിലെ അംഗങ്ങളെന്നും മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സോഡിയം വാതക വിളക്കുകൾ 24 വാർഡുകളിലും സ്ഥാപിക്കണ മെന്ന തീരുമാനം മിനിട്ട്സിൽ ഉണ്ടെന്നും എന്നാൽ അവ റൂബി കമ്പനിയിൽ നിന്നും വാങ്ങിയാൽ മതിയെന്ന് മിനിട്ട്സിൽ തീരുമാനമില്ലെന്നും റൂബി കമ്പനിയുമായി ഊർജ്ജ സമിതി നേരിട്ട് സംസാരിച്ച് തീരുമാനിക്കുകയായിരുന്നുവെന്നും കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി വിശദീകരിച്ചു.

188. സോഡിയം വാതക വിളക്കുകൾ ഗുണനിലവാരമില്ലാത്തതാണെന്നും സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയല്ല റൂബി കമ്പനി സപ്ലൈ ചെയ്തിരിക്കുന്ന തെന്നും 18-11-2000-ൽ ഊർജ്ജ വികസന സമിതിയിൽ അംഗമായിട്ടുള്ള തൈക്കാട്ട് രാമന്റെ മകൻ ശ്രീ. സുരേഷ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്നും, ഫിലിപ്സ് ബൾബിനു പകരം വിപ്രോയുടെ ബൾബുകളാണ് 27-11-2000-ൽ സപ്ലൈ ചെയ്ത തായി കണ്ടെത്തിയതെന്നും 2007-ൽ ഇക്കാര്യങ്ങൾ സ്ഥാപനത്തെ അറിയിച്ചുവെങ്കിലും തുടർനടപടികൾ ഉണ്ടായില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

189. 22-11-2000-ൽ ഊർജ്ജ സമിതി ശ്രീ. സുരേഷിന്റെ പരാതി പരിശോധിച്ച ശേഷമാണ് റൂബിയിൽ നിന്നും വിളക്കുകൾ വാങ്ങിയ നടപടികൾ അംഗീകരിച്ചതെന്നും അന്നത്തെ സെക്രട്ടറി അതിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്നും കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

190. താൻ 18-5-2000-ൽ കൊടുങ്ങല്ലൂരിൽ നിന്നും ട്രാൻസ്ഫറായി പോയി യെന്ന് മുൻ സെക്രട്ടറി ശ്രീ. കെ. അലോഷ്യസ് മാത്യൂ സമിതിയിൽ വിശദമാക്കി. എന്നിരുന്നാലും 19-4-2000-ൽ 1,00,000 രൂപ റൂബിയ്ക്ക് നൽകിയിട്ടുള്ളതിനാൽ മുൻ സെക്രട്ടറിയുടെ കാലത്താണ് പ്രധാന പേമെന്റ് നടത്തിയിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മുൻ സെക്രട്ടറി ആയിരുന്നതിനാലും അദ്ദേഹമാണ് നഷ്ടത്തിന് പൂർണ്ണ ഉത്തരവാദിയെന്ന് സമിതി വ്യക്തമാക്കി.

### നിഗമനങ്ങൾ/ശുപാർശകൾ

191. **പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തിട്ടപ്പെടുത്തിയിട്ടുള്ള 12,000 രൂപയുടെ നഷ്ടം നാളിതുവരെയുള്ള പലിശസഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സമിതിക്കു റിപ്പോർട്ടു നൽകണമെന്ന് ഗവൺമെന്റിനോട് സമിതി ശുപാർശ ചെയ്യുന്നു.**

192. **48 സോഡിയം വാതക വിളക്കുകൾ മാത്രം പോസ്റ്റുകളിൽ സ്ഥാപിച്ചിട്ട് 59 എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നും ഒരെണ്ണം സ്റ്റോക്കിൽ ഉണ്ടെന്നും തെറ്റായ റിപ്പോർട്ട് നൽകി വിളക്കുകൾ സപ്ലൈ ചെയ്ത് സ്ഥാപനത്തിന് മുഴുവൻ തുകയും നൽകുവാൻ സഹായിച്ചതിന് ഉത്തരവാദിയായ മുനിസിപ്പൽ എൻജിനീയർ ശ്രീ. എസ്. അരുൺകുമാറിൽ നിന്നും 11 വിളക്കുകളുടെ വില ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

193. **സോഡിയം വേപ്പർ ലാമ്പുകൾ ഫിറ്റിംഗ്സ് ഉൾപ്പെടെയാണ് ആദ്യം ലേലം വിളിച്ചതെന്നിരിക്കെ വീണ്ടും ഫിറ്റിംഗ്സ് ഉൾപ്പെടെ ലേബർ കോൺട്രാക്ട് ക്വട്ടേഷൻ ക്ഷണിക്കുന്നതിനുളള ഊർജ്ജ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ അന്നത്തെ നഗരസഭാ സെക്രട്ടറിയായ ശ്രീ. അലോഷ്യസ് മാത്യു വിയോജന കുറിപ്പ് രേഖപ്പെടുത്തുകയോ അനുബന്ധ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുൻപ് ലേലം വിളിച്ചിട്ടുണ്ടെന്ന് ഊർജ്ജ കമ്മിറ്റിയെ അറിയിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഈയിനത്തിൽ നഗരസഭയ്ക്കുണ്ടായ 12,000 രൂപയുടെ നഷ്ടവും സ്റ്റോക്കിൽ കുറവുവന്ന ഒരു വിളക്കിന്റെയും അനുബന്ധ ഉപകരണത്തിന്റെയും വിലയും അന്നത്തെ നഗരസഭാ സെക്രട്ടറിയായ ശ്രീ. അലോഷ്യസ് മാത്യുവിൽ നിന്നും പലിശ സഹിതം ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണക്കില്ല ; എസ്.ജി.എസ്.ആർ.വൈ.യിൽ ക്രമക്കേടുകൾ**

നഗരസഭ സി.ഡി.എസ്.വഴി നടപ്പാക്കുന്ന ലക്ഷങ്ങൾ വരവുചെലവുള്ള എസ്.ജി.എസ്.ആർ. പദ്ധതിയുടെ കൃത്യമായ കണക്കില്ല.

സി.ഡി.എസിന്റെ സൂക്ഷ്മതല ഘടകങ്ങളിൽ ഒന്നായ മംഗള അയൽകൂട്ടത്തിൽ വ്യാജരേഖ ചമച്ച് 73,967 രൂപ അപഹരിച്ചത് കണ്ടെത്തിയ പശ്ചാത്തലത്തിൽ കൃത്യമായ കണക്കില്ലാത്തത് ഗൗരവമർഹിക്കുന്നു. ഗ്രാന്റും വായ്പയുമായി ലക്ഷങ്ങളാണ് പദ്ധതി വരവ്. നഗരസഭയ്ക്ക് ലഭിക്കുന്ന ഫണ്ട് സി.ഡി.എസ്. അക്കൗണ്ടിലേക്ക് മാറ്റിനൽകുന്നു. കൃത്യമായ കണക്കില്ലാത്തതിനാൽ എത്ര രൂപ ലഭിച്ചു, എത്ര രൂപ സി.ഡി.എസിന് കൈമാറി, സി.ഡി.എസിൽ എത്ര ബാക്കിയുണ്ട് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല.

ഗ്രാന്റ് ഉത്തരവുകളും അലോട്ട്മെന്റ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. വർഷാന്ത്യം ക്യാഷ് ബുക്ക്, ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 2000-01-ൽ ക്യാഷ് ബുക്ക് പ്രകാരം 34,83,011 രൂപയാണ് ചെലവ്.

സി.ഡി.എസിനുകീഴിൽ ഏഴ് എ.ഡി.എസുകളും ഇവയ്ക്ക് കീഴിൽ അയൽകൂട്ടങ്ങളും പ്രവർത്തിക്കുന്നുണ്ട്. എ.ഡി.എസുകളുമടക്കം അയൽകൂട്ടങ്ങളുടെയും പാസ്ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ലക്ഷങ്ങൾ വരവുചെലവുള്ള എ.ഡി.എസുകളിൽ നാല് എണ്ണത്തിന്റെ കണക്കുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. സി.ഡി.എസ്. ഭരണഘടന പ്രകാരമുള്ള സി.ഡി.എസ്./എ.ഡി.എസ്. ഭരണസമിതി തെരഞ്ഞെടുപ്പും നടന്നതായി കാണുന്നില്ല.

അപാകതകൾ തുടരുന്നത് തടയാനും പ്രവർത്തനം കാര്യക്ഷമമാക്കാനും നഗരസഭ യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. അപാകതകൾ ഗൗരവമായി കണ്ട് സർക്കാർ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ IV.II.5(2).]

194. ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"നഗരസഭയ്ക്ക് SJSRY, NSDP ഇനത്തിൽ 1997 മുതലാണ് ഫണ്ട് ലഭിച്ചത്. 31-3-2008 വരെയുള്ള വർഷം തിരിച്ചുള്ള കണക്ക് അടക്കം ചെയ്യുന്നു:

| | | | | |
|---|---|---|---|---|
| | | | ചെലവ് | |
| Old UPA Fund | .. 3558654 | | SJSRY | .. 7186291 |
| NSDP 1997-98 | .. 209000 | | NSDP | .. 9189532 |
| SJSRY | .. 98997000 | | Total | .. 16375823 |
| NSDP | .. 1045000 | | | |
| SJSRY 1998-99 | .. 700000 | | | |
| SJSRY 1999-2000 | .. 634597 | | | |
| NSDP 1999-2000 | .. 3045000 | | | |
| SJSRY 2000-01 | .. 377230 | | | |
| NSDP 2000-01 | .. 242000 | | | |
| SJSRY 2001-02 | .. 194000 | | | |
| NSDP 2001-02 | .. 949037 | | | |
| SJSRY 2002-03 | .. 1349533 | | | |
| NSDP 2002-03 | .. 3439800 | | | |
| SJSRY 2003-04 | .. 547487 | | | |
| NSDP 2003-04 | .. 1770730 | | | |
| SJSRY 2004-05 | .. 1281000 | | | |
| SJSRY 2004-05 | .. 323000 | | | |
| SJSRY 2005-06 | .. 761000 | | | |
| SJSRY 2006-07 | .. 929000 | | | |
| Interest | .. 166200 | | | |
| Total | .. 120519268 | | | |

പദ്ധതികളുടെ ക്യാഷ് ബുക്ക് മാത്രമാണ് അന്ന് മെയിന്റയിൻ ചെയ്തിരുന്നത്. ക്യാഷ് ഇപ്പോഴും മെയിന്റയിൻ ചെയ്തുവരുന്നുണ്ട്. പ്രത്യേക വരവുചെലവ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭയ്ക്ക് 31-3-2008 വരെ ലഭിച്ച 2,25,30,868 രൂപയിൽ 1,99,47,048 രൂപ നഗരസഭ കണക്കിൽ നിന്നും സി.ഡി.എസിലേക്ക് കൈമാറിയിട്ടുണ്ട്. നഗരസഭ

കണക്കിൽ നിന്നും 25,83,820 രൂപ ഇനിയും നൽകുവാനായിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ 31-3-2008 വരെയുള്ള വരവുചെലവ് കണക്ക് ചാർട്ടേർഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് ചെയ്തിട്ടുള്ളതാണ്.

മംഗള അയൽകൂട്ടത്തിലെ റസിഡൻഷ്യൽ കമ്മ്യൂണിറ്റി വാളണ്ടിയർ ശ്രീമതി സീനത്ത് വ്യാജരേഖ ചമച്ച് 73,967 രൂപ അപഹരിച്ചതായി കണ്ടെത്തുകയുണ്ടായി. നഗരസഭ കൗൺസിൽ ഈ വിഷയം 19-8-2004-ൽ പരിശോധിക്കുകയും പണം അപഹരിച്ച ശ്രീമതി സീനത്തിനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് തീരുമാനി ക്കുകയും അയൽകൂട്ടങ്ങളുടെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസ് എടുക്കുന്നതിന് കൊടുങ്ങല്ലൂർ സബ് ഇൻസ്പെക്ടർക്ക് 19-10-2004-ൽ പരാതി നൽകുകയും 7-5-2005-ൽ റിമൈൻഡർ നൽകുകയുണ്ടായി. ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ ടി വിഷയം വീണ്ടും പരിഗണിക്കുകയും പണാപഹാരം നടത്തിയ സീനത്തിനെതിരെ വിജിലൻസ് അന്വേഷണത്തിന് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുള്ളതാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് 2/2005 നമ്പരായി പരാതി രജിസ്റ്റർ ചെയ്ത് ഇപ്പോൾ അന്വേഷണം നടത്തികൊണ്ടിരിക്കുകയാണ്.

കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് SJSRY, NSDP ഇനത്തിൽ 31-3-2008 വരെ കാലയളവിൽ 2,25,30,868 രൂപ അനുവദിക്കുകയുണ്ടായി. അതിൽ നിന്നും 1,99,47,048 രൂപ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 25,83,820 രൂപ ഇനിയും നൽകുവാനുണ്ട്.

ഗ്രാന്റ് ഉത്തരവുകൾ ഇപ്പോൾ സൂക്ഷിച്ചുവരുന്നുണ്ട്. അലോട്ട്മെന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നുണ്ട്. ക്യാഷ് ബുക്ക് ബാങ്ക് സ്റ്റേറ്റ്മെന്റായി പരിശോധിച്ച് ഒത്തുനോക്കിയിട്ടുണ്ട്. ചാർട്ടേർഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടുള്ളതാകുന്നു.

അയൽകൂട്ടങ്ങളുടെ കണക്കുകൾ പ്രത്യേക ചാർട്ടേർഡ് അക്കൗണ്ടന്റിനെ വച്ച് പരിശോധിപ്പിച്ചിട്ടുള്ളതും ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് 3 ADSകളുടെ പാസ് ബുക്കുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത് എന്നത് ശരിയാണ്. ശേഷിക്കുന്ന 4 അയൽകൂട്ടത്തിന്റെയും ബാങ്ക് പാസ് ബുക്കുകൾ ശേഖരിച്ച് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. അയൽകൂട്ടതലത്തിലും ADS തലത്തിലും CDS തലത്തിലും പുതിയ ഭരണസമിതിയെ 31-12-2004-ന് തെരഞ്ഞെടുത്തിട്ടുണ്ട്.

കുടുംബശ്രീ സമ്പാദ്യ പദ്ധതികളുടെ അക്കൗണ്ടുകൾ 7 ADS തലത്തിലാണ് നിലവിലുണ്ടായിരുന്നത്. ഇപ്പോൾ അത് അയൽകൂട്ടതലത്തിലേക്ക് മാറ്റിയിട്ടുണ്ട്. അയൽകൂട്ടതല ഓഡിറ്റിംഗ് കുടുംബശ്രീ ജില്ലാതലത്തിൽ പ്രതിവർഷം നടത്തിവരുന്നുണ്ട്.

**നഗരകാര്യ വകുപ്പിന്റെ റിപ്പോർട്ട്**

കുടുംബശ്രീ മുഖാന്തിരമാണ് എസ്.ജെ.എസ്.ആർ.വൈ. പദ്ധതി നടപ്പിലാക്കിവരുന്നത്. സമയബന്ധിതമായി കൃത്യമായി കണക്കുകൾ അതാതുസമയം സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ശരിയാണെന്ന് കാണുന്നു. പെർഫോമൻസ് ഓഡിറ്റ് വേളകളിൽ

ഇതു സംബന്ധിച്ച് നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ആയത് നഗരസഭ സി.ഡി.എസ്. വിഭാഗം നടപ്പാക്കിയിട്ടില്ല. 9-ാം വാർഡിലെ കാവിൽക്കടവ് എ.ഡി.എസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മംഗള അയൽകൂട്ടത്തിന്റെ ഓഡിറ്റിൽ കാര്യമായ ക്രമക്കേട് കണ്ടെത്തുകയുണ്ടായിട്ടുണ്ട്. രേഖകളിൽ തിരുത്തൽ വരുത്തി 73,967 രൂപ അപഹരിച്ചതായി 2004 ആഗസ്റ്റിൽ കണ്ടെത്തിയിട്ടും തുക തിരിച്ച് പിടിക്കുകയുണ്ടായില്ല. എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം 31-3-2008 വരെ സി.ഡി.എസിന് ലഭിച്ചത് 76,05,447 രൂപയാണ്. എൻ.എസ്.ഡി.പി. പദ്ധതി ഇനത്തിൽ 1,07,00,567 രൂപ ലഭിച്ചിട്ടുണ്ട്. യു.പി.എ. ഫണ്ടിനത്തിൽ നഗരസഭ നൽകേണ്ട 2% തുക (2000-01 മുതൽ 2006-07 വരെയുള്ളത്) 22,20,000 രൂപയാണ്. ആയത് നഗരസഭ സി.ഡി.എസ്.-ന് നൽകിയിട്ടില്ല.

കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന കുടുംബശ്രീ/സി.ഡി.എസ്. എന്ന സ്ഥാപനം ശരിയായ മാനേജ്മെന്റ് ഇല്ലാതെയും കൃത്യമായ കണക്കുകളോ രേഖകളോ ഇല്ലാതെയുമാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്ന് പരിശോധനയിൽ കാണുന്നു. ഓഡിറ്റ് പരാമർശം എല്ലാവിധത്തിലും ശരിവയ്ക്കുന്ന അവസ്ഥയാണ് ഇപ്പോഴും കാണാൻ കഴിയുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന പ്രത്യേക അന്വേഷണവും പരിശോധനയും നടത്തേണ്ടതാണെന്ന് ബോധിപ്പിക്കുന്നു. നഗരസഭാ അധികൃതരോട് സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കാനും പരിശോധനാപ്രകാരം കാര്യക്ഷമമാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്."

195. സി.ഡി.എസ്.-ന്റെ സൂക്ഷ്മതല ഘട്ടങ്ങളിൽ ഒന്നായ മംഗള അയൽകൂട്ടത്തിൽ വ്യാജരേഖകൾ ചമച്ച് 73,967 രൂപ അപഹരിച്ചത് കണ്ടെത്തിയത് സംബന്ധിച്ച് 7-10-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണെന്നും ശ്രീമതി ലളിതാംബിക ആയിരുന്നു അന്നത്തെ സെക്രട്ടറിയെന്നും സി.ഡി.എസ്.ന്റെ അന്നത്തെ പ്രോജക്ട് ഓഫീസർ ശ്രീമതി സീനത്ത് മുഖാന്തിരമാണ് ടി പദ്ധതി നടപ്പിലാക്കിയതെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും വിജിലൻസിന് കൈമാറിയിരിക്കുകയാണെന്നും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

196. **സർക്കാർ മറുപടിയിൽ വിവിധ ഇനങ്ങളിലായി കാണിച്ചിട്ടുള്ള തുകയും ആകെ തുകയും പൊരുത്തപ്പെടുന്നതായി കാണുന്നില്ല. ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്നും സമിതി മുമ്പാകെ സമർപ്പിക്കുന്ന രേഖകൾ കുറ്റമറ്റതാകണമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മംഗള അയൽകൂട്ടത്തിലെ റസിഡൻഷ്യൽ കമ്മ്യൂണിറ്റി വോളണ്ടിയർ ശ്രീമതി സീനത്തിനെതിരെയുള്ള വിജിലൻസിന്റെ അന്വേഷണം തീരുന്നമുറയ്ക്ക് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിനോടൊപ്പം കോടിക്കണക്കിന് തുക കൈകാര്യം ചെയ്യുന്ന സി.ഡി.എസ്. വിഭാഗം രജിസ്റ്ററുകൾ, അനുബന്ധരേഖകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരിക്കണമെന്നും ഓഡിറ്റിന് ഇവ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.**

197. **കൂടാതെ കുടുംബശ്രീ സി.ഡി.എസ്. സ്ഥാപനങ്ങളുടെ കണക്കുകൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകളെ സംബന്ധിച്ച വസ്തുതകളുടെ വിശദവിവരം സമിതിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വയം തൊഴിൽ പദ്ധതികൾ വിജയിച്ചില്ല.**

ഡി.ഡബ്ല്യു.സി.യു. യൂണിറ്റുകളുടെ സ്വയം തൊഴിൽ പദ്ധതികൾ നഗരസഭയിൽ നിന്നും സബ്സിഡി കൈപ്പറ്റി പ്രവർത്തനം അവസാനിപ്പിച്ചു.

വിവിധ യൂണിറ്റുകൾക്ക് 2000-01-ൽ നഗരസഭ 7,64,050 രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

തൊഴിൽ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നില്ല. പദ്ധതികളുടെ പ്രായോഗികത നഗരസഭ ഉറപ്പാക്കിയില്ല. കടലാസ് സംഘങ്ങൾക്ക് പോലും സബ്സിഡി നൽകിയതായി ഓഡിറ്റിൽ സംശയിക്കുന്നു. മാത്രമല്ല 1999-2000-ൽ ധന ദുരുപയോഗത്തെ തുടർന്ന് പ്രവർത്തനം അവസാനിപ്പിച്ച യൂണിറ്റിനും സബ്സിഡി നൽകിയതായി കാണുന്നു.

സംഘങ്ങൾ സബ്സിഡിയും വായ്പയും ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടോയെന്ന് നഗരസഭ യാതൊരു അന്വേഷണവും നടത്തിയിട്ടില്ല.

സംഘങ്ങളുടെ ബാങ്ക് പാസ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സ്വയംതൊഴിൽ പദ്ധതികളുടെ പേരിലുള്ള ഇത്തരം സബ്സിഡി തട്ടിപ്പുകൾ അന്വേഷിച്ച് നഷ്ടതുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 4.II.5(3).]

198. ഓഡിറ്റ് പരാമർശത്തിന് 29-9-2008-ലെ 57477/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ഗവൺമെന്റ് നൽകിയ മറുപടി:—

"സ്വയം തൊഴിൽ പദ്ധതികൾ വിജയിച്ചില്ല എന്നത് ശരിയാണ്. 12 ഡി.ഡബ്ല്യു.സി.യു.എ. യൂണിറ്റിൽ 3 എണ്ണം മാത്രമാണ് നിലവിൽ തുടർന്ന് പ്രവർത്തിച്ചുവരുന്നത്.

അയൽകൂട്ടതലത്തിലും പ്രാദേശികതലത്തിലും മുനിസിപ്പൽ തലത്തിലും ചർച്ച ചെയ്ത് തയ്യാറാക്കി സമർപ്പിച്ച കരട് പദ്ധതി, നഗരസഭാ കൗൺസിൽ ചർച്ച ചെയ്ത് അംഗീകരിച്ചതിനുശേഷം, കുടുംബശ്രീ ഡയറക്ടർക്ക് അയച്ചു കൊടുക്കുകയാണ്. ആക്ഷൻ പ്ലാൻ കുടുംബശ്രീ ഡയറക്ടർ അംഗീകരിച്ചശേഷം തുക നഗരസഭയ്ക്ക് അനുവദിക്കുകയാണ് നിലവിലുള്ള നടപടിക്രമങ്ങൾ. ഇത്തരം അനുമതികൾ ലഭിച്ച സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങളാണ് നഗരസഭാ സി.ഡി.എസ്. ആരംഭിച്ചിട്ടുള്ളത്.

ഇപ്രകാരം 2000-01ൽ 7,64,050 രൂപ സബ്സിഡിയായി സി.ഡി.എസ്. നൽകിയിട്ടുണ്ട്. വിശദമായ പഠനത്തിൽ സംസ്ഥാന തലത്തിൽ നല്ലരീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന പദ്ധതികളാണ് ഇവിടേയും നടപ്പിലാക്കിയത്. ചില പദ്ധതികൾ വിജയിച്ചില്ല എന്നത് ശരിയാണ്. പ്രവർത്തനം തുടങ്ങി വർഷങ്ങൾ കഴിഞ്ഞശേഷമാണ് ചില ഗ്രൂപ്പ് സംരംഭങ്ങൾ പല കാരണങ്ങളാൽ അടച്ചുപൂട്ടിയിട്ടുള്ളത്.

10 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ചാത്തേടത്ത് പറമ്പ് ഗ്രൂപ്പ് രൂപീകരിച്ചത്. പ്രസ്തുത ഗ്രൂപ്പിൽ നിന്നും 24-6-2000-ൽ കൂടിയ ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേയും പ്രസിഡന്റിനെയും നീക്കം ചെയ്യുന്നതിനും പുതിയ രണ്ടാളെ എടുക്കുന്നതിനും തീരുമാനിച്ചു. ബാങ്ക് വായ്പയും സബ്സിഡിയും അനുവദിച്ചിരുന്നത് പഴയ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലായിരുന്നു. ഈ നടപടി റദ്ദ് ചെയ്ത് പുതിയ സെക്രട്ടറി/പ്രസിഡന്റിന് വായ്പയും സബ്സിഡിയും നൽകുകയാണ് ചെയ്തിട്ടുള്ളത്. തുടർന്ന് ഈ ഗ്രൂപ്പിലെ അംഗങ്ങൾ സംസ്ഥാനതല ട്രെയിനിംഗിൽ പങ്കെടുക്കുന്നതിന് പോയ അവസരത്തിൽ ബസ് അപകടം ഉണ്ടാവുകയും ഒരംഗം മരണമടയുകയും 3 പേർ ദീർഘകാല ചികിത്സ തേടേണ്ടതായും വന്നു. ഇതെ തുടർന്ന് യൂണിറ്റിന്റെ പ്രവർത്തനം മന്ദീഭവിക്കുകയുണ്ടായി. ടി യൂണിറ്റ് പുനഃസംഘടിപ്പിക്കുവാൻ ശ്രമം ഉണ്ടായെങ്കിലും വിജയിക്കുകയുണ്ടായില്ല. സംഘങ്ങൾക്ക് സബ്സിഡി തുക ബാക്ക്അപ്പ് സബ്സിഡി ആയിട്ടാണ് ബാങ്കിലേക്ക് നൽകിവരുന്നത്.

സബ്സിഡികളുടെ വിനിയോഗം CDS പ്രോജക്ട് ഓഫീസർ വിലയിരുത്തേണ്ട താണ്. ഇക്കാലയളവിൽ അപ്രകാരം പ്രവർത്തിച്ചതായി കാണുന്നില്ല. ഈ സാഹചര്യ ത്തിൽ സബ്സിഡി തുക തിരികെ ഈടാക്കി കുടുംബശ്രീയിൽ അടപ്പിക്കുന്നതിന് CDS പ്രോജക്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓഡിറ്റ് സമയത്ത് ബന്ധപ്പെട്ട രേഖകളും പാസ് ബുക്കുകളും ഹാജരാക്കുന്നതിന് ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആരും അപ്രകാരം പ്രവർത്തിച്ചിരുന്നില്ല എന്നത് വാസ്തവമാണ്."

199. സ്വയം തൊഴിൽ പദ്ധതി പ്രകാരം നഗരസഭയിൽ നിന്നും സബ്സിഡി കൈപ്പറ്റിയശേഷം യൂണിറ്റുകൾ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ കാര്യകാരണ ങ്ങളെക്കുറിച്ചും സബ്സിഡി ആരാണ് വാങ്ങിയത് എന്നും സമിതി ആരാഞ്ഞതിന്, 2000-01 വർഷത്തെ പദ്ധതിയാണിതെന്നും സബ്സിഡി നേരിട്ട് ബാങ്കിൽ നിന്നാണ് നൽകുന്നതെന്നും 12 യൂണിറ്റുകളുണ്ടായിരുന്നതിൽ 3 യൂണിറ്റ് ഇപ്പോഴും പ്രവർത്തിക്കു ന്നുണ്ടെന്നും CDS-ലെ രവീന്ദ്രൻ എന്ന പ്രോജക്ട് ഓഫീസർക്കായിരുന്നു പ്രോജക്ടിന്റെ ചുമതലയെന്നും കൊടുങ്ങല്ലൂർ നഗരസഭ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

200. പ്രസ്തുത കാലയളവിൽ താൻ അവിടെ ഉദ്യോഗസ്ഥനല്ലായിരുന്നെന്നും ശ്രീ. ഫ്രാൻസിസ് ആയിരുന്നു അന്നത്തെ പ്രോജക്ട് ആഫീസറെന്നും ശ്രീ. എ. വി. രവീന്ദ്രൻ സമിതിയെ അറിയിച്ചു.

201. 12 DWCUA യൂണിറ്റിൽ 9 യൂണിറ്റുകൾക്ക് ധനസഹായം നൽകിയത് എന്തിനാണെന്നും എത്ര തുകയാണ് അപ്രകാരം നൽകിയത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 1 ലക്ഷം രൂപയുടെ പ്രോജക്ടായിരുന്ന സായൂജ്യ സോപ്പ് യൂണിറ്റിന് 50,000 രൂപ സബ്സിഡി നൽകിയെന്നും, സ്കൂളിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്ന തിനായുള്ള 2 ലക്ഷം രൂപയുടെ മറ്റൊരു പ്രോജക്ടിൽ 1¼ ലക്ഷം രൂപ സബ്സിഡി നൽകുകയും 10 കമ്പ്യൂട്ടറുകൾ വാങ്ങുകയും ചെയ്തുവെന്നും പ്രസ്തുത യൂണിറ്റ് പ്രവർത്തനരഹിതമായപ്പോൾ കുടുംബശ്രീയുടെ 2½ ലക്ഷം രൂപയുടെ മറ്റൊരു പ്രോജക്ട് 2002-ൽ ആരംഭിച്ചുവെങ്കിലും കാലാകാലങ്ങളിൽ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യാതിരുന്നതിനാൽ 5/07 വരെ മാത്രമേ അത് പ്രവർത്തിച്ചുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

202. മേൽപ്പറഞ്ഞ 9 സ്ഥാപനങ്ങൾക്കും ആകെ എത്ര രൂപയാണ് സബ്സിഡി നൽകിയത് എന്ന സമിതിയുടെ ചോദ്യത്തിന് വിവിധ യൂണിറ്റുകൾക്ക് 2000-01-ൽ നഗരസഭ 7,64,050 രൂപ സബ്സിഡി നൽകിയിട്ടുണ്ടെന്ന് കൊടുങ്ങല്ലൂർ നഗരസഭാ പ്രോജക്ട് ഓഫീസർ ശ്രീ. രവീന്ദ്രൻ മറുപടി നൽകി.

203. പദ്ധതി പ്രകാരം ആരംഭിച്ച യൂണിറ്റുകളുടെ പരിശോധന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പ്രാദേശിക പരിശോധന നടത്തി സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിൻമേൽ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കൊടുങ്ങല്ലൂർ നഗരസഭയുടെ DWCUA യൂണിറ്റുകൾ സബ്സിഡി കൈപ്പറ്റിയ തിനുശേഷം പ്രവർത്തനം അവസാനിപ്പിച്ചതിനെ സംബന്ധിച്ചായിരുന്നു ആഡിറ്റിൽ പരാമർശിച്ചിരുന്നത്. 12 യൂണിറ്റുകൾക്കാണ് 1999-2000-ൽ നഗരസഭ സബ്സിഡി അനുവദിച്ചിരുന്നത്. നഗരസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ എല്ലാ യൂണിറ്റുകൾക്കും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചുതെന്നും സബ്സിഡി തുക ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി Back end subsidy ആയി ബാങ്കുകളിലേക്ക് നൽകുകയാണ് ഉണ്ടായതെന്നും കാണുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ലാതെയും പദ്ധതികൾ പ്രായോഗികമാണോ എന്ന് അന്വേഷിക്കാതെയുമാണ് സബ്സിഡി നൽകിയിട്ടുള്ളത് എന്ന ആഡിറ്റ് പരാമർശം ശരിയല്ല. സബ്സിഡി അനുവദിക്കപ്പെട്ട 12 യൂണിറ്റുകളുടെയും സ്ഥിതി താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | സബ്സിഡി അനുവദിച്ച തുക | ഇപ്പോഴത്തെ സ്ഥിതി | പ്രവർത്തനരഹിതമാകാനുള്ള കാരണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കുടുംബശ്രീ കമ്പ്യൂട്ടേഴ്സ് | 1,25,000 | 2008 ജനുവരി വരെ പ്രവർത്തിച്ച യൂണിറ്റ് ഇപ്പോൾ പ്രവർത്തന രഹിതമാണ് | സംസ്ഥാന കുടുംബശ്രീ മിഷൻ ടി യൂണിറ്റിനെ ഏൽപ്പിച്ച പ്രവർത്തികൾ ചെയ്തു തീർത്തുവെങ്കിലും സംസ്ഥാന മിഷൻ തുക കൈമാറി നൽകാത്തതു കൊണ്ട് പ്രവർത്തനം നിർത്തേണ്ടി വന്നു. ചെയ്ത ജോലിക്ക് യഥാസമയം പ്രതിഫലം കിട്ടാത്തതു കൊണ്ടും ചില പ്രവർത്തികൾക്ക് നിശ്ചയിച്ചതിലും കുറഞ്ഞ റേറ്റിൽ പ്രതിഫലം നൽകിയതും പ്രവർത്തനം തുടരാതിരിക്കുന്നതിന് കാരണമായി. ഏകദേശം രണ്ട് ലക്ഷത്തിൽപ്പരം രൂപ അപ്രകാരം കിട്ടാനുണ്ടെന്ന് അംഗങ്ങൾ അറിയിച്ചു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | ഐശ്വര്യ സോപ്പ് നിർമ്മാണ യൂണിറ്റ് | 20,000 | ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ ജൂലൈ 2004 വരെ യൂണിറ്റ് പ്രവർത്തിച്ചതായി കാണുന്നു. | യൂണിറ്റ് സെക്രട്ടറി മരിച്ചുപോയതിനാലും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമല്ലാത്തതിനാലും പ്രവർത്തനം നിർത്തേണ്ടിവന്നു. |
| 3 | മേഘം വനിതാ കുട നിർമ്മാണ യൂണിറ്റ് | 1,25,000 | തുടക്കത്തിൽ 10 അംഗങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ മൂന്ന് അംഗങ്ങളെ ഉള്ളൂ എന്ന് അറിയുന്നു. ബാങ്ക് പാസ് ബുക്കിൽ 21-3-2006-ൽ 31,690 രൂപ ബാലൻസ് ഉണ്ടായിരുന്നു. അംഗങ്ങൾ കുട നിർമ്മാണത്തിനൊപ്പം ഒരു ചായക്കടയും നടത്തുന്നുണ്ട്. | |
| 4 | K.S.K. ഇളനീർ പന്തൽ | 1,25,000 | ഇളനീർ പന്തൽ ലാഭകരമല്ലാത്തതിനാൽ നഗരസഭ വക സ്ഥലത്ത് ഒരു ക്യാന്റീൻ നടത്തുന്നു. | |
| 5 | മൈത്രി ബുക്ക് ബൈന്റിംഗ് യൂണിറ്റ് | 1,25,000 | ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. | |
| 6 | കൊടുങ്ങല്ലൂർ കുടുംബശ്രീ ഭക്ഷണശാല | 25,000 | 2004 വരെ പ്രവർത്തിച്ചതായി സെക്രട്ടറി അറിയിച്ചു. ബാങ്ക് ലോൺ അടച്ച് തീർത്തിട്ടില്ല. ബാങ്ക് R.R. നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞു. | കെട്ടിട വാടകയും കറന്റ് ചാർജ്ജും കൂടിയ നിരക്കിൽ കൊടുക്കാൻ കഴിയാതെ പ്രവർത്തനം നിർത്തേണ്ടി വന്നു. |
| 7 | ശ്രീലക്ഷ്മി ഡയറക്ട് മാർക്കറ്റിംഗ് | 50,000 | 2004 വരെ പ്രവർത്തിച്ചതായി അറിയാൻ കഴിഞ്ഞു. ബാങ്ക് ലോൺ മുഴുവൻ അടച്ചു. | Supplycoയിൽ നിന്നും ശബരി തേയില വാങ്ങി വീടുകൾതോറും കയറി ഇറങ്ങി വിൽക്കുന്ന യൂണിറ്റായിരുന്നു. Supplycoയിൽ നിന്നും തേയില കിട്ടാതെ വന്നപ്പോൾ പ്രവർത്തനം നിർത്തിവച്ചു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | ഐശ്വര്യ ഡയറക്ട് മാർക്കറ്റിംഗ് | 50,000 | 2004 വരെ പ്രവർത്തിച്ചതായി അറിയാൻ കഴിഞ്ഞു. ബാങ്ക് ലോൺ മുഴുവൻ അടച്ചു | Supplycoയിൽ നിന്നും ശബരി തേയില വാങ്ങി വീടുകൾതോറും കയറി ഇറങ്ങി വിൽക്കുന്ന യൂണിറ്റായിരുന്നു. Supplyco-യിൽ നിന്നും തേയില കിട്ടാതെ വന്നപ്പോൾ പ്രവർത്തനം നിർത്തിവച്ചു. |
| 9 | സായൂജ് സെൽഫ് ഹെൽപ്പ് യൂണിറ്റ് | 50,000 | 2001 ജൂൺ വരെ പ്രവർത്തനക്ഷമമായിരുന്നു. അതിനുശേഷം പ്രവർത്തിക്കുന്നില്ല. | സോപ്പ് പൗഡറിന് വിപണി ലഭ്യമല്ലാത്തതുകൊണ്ട്. |
| 10 | K.N.ഫുഡ് യൂണിറ്റ് | 1,25,000 | ഏകദേശം 3 വർഷം പ്രവർത്തിച്ചു. അതിനുശേഷം പ്രവർത്തനം നിറുത്തിവച്ചു. | ഗ്രൂപ്പ് ലീഡർ ശരിയായി കണക്കുകൾ സൂക്ഷിക്കാതെ ധനാപഹരണം നടത്തിയതായി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അംഗങ്ങൾക്കിടയിലെ അനൈക്യം കാരണം മുമ്പോട്ട് പ്രവർത്തിക്കാൻ കഴിയാതെയായി. |
| 11 | IT @ സ്കൂൾ | 1,25,000 | പുല്ലൂറ്റ് വി.കെ.രാജൻ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂൾ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് വേണ്ടിയാണ് യൂണിറ്റ് രൂപീകരിച്ചത്. നിലവിൽ 2006 വരെ പ്രവർത്തിച്ചു. | സ്കൂൾ കുട്ടികളിൽ നിന്നും പ്രതിമാസം 25 രൂപ വീതം ഫീസായി പിരിച്ച് യൂണിറ്റിന് കൊടുക്കാമെന്ന വ്യവസ്ഥ സ്കൂൾ അധികൃതർ പാലിച്ചില്ല. 97,000 രൂപ ഫീസിനത്തിൽ കിട്ടാനുണ്ടെന്ന് യൂണിറ്റ് അംഗങ്ങൾ നഗരസഭയ്ക്ക് നൽകിയ പരാതിയിൽ കാണുന്നു. |
| 12 | ചാത്തേടത്ത് മാറ്റ് വീവേഴ്സ് | 1,25,000 | മൂന്നു വർഷം നല്ല രീതിയിൽ പ്രവർത്തിച്ചു. യൂണിറ്റ് അംഗങ്ങളിൽ ചിലർ ഇപ്പോഴും പ്രത്യേകം പ്രത്യേകം തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ബാങ്ക് ലോൺ മുഴുവനും അടച്ചുതീർത്തു. | അംഗങ്ങൾ ഒരു ട്രെയിനിംഗിനായി പോയ അവസരത്തിൽ ഉണ്ടായഅപകടത്തിൽ സെക്രട്ടറി മരിക്കുകയും രണ്ട് അംഗങ്ങൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ആരും നേതൃസ്ഥാനത്തേക്ക് വരാൻ തയ്യാറാകാത്തതുകൊണ്ട് യൂണിറ്റിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. |

ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ചാത്തേടത്ത് മാറ്റ് വീവേഴ്സ് സൊസൈറ്റിയിലെ ആരോപണ വിധേയരായ ലീഡറെയും സെക്രട്ടറിയെയും മാറ്റിയ ശേഷമാണ് പുതുതായി സബ്സിഡി നൽകിയത്.

മുകളിൽ പ്രസ്താവിച്ചതിൽ നിന്നും എല്ലാ യൂണിറ്റുകളും മൂന്ന് വർഷത്തോളം പ്രവർത്തിച്ചതിനുശേഷം വിവിധ കാരണങ്ങളാൽ പ്രവർത്തനം നിറുത്തിവച്ചതാണെന്ന് കാണാം. സബ്സിഡി നൽകിയ അവസരത്തിൽ പ്രോജക്ട് റിപ്പോർട്ടിന്റെയും യൂണിറ്റുകൾ പ്രവർത്തിക്കുമെന്ന ഉത്തമ വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് സബ്സിഡി തുക നൽകിയിരിക്കുന്നത്. അതിനാൽ സബ്സിഡി അനുവദിച്ച ഉദ്യോഗസ്ഥന്മാർ ക്രമവിരുദ്ധമായി പ്രവർത്തിച്ചതായി ആരോപിക്കാൻ കഴിയില്ല. എന്നാൽ ടി യൂണിറ്റുകൾ അഭിമുഖീകരിച്ച പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാനും അവ പരിഹരിച്ച് മുമ്പോട്ടുള്ള പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുന്നതിനും CDS ചെയർപേഴ്സൺ, ചാർജ്ജ് ഓഫീസർ, ജനപ്രതിനിധികൾ എന്നിവർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുകയുണ്ടായില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

204. **K. N. ഫുഡ് യൂണിറ്റ് ഒഴികെയുള്ള യൂണിറ്റുകൾക്ക് തങ്ങളുടേതല്ലാത്ത കാരണങ്ങളാലാണ് പ്രവർത്തനം നിർത്തേണ്ടിവന്നതെന്ന് സമിതി മനസ്സിലാക്കുന്നു.**

205. **യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കേണ്ടതും യൂണിറ്റ് അംഗങ്ങൾ ചെയ്യുന്ന പ്രവർത്തികൾക്ക് മുൻനിശ്ചയപ്രകാരമുള്ള പ്രതിഫലം നൽകേണ്ടതും CDS ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ആയത് പ്രസ്തുത ഉദ്യോഗസ്ഥർ നിർവ്വഹിച്ചിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ആരംഭിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തരമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണെന്നും യൂണിറ്റുകളുടെ പ്രവർത്തനം മന്ദീഭവിക്കുകയോ നിലയ്ക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം സംഭവിക്കാനുള്ള കാരണം കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിച്ച് യൂണിറ്റുകളെ താങ്ങിനിർത്തേണ്ടത് ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ചുമതലയാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. പ്രവർത്തനം അവസാനിപ്പിക്കുകയോ നിലച്ചുപോവുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ആർജ്ജിക്കുന്ന ജംഗമസാധനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വത്തായി കണക്കാക്കി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.**

206. **ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള K. N. ഫുഡ് യൂണിറ്റിൽ ഗ്രൂപ്പ് ലീഡർ നടത്തിയ ധനാപഹരണത്തിനെതിരെ രജിസ്റ്റർ ചെയ്ത കേസിന്റെ പുരോഗതി സമിതിയെ അറിയിക്കണമെന്നും, കുടുംബശ്രീ കമ്പ്യൂട്ടേഴ്സിന് സംസ്ഥാന കുടുംബശ്രീ മിഷൻ നല്കാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കണ**

**മെന്നും പുല്ലൂറ്റ് വി. കെ. രാജൻ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും ഐ. ടി. @ സ്കൂൾ പദ്ധതി പ്രകാരം കുട്ടികൾക്ക് പരിശീലനം നൽകിയ സ്ഥാപനത്തിന് ലഭിക്കേണ്ടതായ തുക അടിയന്തിരമായും സ്കൂളിൽ നിന്നും ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

സി. എം. ദിനേശ് മണി,

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തൃശ്ശൂർ കോർപ്പറേഷൻ, മുനിസിപ്പൽ സ്ഥാപനങ്ങൾ | 6 | പി.എസ്.സി.യെ മറികടന്ന് നിയമനങ്ങൾ നടത്താൻ കൗൺസിലിന് അധികാരമില്ലെന്നും പതിനൊന്ന് വർഷം ഒരേ കരാറുകാരന് തന്നെ കരാർ കൊടുത്തുകൊണ്ട് ജോലിക്കാരെ നിയമിക്കുന്നത് ഉദ്യോഗസ്ഥരും കോൺട്രാക്ടറും തമ്മിലുള്ള അവിശുദ്ധ ധാരണയാണെന്നും സമിതി വിലയിരുത്തുന്നു. തൃശ്ശൂർ കോർപ്പറേഷനിലെ മസ്ദൂർ നിയമനം മുനിസിപ്പാലിറ്റി നിയമമനുസരിച്ച് പി.എസ്.സി. മുഖേന നടത്താനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നും പി.എസ്.സി. മുഖേനയുള്ള നിയമനം സാദ്ധ്യമായില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിച്ച് കരാറടിസ്ഥാനത്തിലുള്ള നിയമനം പൂർണ്ണമായി നിർത്തലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 11 | സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയതും വാങ്ങൽ നടത്തി എട്ടു വർഷത്തിനുശേഷം മാത്രം കൗൺസിലിൽ സമർപ്പിച്ചതും സർക്കാരിൽ നിന്നും സമയബന്ധിതമായി സാധൂകരണം വാങ്ങാതിരിക്കുകയും ചെയ്തത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പ്രവൃത്തിക്ക് സർക്കാരിന്റെ സാധൂകരണം നേടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 16 | തൃശ്ശൂർ കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ലൈസൻസിയിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്ന് സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 23 | വനിത ഹോസ്റ്റൽ നിർമ്മാണത്തിനായി 20,36,159 രൂപ സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആയതിനാൽ കോർപ്പറേഷന്റെ പറവട്ടാനിയിലുള്ള 58 സെന്റ് സ്ഥലത്ത് ടി കെട്ടിടം പണിയുന്നതിന് കൗൺസിലിന്റെ അനുമതി ലഭിച്ചാലുടൻ ഹൗസിംഗ് ബോർഡിലടച്ച പണത്തിന് ആനുപാതികമായ പ്രവൃത്തി അവരെക്കൊണ്ട് നടത്തിച്ചശേഷം ബാക്കിയുള്ള പണി കോർപ്പറേഷൻ തന്നെ നേരിട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 24 | ക്ലിനിക്കൽ ലാബ് സ്ഥാപിക്കുന്ന പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | | 25 | വഴി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി തെളിയിക്കുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റ് വകുപ്പ് വിശദമായി പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| | | 33 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കോടതി കേസിൽ നാലു വർഷമായിട്ടും സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ മനഃപ്പൂർവ്വം കാലതാമസം വരുത്തിയ സീനിയർ സൂപ്രണ്ടുമാരായ ശ്രീമതി വിജയലക്ഷ്മി, ശ്രീമതി ത്രേസ്യാമ്മ കുര്യൻ, ശ്രീമതി സതീദേവി, കെ. എസ്. എന്നിവർക്കെതിരെ അടിയന്തിരമായി വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം കേസിലുള്ള സ്റ്റേ നീക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് സർച്ചാർജ്ജ് നോട്ടീസ് നൽകി നഗരസഭയ്ക്ക് തിരികെ ലഭിക്കേണ്ടതായ തുക പലിശസഹിതം അധികശമ്പളം കൈപ്പറ്റിയ സൂപ്രണ്ടുമാരായ (ശ്രീമതി എ. ലളിത, ശ്രീമതി റ്റി. വിജയലക്ഷ്മി, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ശ്രീമതി എൻ. രുഗ്മിണി അമ്മ, ശ്രീ. ജോമോൻ സി. ജെ., ശ്രീ. സിറിൾ റ്റി. ഫെർണാണ്ടസ്, ശ്രീമതി റ്റി. എൻ. റോസിലി, ശ്രീമതി ത്രേസ്യാമ്മ കുര്യൻ, ശ്രീമതി സതീദേവി, കെ. എസ്. എന്നിവരുടെ) പക്കൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 39 | ജനകീയാസൂത്രണ പദ്ധതികൾ ചട്ടങ്ങൾക്കു വിധേയമായി മാത്രം നടപ്പാക്കണമെന്നും പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട്, ചെലവുരേഖകൾ, എം. ബുക്ക്, ഇതു സംബന്ധിച്ച കമ്മിറ്റികളുടെ മിനിറ്റ്സ്, റിപ്പോർട്ട് എന്നിവ വീഴ്ച കൂടാതെ സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 40 | കിണർ നിർമ്മാണം സംബന്ധിച്ച് ഒറിജിനൽ പ്രോജ്ക്ട് റിപ്പോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്, വൗച്ചറുകൾ, എം. ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ തൃശ്ശൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു. |
| | | 41 | കൺവീനർക്ക് തുക നൽകിയതിന്റെയും പ്രവൃത്തിയുടെ ചെലവ് കഴിഞ്ഞ് 24,974 രൂപ കൺവീനർ തിരിച്ചടച്ചതിന്റെയും, പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തിയതിന്റെയും രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. രേഖകൾ പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സാധിക്കുമെങ്കിൽ ആയത് ഒഴിവാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു. |
| | | 50 | ഏതൊരു പദ്ധതിയുടെയും ആകെ ചെലവിന്റെ 20%-ൽ കൂടുതൽ തുക മുൻകൂറായി നൽകുന്നത് ചട്ടപ്രകാരം ശരിയല്ല. ഭാവിയിൽ ഇത്തരത്തിലുള്ള ചട്ടലംഘനം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 51 | അതോടൊപ്പം അപ്ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ എത്ര പേർക്ക് പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകിയെന്നത് സംബന്ധിച്ചും തുക നൽകിയതിനുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവയും ഫയലുൾപ്പെടെ ഓഡിറ്റ് വകുപ്പ് വിശദമായി പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 58 | 165 രൂപ മാത്രം വിലയുള്ള CF വിളക്കുകൾ അനർട്ടിൽ നിന്നും 216 രൂപ നിരക്കിൽ വാങ്ങിയ നടപടിയിലും അനർട്ടിൽ നിന്നും വിളക്കുകൾ ലഭ്യമാക്കിയതിന്റെയും അവ വിതരണം ചെയ്തതിന്റെയും യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തി. ആയതിനാൽ പ്രവൃത്തി സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 99 | മാലിന്യ സംസ്ക്കരണശാല സ്ഥാപിക്കുന്നതിന് കൊടുങ്ങല്ലൂരിലെ സേഫ് മോട്ടോഴ്സ് എന്ന സ്ഥാപനവുമായി ഗുരുവായൂർ മുനിസിപ്പാലിറ്റി 1999-ൽ ഏർപ്പെട്ട കരാർമൂലം മുനിസിപ്പാലിറ്റിക്ക് നാൽപ്പത്തിമൂന്നു ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം ഉണ്ടായി എന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല നാളിതുവരെയും മാലിന്യ സംസ്ക്കരണശാല എന്ന സങ്കൽപ്പം മുനിസിപ്പാലിറ്റിയിൽ യാഥാർത്ഥ്യമായിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. |
| | | 100 | സേഫ് മോട്ടോഴ്സുമായുള്ള കരാർ പ്രകാരം 1999 മേയ് 25-ാം തീയതിക്കകം മാലിന്യ സംസ്ക്കരണശാല പ്രവർത്തിച്ച് തുടങ്ങേണ്ടതായിരുന്നു. എന്നാൽ തുടക്കം മുതലുള്ള കരാർ ലംഘനംമൂലം കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാവുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തില്ല എന്നു മാത്രമല്ല കരാറുകാരന്റെ ഓരോ അന്യായമായ ഡിമാന്റും മുനിസിപ്പാലിറ്റി അനുവദിച്ച് കൊടുക്കുകയും അതുവഴി ബാദ്ധ്യത ഉണ്ടാക്കിവയ്ക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തിച്ചത് മാലിന്യ സംസ്ക്കരണം കൃത്യമായി നടത്തുക എന്ന സദുദ്ദേശത്തോടുകൂടിയാണെങ്കിലും അന്യായമായ ഡിമാന്റുകൾ അനുവദിക്കുകവഴി വരുത്തിവച്ച നഷ്ടത്തിനും കരാർ ലംഘനത്തിനെതിരെ കരാറുകാരന്റെ പേരിൽ നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തിയതിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അന്നത്തെ മുനിസിപ്പാലിറ്റി ഭരണാധികാരികൾ ഉത്തരം പറയേണ്ടതാണ് എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. |
| | | 107 | 16,240 രൂപ തിരികെ ഈടാക്കി ആയതുസംബന്ധിച്ച രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുൻപാകെ ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ കേസിൽ ഉൾപ്പെട്ടവരും ഇപ്പോൾ ഗുരുവായൂർ നഗരസഭയിലെ സ്റ്റാന്റിംഗ് കരാർകാരല്ലാത്തവരുമായ കരാറുകാർക്കെതിരെ ആർ. ആർ. നടപടിയിലൂടെ തുക ഈടാക്കണമെന്നും തുക ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഓഡിറ്റ് വകുപ്പ് അതു സംബന്ധിച്ച് സമിതിക്ക് അടിയന്തിര റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 111 | പ്രസ്തുത ഓഡിറ്റ് പരാമാർശവുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനവും കലാകാരന്മാർക്ക് നൽകിയ രസീതുകളുടെ പകർപ്പുകളും മറ്റ് അനുബന്ധ രേഖകളും ഉൾപ്പെടെയുള്ള ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാകണമെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കാമോ എന്നതു സംബന്ധിച്ച് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 116 | കരിയർ ഗൈഡൻസ് സെന്ററിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് വാങ്ങിയ ഫർണീച്ചർ ഇപ്പോഴും മുനിസിപ്പാലിറ്റിയുടെ സ്വത്തായി തുടരുന്നതിനാൽ അത് സ്കൂളിന് രേഖാമൂലം ഹാന്റ് ഓവർ ചെയ്യണമെന്ന് മുനിസിപ്പാലിറ്റിയോടും ടി ഫർണീച്ചർ സ്കൂളിന്റെ അധീനതയിൽ തന്നെയുണ്ടെന്നുമുള്ള വിവരം സ്കൂൾ പ്രിൻസിപ്പലിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി തൃശ്ശൂർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 119 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചെലവിന്റെ രേഖകൾ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 130 | ചാൽക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് കൺവീനർക്ക് മുൻകൂർ നൽകിയ 27,500 രൂപയിൽ പ്രവൃത്തി മൂല്യമായി മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള 24,800 രൂപ കഴിച്ച് ബാക്കി തുകയായ 2,700 രൂപ പലിശ സഹിതം കൺവീനറിൽ നിന്നും ആർ.ആർ. വഴി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 145 | ഓഡിറ്റ് പരാമർശവിഷയം സംബന്ധിച്ചുള്ള മുഴുവൻ രേഖകളും അടങ്ങുന്ന എല്ലാ ഫയലുകളും ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 9,61,942 രൂപയുടെ ബിൽ സമർപ്പിച്ചതിൽ പ്രസ്തുത ചെലവിനത്തിലുള്ള എല്ലാ പണികളും സി.ടി.ഇ. പരിശോധിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തണമെന്നും സി.ടി.ഇ. അനുവദിക്കാത്ത തുകയായ 3,66,218 രൂപ അനുവദനീയമല്ലെങ്കിൽ ആയത് മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായിരുന്ന ശ്രീ. ശ്രീവൽസന്റെ DCRG-യിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 151 | 50% അധിക നിരക്കിൽ ടെണ്ടർ എക്സസ് അനുവദിച്ചതിന് ആധാരമായി ചൂണ്ടിക്കാട്ടിയ 28-10-1995-ലെ ഗവൺമെന്റ് ഉത്തരവ് ഉൾപ്പെടെ പ്രസ്തുത വിഷയം സംബന്ധിച്ച് എല്ലാ രേഖകളും അടങ്ങുന്ന ഫയൽ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആയത് ഓഡിറ്റ് വകപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | | 154 | 12.5%-ന്റെ മുദ്രപ്പത്രം ആവശ്യമുള്ളിടത്ത് 13.87%-ന്റെ മുദ്രപ്പത്രം വാങ്ങിയത് കണക്ക് കൂട്ടിയതിൽ വന്ന അപാകതയായി കണക്കാക്കി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 162 | പ്രസ്തുത പ്രവൃത്തിയോടനുബന്ധിച്ച് വൗച്ചറുകൾ ഉൾപ്പെടെയുള്ള രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജാരാക്കുന്നതിനും ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനും ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 166 | പന്ത്രണ്ട് റോഡ് പ്രവൃത്തികളുടെയും ലീഡ് ആന്റ് ലിഫ്റ്റ് ഇനത്തിൽ ഒഴിവാക്കേണ്ടിയിരുന്ന തുക ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി എന്നതാണ് ഓഡിറ്റ് തടസ്സമെന്നിരിക്കെ മൂന്ന് പ്രവർത്തികളുടെ വിവരം മാത്രം സമിതിയെ അറിയിച്ച നടപടി അംഗീകരിക്കാവുന്നതല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അടങ്ങിയ ഫയലുകൾ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് അടിയന്തിരമായി നൽകണമെന്ന് നഗരസഭ ഡയറക്ടറോട് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം ഫയലുകളുടെ പരിശോധനാടിസ്ഥാന ത്തിൽ ബാദ്ധ്യത നിശ്ചയിച്ച് ഉത്തരവാദികൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 172 | സർക്കാരിൽ നിന്നും ഗ്രാന്റായിട്ടോ അല്ലാതെയോ ലഭിക്കുന്ന തുക ബാങ്കിൽ വെറും സാധാരണ പലിശ നിരക്കിൽ നിക്ഷേപിക്കുകവഴി അത് നിർജ്ജീവ നിക്ഷേപമാക്കി മാറ്റിയതും സർക്കാർ ഉത്തരവ് നൽകിയിട്ടുപോലും പണം ബാങ്കിൽ നിന്നും പിൻവലിച്ച് സർക്കാരിൽ ഒടുക്കാത്തതും നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി മനസ്സിലാക്കുന്നു. |
| | | 179 | സ്പോട്ട് വെരിഫിക്കേഷൻ നടത്തി ട്രാൻസ്ഫോർമറു കളും മറ്റും സ്ഥാപിച്ചിട്ടുണ്ടോ എന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 180 | വൈദ്യുതി ബോർഡ് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രവൃത്തി പൂർത്തിയായാൽ ഉടൻ ബന്ധപ്പെട്ട വകുപ്പിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റ് പരിശോധനാവേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 183 | കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ വിശദീക രണം തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 191 | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തിട്ടപ്പെടുത്തിയിട്ടുള്ള 12,000 രൂപയുടെ നഷ്ടം നാളിതുവരെയുള്ള പലിശസഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് ഗവൺമെന്റിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| | | 192 | 48 സോഡിയം വാതക വിളക്കുകൾ മാത്രം പോസ്റ്റുകളിൽ സ്ഥാപിച്ചിട്ട് 59 എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നും ഒരെണ്ണം സ്റ്റോക്കിൽ ഉണ്ടെന്നും തെറ്റായ റിപ്പോർട്ട് നൽകി വിളക്കുകൾ സപ്ലൈ ചെയ്ത് സ്ഥാപനത്തിന് മുഴുവൻ തുകയും നൽകുവാൻ സഹായിച്ചതിന് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എസ്. അരുൺകുമാറിൽ നിന്നും 11 വിളക്കുകളുടെ വില ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 193 | സോഡിയം വേപ്പർ ലാമ്പുകൾ ഫിറ്റിംഗ്സ് ഉൾപ്പെടെയാണ് ആദ്യം ലേലം വിളിച്ചതെന്നിരിക്കെ വീണ്ടും ഫിറ്റിംഗ്സ് ഉൾപ്പെടെ ലേബർ കോൺട്രാക്ട് ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള ഊർജ്ജ കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ അന്നത്തെ നഗരസഭാ സെക്രട്ടറിയായ ശ്രീ. അലോഷ്യസ് മാത്യു വിയോജന കുറിപ്പ് രേഖപ്പെടുത്തുകയോ അനുബന്ധ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുൻപ് ലേലം വിളിച്ചിട്ടുണ്ടെന്ന് ഊർജ്ജ കമ്മിറ്റിയെ അറിയിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഈയിനത്തിൽ നഗരസഭയ്ക്കുണ്ടായ 12,000 രൂപയുടെ നഷ്ടവും സ്റ്റോക്കിൽ കുറവുവന്ന ഒരു വിളക്കിന്റെയും അനുബന്ധ ഉപകരണത്തിന്റെയും വിലയും അന്നത്തെ നഗരസഭാ സെക്രട്ടറിയായ ശ്രീ. അലോഷ്യസ് മാത്യുവിൽ നിന്നും പലിശസഹിതം ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 196 | സർക്കാർ മറുപടിയിൽ വിവിധ ഇനങ്ങളിലായി കാണിച്ചിട്ടുള്ള തുകയും ആകെ തുകയും പൊരുത്തപ്പെടുന്നതായി കാണുന്നില്ല. ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്നും സമിതി മുമ്പാകെ സമർപ്പിക്കുന്ന രേഖകൾ കുറ്റമറ്റതാകണമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മംഗള അയൽക്കൂട്ടത്തിലെ റസിഡൻഷ്യൽ കമ്മ്യൂണിറ്റി വോളണ്ടിയർ ശ്രീമതി സീനത്തിനെതിരെയുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിജിലൻസിന്റെ അന്വേഷണം തീരുന്നമുറയ്ക്ക് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിനോടൊപ്പം കോടിക്കണക്കിന് തുക കൈകാര്യം ചെയ്യുന്ന സി.ഡി.എസ്. വിഭാഗം രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരിക്കണമെന്നും ഓഡിറ്റിന് ഇവ ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 197 | കൂടാതെ കുടുംബശ്രീ സി.ഡി.എസ്. സ്ഥാപനങ്ങളുടെ കണക്കുകൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകളെ സംബന്ധിച്ച വസ്തുതകളുടെ വിശദവിവരം സമിതിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 204 | K.N. ഫുഡ് യൂണിറ്റ് ഒഴികെയുള്ള യൂണിറ്റുകൾക്ക് തങ്ങളുടേതല്ലാത്ത കാരണങ്ങളാലാണ് പ്രവർത്തനം നിർത്തേണ്ടിവന്നതെന്ന് സമിതി മനസ്സിലാക്കുന്നു. |
| | | 205 | യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കേണ്ടതും യൂണിറ്റ് അംഗങ്ങൾ ചെയ്യുന്ന പ്രവർത്തികൾക്ക് മുൻനിശ്ചയപ്രകാരമുള്ള പ്രതിഫലം നൽകേണ്ടതും CDS ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ആയത് പ്രസ്തുത ഉദ്യോഗസ്ഥർ നിർവ്വഹിച്ചിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ആരംഭിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തരമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണെന്നും യുണിറ്റുകളുടെ പ്രവർത്തനം മന്ദീഭവിക്കുകയോ നിലയ്ക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം സംഭവിക്കാനുള്ള കാരണം കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിച്ച് യൂണിറ്റുകളെ താങ്ങി നിർത്തേണ്ടത് ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ചുമതലയാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. പ്രവർത്തനം അവസാനിപ്പിക്കുകയോ നിലച്ചുപോവുകയോ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്യുന്ന സ്ഥാപനങ്ങൾ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ആർജ്ജിക്കുന്ന ജംഗമസാധനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വത്തായി കണക്കാക്കി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 206 | ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിട്ടുള്ള K.N. ഫുഡ് യൂണിറ്റിൽ ഗ്രൂപ്പ് ലീഡർ നടത്തിയ ധനാപഹരണത്തിനെതിരെ രജിസ്റ്റർ ചെയ്ത കേസിന്റെ പുരോഗതി സമിതിയെ അറിയിക്കണമെന്നും, കുടുംബശ്രീ കമ്പ്യൂട്ടേഴ്സിന് സംസ്ഥാന കുടുംബശ്രീ മിഷൻ നല്കാനുള്ള തുക അടിയന്തിരമായി ലഭ്യമാക്കണമെന്നും, പുല്ലൂറ്റ് വി. കെ. രാജൻ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും ഐ.ടി. @ സ്കൂൾ പദ്ധതി പ്രകാരം കുട്ടികൾക്ക് പരിശീലനം നൽകിയ സ്ഥാപനത്തിന് ലഭിക്കേണ്ടതായ തുക അടിയന്തിരമായും സ്കൂളിൽ നിന്നും ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |